ദീപനാളം
സാത്വികപ്രകാശമേ നയിച്ചാലും
ESTD-1968
കലാസാംസ്കാരിക ദേശീയവാരിക

2020 നവംബർ 19 / ദീപം 53 / നാളം 28 / Published from : PALA / പേജ് 16 / വില 6 രൂപ / www.deepanalam.com



# ഒരുമയ്ക്കായി ഒരു ബൈഡൻ യുഗം



ജോർജ് കള്ളിവയലിൽ

"ഒരുമയുടെ പ്രസിഡന്റ് ആകും." നിയുക്ത അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡൻ അമേരിക്കയ്ക്കും ലോകത്തിനാകെയും പ്രതീക്ഷ നൽകിയാണ് ഈ പ്രസ്താവന നടത്തിയത്. നാടിനെ വിഭജിക്കുന്ന പ്രസിഡന്റ് അല്ല. ഡെമോക്രാറ്റ്, റിപ്പബ്ലിക് (നീല, ചുവപ്പ്) സംസ്ഥാനങ്ങളെന്ന വ്യത്യാസം തനിക്കു മുന്നിലില്ല, അമേരിക്കൻ ഐക്യനാടുകൾ മാത്രമേ മുന്നിലുള്ളൂ എന്നും ബൈഡൻ വ്യക്തമാക്കി. ഡെലവെയറിലെ വിൽമിംഗ്ടണിൽ നിയുക്ത വൈസ് പ്രസിഡന്റ് കമല ഹാരിസിനോടൊപ്പം നടത്തിയ പ്രസംഗത്തിൽ ബൈഡൻ പറഞ്ഞതിൽ എല്ലാമുണ്ട്. അമേരിക്കയുടെ 46-ാമത് പ്രസിഡന്റായി ജോ ബൈഡൻ ജനുവരി 20-ന് അധികാരമേൽക്കും.

ലോകത്തിലെ ഏറ്റവും കരുത്തനായ ഭരണാധികാരിയെന്നതാണ് അമേരിക്കൻ പ്രസിഡന്റിനെ ശ്രദ്ധേയനാക്കുന്നത്. അമേരിക്കയെ പല മേഖലകളിലും വെല്ലുവിളിക്കാൻ ചൈന വളർന്നെങ്കിലും അമേരിക്കയിലെ ഓരോ നയവും നടപടികളും തീരുമാനങ്ങളും ലോകവ്യവസ്ഥിതിയിൽ കാര്യമായ സ്വാധീനം ചെലുത്തുന്നുണ്ട്. ആഗോളസമാധാനത്തിനും സാമ്പത്തിക വളർച്ചയ്ക്കും കാലാവസ്ഥവ്യതിയാനം, ആരോഗ്യം അടക്കമുള്ള പ്രശ്നങ്ങളിലും അമേരിക്കയുടെ സ്വാധീനം നിഷേധിക്കാനാകില്ല.

**വനിതാരത്നമായി കമല**

അമേരിക്കൻ വൈസ് പ്രസിഡന്റ് പദവിയിലെത്തിയ ഇന്ത്യൻ വംശജയായ കമല ഹാരിസിന്റെ തുടക്കവും ശുഭകരമാണ്. "ഈ പദവിയിലെത്തിയ ആദ്യവനിത ആയിരിക്കാം ഞാൻ. പക്ഷേ, ഒരിക്കലും അവസാനത്തെ വനിതയാകില്ല. രാജ്യം സാധ്യതകളുടേതാണെന്ന് ഓരോ പെൺകുട്ടിയും മനസ്സിലാക്കുന്നുണ്ട്. അഭിലാഷങ്ങൾ കൈവിടാതെ സ്വപ്നം കാണുക. ദൃഢവിശ്വാസത്തോടെ നയിക്കുക. വേറിട്ട വ്യക്തിയാകുക"- കമലയുടെ ഈ വാക്കുകൾ ലോകത്തെവിടെയുമുള്ള പെൺകുട്ടികൾക്കുള്ള സന്ദേശമാണ്.

യുഎസിലെ ആദ്യ വനിതാ വൈസ് പ്രസിഡന്റാകുമ്പോൾ താൻ ഓർമിക്കുന്നത് അമ്മ ശ്യാമള ഗോപാലനെയാണെന്ന് അഭിമാനത്തോടെ കമല ഓർക്കുന്നു. പത്തൊമ്പതാം വയസിൽ ഇന്ത്യ വിട്ട് അമേരിക്കയിലെത്തിയപ്പോൾ ഇത്തരമൊരു നിമിഷം ഉണ്ടാകുമെന്ന് അമ്മ ഒരിക്കലും വിചാരിച്ചിട്ടുണ്ടാകില്ല. പക്ഷേ, ഇതുപോലെയൊരു നിമിഷം സാധ്യമാകുന്ന അമേരിക്കയിൽ അമ്മയ്ക്ക് ഉറച്ച വിശ്വാസമുണ്ടായിരുന്നു. അമ്മയെ അതിനാലാണ് ഇപ്പോൾ ഓർമിക്കുന്നത്. ഈ നിമിഷത്തിനായി വഴിയൊരുക്കിയ എല്ലാ സ്ത്രീകളുടെയും ചുമലുകളാണു തന്നെ താങ്ങുതെന്നു കൂടി കമല ഹാരിസ് പറഞ്ഞു.

**പ്രതീക്ഷയോടെ ലോകം**

ബൈഡൻ-കമല ഹാരിസ് ഭരണകൂടത്തെ വലിയ പ്രതീക്ഷകളോടെയാണു ലോകവും ഇന്ത്യയും ഉറ്റുനോക്കുന്നത്. ജനാധിപത്യത്തിന്റെ വിജയംകൂടിയാണ് അമേരിക്കൻ പ്രസിഡന്റുതിരഞ്ഞെടുപ്പിൽ കണ്ടത്. ജനാധിപത്യം, സ്വാതന്ത്ര്യം, സത്യസന്ധത, മാന്യത, പരസ്പരബഹുമാനം, ബഹുസ്വരത തുടങ്ങിയവയുടെ വിജയം കൂടിയായാണ് ഡൊണാൾഡ് ട്രംപിന്റെ തോൽവിയും ബൈഡന്റെ ജയവും പലരും വിലയിരുത്തുന്നത്. എന്നാൽ, ഭ്രൂണഹത്യ അടക്കമുള്ള വിഷയങ്ങളിൽ മനുഷ്യജീവന്റെ മാഹാത്മ്യം അംഗീകരിക്കാൻ ബൈഡൻ-കമല സർക്കാരിനു കഴിയേണ്ടതുണ്ട്.

ഏകാധിപത്യത്തിന്റെ പാതയിലേക്കു തന്ത്രപൂർവം വഴിമാറാൻ ശ്രമിക്കുന്ന ഭരണാധികാരികൾക്കുള്ള തിരിച്ചടി കൂടിയാകും അമേരിക്കയിലെ ജനവിധി. ഒരിക്കൽ, ഭരണത്തിലെത്തിയാൽ എല്ലാവരുടെയും ഭരണാധികാരിയാകുക എന്ന വലിയ സന്ദേശമാണ് ജോ ബൈഡൻ നൽകിയത്. ഭരണത്തിലേറാൻ പിന്തുണച്ചവരുടെ മാത്രം അജൻഡകൾ ഏകപക്ഷീയമായി നടപ്പാക്കുന്ന എല്ലാ അധികാരമോഹികളും അമേരിക്കയിലെ ഈ ജനവിധിയിൽ നിന്നു പലതും പഠിക്കേണ്ടതുണ്ട്.

വാശിയേറിയ തിരഞ്ഞെടുപ്പായാലും ജയിച്ചുകഴിഞ്ഞാൽ രാജ്യത്തിന്റെ ഭരണത്തലവൻ എല്ലാവരുടെയും പ്രസിഡന്റോ പ്രധാനമന്ത്രിയോ ആകേണ്ടതുണ്ട്. ഭരണഘടന ഉറപ്പുനൽകുന്ന സ്വാതന്ത്ര്യം, തുല്യാവസരം, തുല്യനീതി, ക്ഷേമപദ്ധതികൾ തുടങ്ങിയവയെല്ലാം മുഴുവൻ പൗരന്മാർക്കും ഒരേപോലെ ലക്ഷ്യമാക്കുകയെന്നതു പ്രധാനമാണ്. ബഹുസ്വരതയിലും നീതിനിർവഹണത്തിലും ചായ്‌വുകളോ വീഴ്ചകളോ പാടില്ല. ലോകത്തെ ഏറ്റവും വലുതും സജീവവുമായ രണ്ടു ജനാധിപത്യരാജ്യങ്ങളായ ഇന്ത്യയ്ക്കും അമേരിക്കയ്ക്കും ഇക്കാര്യത്തിൽ വ്യത്യാസങ്ങളുണ്ടാകരുത്.

**പ്രത്യാശയോടെ ഇന്ത്യ**

കൂടുതൽ പ്രഫഷണലുകൾക്ക് അമേരിക്കയിൽ എച്ച് 1 ബി വീസയിലെ ഇളവുകളും ഗ്രീൻ കാർഡ് ലഭിക്കാനുള്ള നടപടികളും പതിനായിരക്കണക്കിന് ഇന്ത്യക്കാർക്ക് പ്രത്യാശയേകുന്നതാണ്. വീസ, കുടിയേറ്റനിയമങ്ങളിൽ ട്രംപിനുണ്ടായിരുന്ന കാർക്കശ്യം കുറയുകയെന്നതു ചെറിയ കാര്യമല്ല. ഇന്ത്യ-യുഎസ് വ്യാപാര, പ്രതിരോധബന്ധങ്ങളും കൂടുതൽ ശക്തമാകുമെന്നാണു പ്രതീക്ഷ.

അഞ്ചു ലക്ഷം പ്രവാസി ഇന്ത്യക്കാർക്ക് അമേരിക്കൻ പൗരത്വം നൽകാനുള്ള പദ്ധതി നിയുക്തപ്രസിഡന്റിന്റെ നയരേഖയിലുണ്ട്. ഇന്ത്യയിൽനിന്നടക്കം രേഖകളില്ലാതെ അമേരിക്കയിലെത്തിയ 110 ലക്ഷം കുടിയേറ്റക്കാർക്ക് പൗരത്വം നൽകാൻ നിയമഭേദഗതി കൊണ്ടുവരുമെന്നാണു കരുതുന്നത്.


ബൈഡൻ-കമല ഭരണത്തിൽ ഇന്ത്യക്കാരുടെ അതിവിദഗ്ദ്ധതൊഴിലിനുള്ള എച്ച് 1 ബി വീസകളുടെ എണ്ണത്തിലും കാര്യമായ വർധനയുണ്ടായേക്കും. അതിലേറെ എച്ച് 1 ബി വീസക്കാരുടെ ജീവിതപങ്കാളിക്കു തൊഴിൽ വീസ നിഷേധിക്കുന്ന ട്രംപിന്റെ നിയമം പിൻവലിക്കുമെന്നതാണു വലിയ പ്രതീക്ഷ.

▶ 2

## വായന

### MARGINALIA
TEXT and THOUGHTS

ഗ്രന്ഥകർത്താവ് : ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്
പ്രസാധനം : OIRSI വടവാതൂർ, കോട്ടയം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 250 രൂപ




വിവിധ വിഷയങ്ങളെ അധികരിച്ച് തയ്യാറാക്കിയ ചിന്തോദ്ദീപകമായ ലേഖനങ്ങളുടെ സമാഹാരം. ഇന്ത്യൻ ഭരണഘടന, സെക്കുലറിസം, ഉന്നതവിദ്യാഭ്യാസം, നവീന വിദ്യാഭ്യാസനയം, ന്യൂനപക്ഷാവകാശം, സഭയ്ക്കുള്ള സ്വത്തവകാശം, പ്രാദേശികഭാഷകളുടെ പ്രാധാന്യം തുടങ്ങി നിരവധി സമകാലികവിഷയങ്ങൾ പുസ്തകം ചർച്ച ചെയ്യുന്നു.

### രണ്ട് മിസ്റ്റിക് കവികൾ

ഗ്രന്ഥകർത്താവ് : ഫാ. ജസ്റ്റിൻ അവണൂപറമ്പിൽ ഒസിഡി
പ്രസാധനം : ജീവൻ ബുക്സ്, ഭരണങ്ങാനം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 170 രൂപ




മഹാകവി രവീന്ദ്രനാഥടാഗോറിന്റെയും വിശുദ്ധ യോഹന്നാൻ ക്രൂസിന്റെയും രചനകളിലെ പ്രതീകങ്ങളിലൂടെ അവരുടെ മിസ്റ്റിക് അനുഭവങ്ങളുടെ ഒരു താരതമ്യപഠനം നടത്തുകയാണ് ഗ്രന്ഥകാരൻ. പാശ്ചാത്യ-പൗരസ്ത്യചിന്താധാരകളുടെ മധ്യേ ജീവിച്ച ഇരുവരുടെയും കവിതകളിലെ ആദ്ധ്യാത്മികദർശനങ്ങളിൽ നിലനില്ക്കുന്ന സമാനതകളെ പഠനവിഷയമാക്കുക വഴി സഹൃദയരിൽ പുതിയ വെളിച്ചമായിത്തീരുന്നു കൃതി.

### വചനപരിമളം കുടുംബാരാമത്തിൽ


ഗ്രന്ഥകർത്രി : സിസ്റ്റർ അൻസിന എഫ്.സി.സി.
പ്രസാധനം : പ്രൊവിൻഷ്യൽ സുപ്പീരിയർ, ഭരണങ്ങാനം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 70 രൂപ




പരിശുദ്ധ ബൈബിളിൽനിന്നു തിരഞ്ഞെടുത്ത അർത്ഥസമ്പുഷ്ടവും അനുഗ്രഹസമ്പന്നവുമായ തിരുവചനങ്ങളുടെ സമ്മോഹനസമാഹാരം. ഉത്തമകുടുംബജീവിതമാഗ്രഹിക്കുന്നവർക്ക് സഹായവും ആശ്വാസവുമാകുന്ന കൃതി.

### കണ്ണീരൊപ്പുന്ന ദൈവം

ഗ്രന്ഥകർത്താവ് : ഫാ. മാത്യു പുതിയിടത്ത്
പ്രസാധനം : അഡാർട്ട് പാലാ,
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 120 രൂപ




വചനവ്യാഖ്യാനത്തിലൂടെയും ചിന്തോദ്ദീപകമായ കഥകളിലൂടെയും ദൈവസ്നേഹത്തിന്റെ അപാരതയെ വെളിവാക്കുകയാണു ഗ്രന്ഥകാരൻ. വായനക്കാരുടെ ഹൃദയത്തിൽ അമൃതം നിറയ്ക്കുന്ന കൃതി.

# ഒരുമയ്ക്കായി ഒരു ബൈഡൻയുഗം

1-ാം പേജ് തുടർച്ച

തൊഴിലും വിദ്യാഭ്യാസവുംതേടി അമേരിക്കയിലേക്കു കടക്കാൻ ആഗ്രഹിക്കുന്ന ഇന്ത്യയിലെ യുവതയ്ക്കും അമേരിക്കയിലെ ഇന്ത്യൻ വംശജർക്കും ഒരുപോലെ പ്രതീക്ഷകളും ചില്ലറ ആശങ്കകളും നിറഞ്ഞതാകും ബൈഡന്റെ ഭരണകാലം.

**മോടി കുറച്ച ചങ്ങാത്തം**

ബറാക് ഒബാമ അമേരിക്കൻ പ്രസിഡന്റായിരുന്ന കാലത്ത് വൈസ് പ്രസിഡന്റായിരുന്ന ബൈഡന് ഇന്ത്യയുമായി നല്ല ബന്ധമുണ്ട്. ഉത്തരവാദിത്വമുള്ള ആഗോള നേതാവെന്ന നിലയിൽ ചെറിയ കാര്യങ്ങളുടെ പേരിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയോട് വിരുദ്ധനിലപാട് സ്വീകരിക്കാൻ സാധ്യതയില്ല.

അമേരിക്കയിലെ ഹൂസ്റ്റണിൽ നടത്തിയ ഹൗഡി മോദി പരിപാടിക്കെത്തിയ ഡൊണാൾഡ് ട്രംപിനുവേണ്ടി ജനക്കൂട്ടത്തെക്കൊണ്ട് 'അബ്കി ബാർ ട്രംപ് സർക്കാർ' (ഇത്തവണ ട്രംപ് സർക്കാർ) എന്ന മുദ്രാവാക്യം വിളിപ്പിച്ചതാണ് മോദിക്കും ഇന്ത്യയ്ക്കും തിരിച്ചടിയായത്. മറ്റൊരു രാഷ്ട്രത്തിന്റെ ആഭ്യന്തര രാഷ്ട്രീയത്തിൽ ഇടപെടില്ലെന്ന നയതന്ത്ര മര്യാദയുടെ ലംഘനംകൂടിയായിരുന്നു ടെക്സസിലെ ട്രംപിനുവേണ്ടിയുള്ള മോദിയുടെ തിരഞ്ഞെടുപ്പുപ്രചാരണം.

അമേരിക്കൻ തിരഞ്ഞെടുപ്പിനു കളം ചൂടാകുന്നതിനിടെ ട്രംപിനെ ഗുജറാത്തിൽ ക്ഷണിച്ചുകൊണ്ടുവന്നു നൽകിയ വൻസ്വീകരണത്തിലും രാഷ്ട്രീയപക്ഷപാതം പ്രകടമായിരുന്നു. ഹിന്ദുത്വദേശീയവാദത്തിനു കമല ഹാരിസ് എതിരാണെന്നു പറഞ്ഞ് അമേരിക്കയിലെ ബിജെപി അനുകൂലികൾ അവർക്കെതിരേ പരസ്യമായ പ്രചാരണം നടത്തിയതും രക്ഷപ്പെട്ടില്ല.

**അമേരിക്കൻ സൗഹൃദം മുഖ്യം**

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെമേൽ ട്രംപിനെക്കാളേറെ സ്വാധീനവും സമ്മർദ്ദവും ചെലുത്താൻ ബൈഡൻ മടിച്ചേക്കില്ല. മോദിയുടെ എല്ലാ നയങ്ങളോടും പ്രത്യേകിച്ച് ആർഎസ്എസിന്റെ തീവ്രഹിന്ദുത്വ അജൻഡകളെയെല്ലാം ബൈഡൻ സർക്കാർ കണ്ണടച്ച് ഇരുട്ടാക്കില്ല. ജമ്മു കാഷ്മീരിന്റെ പ്രത്യേകാവകാശമായ അനുച്ഛേദം 370 റദ്ദാക്കിയതും പൗരത്വഭേദഗതിനിയമവും എല്ലാം പുതിയ അമേരിക്കൻ സർക്കാരിന് ദഹിക്കാനിടയില്ല.

ആണവസഹകരണം അടക്കമുള്ള തന്ത്രപ്രധാന കാര്യങ്ങളിൽ അമേരിക്കയുമായി കൈകോർക്കാനും ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്താനും ആഗ്രഹിക്കുന്ന മോദിസർക്കാരിന് ബൈഡന്റെ സമ്മർദ്ദങ്ങളെ പാടേ അവഗണിക്കാനാകില്ല. പ്രത്യേകിച്ച് ചൈനയുമായുള്ള ഇന്ത്യയുടെ ബന്ധം വഷളായിരിക്കുകയും ചൈനയുടെയും പാക്കിസ്ഥാന്റെയും ഭാഗത്തുനിന്നു കൂടുതൽ പ്രകോപനങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തേക്കാവുന്ന സ്ഥിതിയിൽ.

ഇന്ത്യയുടെ സുരക്ഷയ്ക്കുമേൽ ചൈനയും പാക്കിസ്ഥാനും ഉയർത്തുന്ന വെല്ലുവിളികളെ തരണം ചെയ്യാൻ അമേരിക്കയിലെ ബൈഡൻ-കമല ഭരണകൂടത്തിന്റെ സഹായവും സഹകരണവും അനിവാര്യമാകും. അമേരിക്കയുടെ വ്യാപാര, വാണിജ്യതാത്പര്യങ്ങൾക്കു മുന്നിലും ഇന്ത്യയുടെ താത്പര്യങ്ങൾ അടിയറ വയ്ക്കാതെ എത്രമാത്രം വിജയം നേടാൻ മോദിക്കും ഇന്ത്യയ്ക്കും കഴിയുമെന്നതാകും വലിയ ചോദ്യം.

□

## ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

# മതേതരത്വം

സെക്യുലർ (Secular) എന്ന ഇംഗ്ലീഷ് വാക്കിന്റെ പരിഭാഷയായി മലയാളത്തിൽ മതേതരം എന്നുപയോഗിക്കുന്നു. മതേതരം എന്ന പദം പ്രചാരത്തിലായിട്ട് അരനൂറ്റാണ്ടിലധികമായിട്ടില്ല. ഏറെ ദുർവ്യാഖ്യാനം ചെയ്യപ്പെട്ടിട്ടുള്ള ഈ പദത്തിന്റെ നിരുക്തിയും പൊരുളും അന്വേഷിക്കേണ്ടിയിരിക്കുന്നു.

മത+ഇതരം സന്ധി ചെയ്താൽ മതേതരം (അ+ഇ=ഏ) എന്നാകും; സംസ്കൃതപ്രത്യയമായ 'ത്വം' ചേർത്താൽ മതേതരത്വം എന്നും. "സംഹിതയിൽ അ, ആ എന്നിവയ്ക്കുശേഷം സ്വരം വന്നാൽ പൂർവ്വപരങ്ങൾക്ക് ഗുണം ഏകാദേശമായ് വരും. പൂർവ്വപരങ്ങൾ രണ്ടും പോയി തൽസ്ഥാനത്ത് ഒരു വർണ്ണം വരുന്നത് ഏകാദേശം. അ, ഏ, ഓ എന്നീ സ്വരങ്ങൾക്ക് ഗുണം എന്നു പേര്" * അങ്ങനെ മത+ഇതരം=മതേതരം എന്നാകുന്നു. ഗണ+ഈശൻ=ഗണേശൻ, ഉപ+ഇന്ദ്രൻ=ഉപേന്ദ്രൻ, ദേവ+ ഇന്ദ്രൻ=ദേവേന്ദ്രൻ എന്നിങ്ങനെ മറ്റുദാഹരണങ്ങൾ.

മതേതരം എന്ന ശബ്ദത്തിന് മതബദ്ധമല്ലാത്ത, ഒരു മതവുമായി ബന്ധപ്പെടാത്ത തുടങ്ങിയ അർത്ഥങ്ങളാണ് നിഘണ്ടുക്കൾ നൽകിയിരിക്കുന്നത്. 'അതിന്റെ ഭാവം' എന്നർത്ഥം വരുന്ന 'ത്വം' ചേരുമ്പോൾ രൂപം മതേതരത്വം (മത+ഇതര+ത്വം) എന്നാകുന്നു. മതേതരത്വത്തിനു പകരം മതനിരപേക്ഷം എന്നു മാത്രമേയാകാവൂ എന്ന്, കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ്. നമ്പൂതിരിപ്പാട് നിഷ്കർഷിച്ചിരുന്നതായി കേട്ടിട്ടുണ്ട്. മതനിരപേക്ഷയ്ക്ക് മതം ഏതെന്നു കണക്കാക്കാതെ എല്ലാ പൗരന്മാർക്കും തുല്യമായ പരിഗണന നൽകുന്ന നയം എന്നാണർത്ഥം. അതല്ലല്ലോ യഥാർത്ഥത്തിൽ മതേതരത്വം.

മതേതരരാഷ്ട്രത്തെ ഡോ. എം.എൻ. കാരശ്ശേരി ഇങ്ങനെ നോക്കിക്കാണുന്നു: "അത് മതാധിഷ്ഠിതമല്ല, മതാതീതമല്ല, മതവിരുദ്ധമല്ല. അത് സ്വന്തമെന്ന് ഒരു മതത്തെയും കണക്കാക്കാത്തതിനാൽ മതാധിഷ്ഠിതമല്ല; അത് ദേശസംസ്കാരത്തിന്റെ ഭാഗമായ വിവിധ മതപാരമ്പര്യങ്ങളെ ആദരിക്കുന്നതിനാൽ മതാതീതമല്ല; അത് ഏതു മതം വിശ്വസിക്കാനും ഒരു മതത്തിലും വിശ്വസിക്കാതിരിക്കാനും പൗരന്മാർക്കു സ്വാതന്ത്ര്യം നൽകുന്നതിനാൽ മതവിരുദ്ധവുമല്ല... പൗരാവകാശം, വ്യക്തിസ്വാതന്ത്ര്യം, യുക്തിചിന്ത മുതലായ ജനാധിപത്യ മൂല്യങ്ങളോടു നിരന്നുപോകുന്ന വിധം മതാനുഷ്ഠാനങ്ങളും ജാത്യാചാരങ്ങളും പരിഷ്കരിച്ചു മുന്നോട്ടുപോകുന്ന ഏർപ്പാടാണ് മതേതരരാഷ്ട്രം" **

* രാമചന്ദ്രപൈ, കെ.വി.; പ്രഫ, വ്യാകരണപഠനങ്ങൾ, ലില്ലി പബ്ലിഷിങ് ഹൗസ്, ചങ്ങനാശേരി, 2009 പുറം:71

** കാരശ്ശേരി, എം.എൻ, മൊഴിയും വഴിയും, മാതൃഭൂമി ദിനപത്രം, 2020 ജനുവരി 29 ബുധൻ.



പി.സി. സിറിയക്




# ജാതിസംവരണത്തിനു ജാതകം കുറിക്കുന്നവർ

രണ്ടു നൂറ്റാണ്ടുകാലം ഇന്ത്യ ഭരിച്ചിരുന്ന ബ്രിട്ടീഷുകാർ നമ്മെ വിഭജിച്ച്, തമ്മിലടിപ്പിച്ച് ഭരണം നടത്തി. പ്രധാന സമൂഹങ്ങളായ ഹിന്ദുക്കളെയും മുസ്ലീംകളെയും തമ്മിലകറ്റുന്ന നയത്തിന് നിയമപ്രാബല്യം ലഭിച്ചത് 1909 ലെ മിന്റോ–മോർലി ഭരണപരിഷ്കാരത്തിലൂടെയായിരുന്നു. അന്നു നിയമസഭാ കൗൺസിലുകളിലേക്ക് മുസ്ലീം സാമാജികരെ തിരഞ്ഞെടുക്കാൻ മുസ്ലീംകൾക്കു മാത്രം വോട്ടവകാശം നൽകുന്ന നിയമം നടപ്പിലാക്കി. 1919 ൽ തുടങ്ങിയ ഖിലാഫത്ത് പ്രക്ഷോഭണമാണു മുസ്ലീംമതവികാരം ഏകീകരിപ്പിച്ചെടുക്കാൻ സഹായിച്ച മറ്റൊരു ഘടകം. ഈ വികാരം ഘനീഭവിച്ചപ്പോൾ ഉയർന്നുവന്ന ഡിമാന്റാണ് മുസ്ലീംകൾക്ക് അവരുടെ സ്വന്തം രാജ്യം, പാക്കിസ്ഥാൻ വേണം എന്നത്.

രാജ്യത്തിന്റെ വിഭജനം ഒഴിവാക്കിക്കൊണ്ട് സ്വാതന്ത്ര്യം നേടാൻവേണ്ടി ഗാന്ധിജിയും നെഹ്റുവും പട്ടേലും കോൺഗ്രസ് പാർട്ടിയും അവസാനം വരെ ശ്രമിച്ചെങ്കിലും രാജ്യം വിഭജിക്കണം എന്ന ബ്രിട്ടീഷുകാരുടെ മനോഗതമറിഞ്ഞ് ജിന്ന തന്റെ കടുംപിടിത്തം അവസാനം വരെ തുടരുകയായിരുന്നു. അന്നു ഹിന്ദു മഹാസഭ ശക്തമായി വാദിച്ചു, പാക്കിസ്ഥാൻ ഒരു ഇസ്ലാമിക രാഷ്ട്രമാണെങ്കിൽ, ഹിന്ദുസ്ഥാൻ എന്ന ഇന്ത്യ, ഒരു ഹിന്ദുരാഷ്ട്രമായി വേണം രൂപീകരിക്കാൻ എന്ന്. പക്ഷേ, ഗാന്ധിജിയും കോൺഗ്രസും മതേതരനിലപാടിൽ ഉറച്ചുനിന്നതുകൊണ്ട് അതു സംഭവിച്ചില്ല. നമ്മുടെ ഭരണഘടയുടെ മുഖവുരയിൽ 'മതേതര' റിപ്പബ്ലിക് എന്ന വാക്കു ചേർത്തത് 1976 ലാണെങ്കിലും ആദ്യംമുതലേ ഭരണഘടനാവ്യവസ്ഥകൾ വ്യക്തമായിരുന്നു. മൗലികാവകാശങ്ങളുടെ കൂട്ടത്തിൽ ഓരോ പൗരനും ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും, അതനുസരിച്ചു ജീവിക്കാനും തന്റെ മതം പ്രചരിപ്പിക്കാനുമുള്ള അവകാശം രേഖപ്പെടുത്തിയിട്ടുണ്ട്. മതത്തിന്റെ പേരിൽ ഒരു പൗരനും വിവേചനം അനുഭവിക്കാൻ ഇടയാകരുത് എന്നതു മറ്റൊരു വ്യവസ്ഥ. നമ്മുടെ ഭരണഘടന എല്ലാ മതങ്ങളെയും ഒരുപോലെ ബഹുമാനിക്കുന്നു. ഒരു മതത്തിനും എതിരല്ല അത്.

അതേസമയം ഭരണഘടനയുടെ 15 ഉം 16 ഉം വകുപ്പുകളനുസരിച്ച് സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് ഉദ്യോഗത്തിനും വിദ്യാഭ്യാസസ്ഥാപനങ്ങളിലെ പ്രവേശനത്തിനുമായി ഒരു നിശ്ചിതശതമാനം സംവരണം അനുവദിക്കാൻ സർക്കാരിന് അവസരം നൽകുന്നു. ഭരണഘടനയുടെ 46–ാം വകുപ്പ്, പട്ടികജാതി, പട്ടികവർഗ്ഗവിഭാഗങ്ങളുടെ സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പുരോഗതിക്കായി നടപടിയെടുക്കണമെന്നും അവരെ അനീതി, ചൂഷണം മുതലായവയിൽനിന്നു സംരക്ഷിക്കണമെന്നും ആവശ്യപ്പെടുന്നു. ഈ നിർദ്ദേശങ്ങളെല്ലാം കണക്കിലെടുത്ത് തലമുറകളായി അവഗണനയ്ക്കും ചൂഷണത്തിനും വിധേയരായിക്കഴിഞ്ഞ പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് നിയമസഭകളിലും ഉദ്യോഗങ്ങളിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലും ഇരുപത്തിരണ്ടര ശതമാനം സ്ഥാനങ്ങൾ സംവരണം ചെയ്യാൻ തീരുമാനിച്ചു. അന്ന് പത്തു കൊല്ലക്കാലത്തേക്കു മാത്രം എന്നു വ്യവസ്ഥ ചെയ്തിരുന്ന ഈ സംവരണം ഓരോ പത്തുകൊല്ലം അവസാനിക്കുമ്പോഴും ഭരണഘടനാഭേദഗതി ബില്ലുകൾ പാസാക്കി ഇപ്പോൾ 2030 വരെ നീട്ടിയിട്ടുണ്ട്.

1950 മുതൽ തന്നെ തെക്കേയിന്ത്യൻ സംസ്ഥാനങ്ങളിൽ സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്തള്ളപ്പെട്ട സമൂഹങ്ങൾ എന്ന നിലയിൽ പിന്നാക്ക സമുദായങ്ങളായി പ്രഖ്യാപിക്കപ്പെട്ട വിഭാഗങ്ങൾക്ക് 27 ശതമാനം സംവരണം അനുവദിച്ചിരുന്നു. 1951 ൽ ഇന്ത്യൻ ഭരണഘടനയുടെ ഒന്നാം ഭേദഗതി വന്നതോടെ പട്ടികജാതിക്കാരല്ലാത്ത പിന്നാക്കസമുദായങ്ങൾക്ക് ഉദ്യോഗങ്ങളിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലെ പ്രവേശനത്തിനും അനുവദിച്ച സംവരണം നിയമവിധേയമായിത്തീർന്നു. കേരളത്തിൽ ഈഴവർ, മുസ്ലീംകൾ, ലത്തീൻ കത്തോലിക്കർ തുടങ്ങിയവർക്ക് ഈ സൗകര്യം അന്നുമുതൽ ലഭ്യമാണ്. കേന്ദ്രത്തിലും വടക്കേയിന്ത്യൻ സംസ്ഥാനങ്ങളിലും പിന്നാക്കസമുദായങ്ങൾക്ക് (ഒബിസി)റിസർവേഷൻ സൗകര്യം ലഭിച്ചത് 1990 ൽ തന്ത്രശാലിയായ വി.പി. സിങ് പ്രധാനമന്ത്രിയായിരുന്ന കാലത്ത്, മണ്ഡൽ കമ്മീഷൻ ശിപാർശകൾ നടപ്പിലാക്കിയപ്പോഴായിരുന്നു. റിസർവേഷന് ജാതി ഒരു അടിസ്ഥാനഘടകമാകാൻ പാടില്ലെന്നും, സാമൂഹികവും വിദ്യാഭ്യാസപരവുമായ പിന്നാക്കാവസ്ഥ മാത്രമാണ് പരിശോധിക്കേണ്ടതെന്നും വ്യവസ്ഥകളുണ്ടെങ്കിലും ജാതിയടിസ്ഥാനത്തിലാണ് നമ്മുടെ സംവരണനയം പ്രാവർത്തികമാക്കിയിരിക്കുന്നത്. അപ്പോൾ ജാതിവ്യത്യാസം ഒഴിവാക്കി സമത്വസമധർമ്മസമൂഹം ഉരുവാക്കാനായി എടുത്ത നടപടി, ജാതിവ്യത്യാസത്തെയും വർഗ്ഗീയതയെയും അരക്കിട്ടുറപ്പിക്കുന്ന സ്ഥിതിയാണ് ഇന്നുണ്ടാക്കിയിരിക്കുന്നത്. ഇതിനിടയ്ക്ക് ഭരണഘടനയുടെ 93–ാം ഭേദഗതിയിലൂടെ 2006 ൽ സ്വകാര്യവിദ്യാഭ്യാസസ്ഥാപനങ്ങളിലും പട്ടികജാതി, പിന്നാക്കസമുദായവിദ്യാർത്ഥികൾക്ക് സംവരണം നൽകിയതും ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിൽ!

ഇങ്ങനെ 70 വർഷമായി തുടരുന്ന സംവരണസമ്പ്രദായത്തിന്റെ പ്രവർത്തനഫലമായി കേരളം പോലുള്ള ഒരു സംസ്ഥാനത്ത് സംവരണം ലഭ്യമായ ജാതികളിലും മതത്തിലുമുള്ളവരുടെ പിന്നാക്കാവസ്ഥ മാറിയാലും ഇല്ലെങ്കിലും സംവരണം എന്നും സംരക്ഷിക്കപ്പെടേണ്ട ഒരു സ്ഥാപിതതാത്പര്യമാണ് എന്ന ബോധ്യം അവരിൽ ഉറച്ചിരിക്കുന്നു.

ഗുജറാത്തിലെ പുരോഗതി പ്രാപിച്ചിട്ടുള്ള പട്ടേൽജാതിക്കാരും രാജസ്ഥാനിലെ ഗുജ്ജർ വിഭാഗവുമെല്ലാം തങ്ങളെയും പിന്നാക്കസമുദായങ്ങളാക്കണം എന്നു വാദമുയർത്തി സമരം നടത്തുന്നതും ഈ സന്ദർഭത്തിൽ നാമോർക്കണം.

കേരളത്തിലാണെങ്കിൽ സംവരണപ്രശ്നം നേരത്തെതന്നെ ഉണ്ടാക്കിയിരുന്ന ജാതി, മത സ്പർദ്ധയും വർഗ്ഗീയചേരിതിരിവും രൂക്ഷമാക്കി ശക്തിയാർജ്ജിക്കാനാണ് ബിജെപിയുടെ ശ്രമം. കോൺഗ്രസും സിപിഎമ്മും മുസ്ലീംലീഗുമാണല്ലോ കേരളത്തിലെ മറ്റു പ്രധാന കക്ഷികൾ. ഈ പാർട്ടികൾ മൂന്നും തങ്ങളുടെ താൽക്കാലികനേട്ടം മാത്രം കരുതിയുള്ള നയങ്ങളിലൂടെ ബിജെപിയുടെ ലക്ഷ്യം നേടാൻ അവരെ സഹായിക്കുന്നു.

2016 ലെ തിരഞ്ഞെടുപ്പുവിജയം കേരളത്തിൽ മികച്ച ഭരണം നടത്തി ചരിത്രത്തിൽ ഇടംപിടിക്കാൻ സിപിഎമ്മിനും പിണറായി വിജയനും സുവർണാവസരമാണ് നൽകിയത്. പ്രത്യയശാസ്ത്രപരമായ കടുംപിടിത്തങ്ങൾ ഉപേക്ഷിച്ച് കേരളത്തിന്റെ വികസനത്തിനായി ദീർഘവീക്ഷണത്തോടെ പദ്ധതികൾ നടപ്പാക്കി, കേരളത്തിന്റെ 'ഡെങ് സിയാവോപിങ്' എന്നു പേരെടുക്കാനുള്ള അവസരം മുഖ്യമന്ത്രി പിണറായി നഷ്ടപ്പെടുത്തിക്കഴിഞ്ഞു. പക്ഷേ, ഇവിടെ സുതാര്യമായ തീരുമാനങ്ങളെടുക്കുന്നതിനു പകരം, സ്ഥാപിതതാത്പര്യക്കാരായ കൺസൾട്ടന്റുമാരുടെയും ഉപദേശകവൃന്ദത്തിന്റെയും വലയിൽപ്പെട്ട് വിവാദപദ്ധതികളിലൂടെ വഴിതെറ്റി ഉഴലുകയാണ് നമ്മുടെ മുഖ്യമന്ത്രി!

അതിനിടയ്ക്ക് സ്വർണ്ണക്കടത്തലിലും മയക്കുമരുന്നു ബിസിനസിലും പാർട്ടിക്കാരുടെ പങ്കിനെപ്പറ്റിയുള്ള വിവാദം; പിഎസ്സിയെ നോക്കുകുത്തിയാക്കി പുറംവാതിലിലൂടെ നടത്തുന്ന താത്കാലിക നിയമനങ്ങൾ; തിരഞ്ഞെടുപ്പിനു മുമ്പ് അവരെയെല്ലാം സർക്കാരിൽ സ്ഥിരപ്പെടുത്താനുള്ള നീക്കം, ഈ പ്രശ്നങ്ങളുണ്ടാക്കുന്ന കുരുക്കിൽ ഭരണത്തുടർച്ച ലഭിക്കാൻ വേണ്ടിയുള്ള പുതിയ ബാന്ധവങ്ങൾ. ഒരു വശത്ത് കേരളാ കോൺഗ്രസ് ജോസ് വിഭാഗത്തെ ചേർക്കുന്നു. മറ്റൊരു വശത്ത് ഭൂരിപക്ഷ വർഗ്ഗീയതയുടെ ചീട്ടിറക്കി കളിക്കുന്നു. കേരളാ കോൺഗ്രസ് ജോസ് വിഭാഗം പുറത്തായതോടെ യുഡിഎഫ്, ലീഗിന്റെ നിയന്ത്രണത്തിലായി എന്നു പ്രചരണം. ഒരുപക്ഷേ കോൺഗ്രസിനു ലഭിക്കാമായിരുന്ന ചില ഹിന്ദുവോട്ടുകൾ നേടിയെടുക്കാനായേക്കാം. പക്ഷേ, കോൺഗ്രസിനു നഷ്ടപ്പെടുന്ന ഹിന്ദു വോട്ടുകളിൽ ഭൂരിപക്ഷവും ചെന്നുചേർന്ന് ബിജെപി ശക്തമാകുന്നത് സിപിഎമ്മിന്റെ ദീർഘകാല താത്പര്യത്തിനു ചേർന്നതാണോ?

കോൺഗ്രസാണെങ്കിൽ മുസ്ലീംലീഗിനോട് അതിരുകടന്ന വിധേയത്വം പ്രകടിപ്പിക്കുന്നു. ലീഗിനോടു മാത്രമല്ല, മതമൗലികവാദികളെന്നു കരുതപ്പെടുന്ന വെൽഫെയർ പാർട്ടിയുമായി സഖ്യമുണ്ടാക്കുന്നു.

ലീഗ് നയിക്കുന്ന മുസ്ലീംമുന്നണിയാണ് യുഡിഎഫ് എന്ന പ്രചരണത്തിന് ബലമേകുന്ന നീക്കമാണോ കോൺഗ്രസ് നടത്തേണ്ടത്?

മുസ്ലീം ലീഗാണെങ്കിൽ കഴിഞ്ഞ 60 കൊല്ലക്കാലത്ത് സമർത്ഥമായിത്തന്നെ കളിച്ചു. ആദ്യം വിമോചനസമരകാലത്ത് പിടി ചാക്കോ, പട്ടംതാണുപിള്ള ഇവരോടൊപ്പം ലീഗ് നേതാവ് സിഎച്ച് മുഹമ്മദ് കോയ, മുക്കൂട്ടുമുന്നണിയുടെ വിജയത്തിനായി പാടുപെട്ടു. തിരഞ്ഞെടുപ്പിൽ ജയിച്ചുകഴിഞ്ഞപ്പോൾ ഉത്തരേന്ത്യയിൽ കോൺഗ്രസും നെഹ്റുവും നേരിടുന്ന ധർമ്മസങ്കടം ആത്മാർത്ഥതയോടെ മനസ്സിലാക്കി, നേതാവ് കെ.എം. സീതി സാഹിബ് ലീഗിൽനിന്നു രാജിവച്ച് സ്പീക്കർ പദവി വഹിക്കാൻപോലും സന്നദ്ധനായി. അന്നു ലീഗ് പ്രദർശിപ്പിച്ച വിശാലമനസ്സും അവരുടെതന്നെ ദീർഘകാലതാത്പര്യം മനസ്സിലാക്കാനുള്ള കഴിവും സഖ്യകക്ഷിയുടെ ധർമ്മസങ്കടങ്ങളോട് അനുഭാവപൂർവ്വകമായ നിലപാട് എടുക്കാനുള്ള സന്നദ്ധതയുമാണ് ഇന്നത്തെ ആവശ്യം. അതിനുപകരം ഓരോ പ്രാവശ്യവും കൂടുതൽ സീറ്റുകൾക്കു വേണ്ടിയും മന്ത്രിസ്ഥാനങ്ങൾക്കുവേണ്ടിയും സമ്മർദ്ദം ചെലുത്തുന്ന ശക്തിയായി പ്രത്യക്ഷപ്പെട്ടാൽ അതു സിപിഎമ്മും ബിജെപിയും യുഡിഎഫിന്റെ മേൽക്കോയ്മയെപ്പറ്റി പറയുന്ന ആരോപണങ്ങൾക്ക് ശക്തിപകരുകയേ ഉള്ളൂ.


പക്ഷേ, ഇക്കാര്യം ഇന്നത്തെ ലീഗ് നേതൃത്വം ഉൾക്കൊള്ളാൻ തയ്യാറാകുമോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. കാരണം, മറ്റു ന്യൂനപക്ഷവിഭാഗങ്ങൾക്കു കൂടി അവകാശപ്പെട്ട പല സർക്കാർ സഹായങ്ങളും കേരളത്തിലെ മുസ്ലീംസമുദായത്തിനു മാത്രമായി ഉപയോഗപ്പെടുത്തുന്ന സ്ഥിതിയാണ് ഇന്നുണ്ടായിരിക്കുന്നത്. ഇക്കാര്യത്തിൽ സഹോദരന്യൂനപക്ഷസമുദായങ്ങളുടെ താത്പര്യംകൂടി ന്യായമായ വിധത്തിൽ പരിഗണിക്കാൻ അവർ തയ്യാറാകേണ്ടതല്ലേ?

അതുപോലെ, കഴിഞ്ഞ 70 കൊല്ലമായി ഇവിടെ പിന്നാക്കസമുദായങ്ങൾക്ക് ഉദ്യോഗങ്ങളിലും കോളജ് പ്രവേശനത്തിനും സംവരണാനുകൂല്യം ലഭിക്കുന്നു. മെറിറ്റ്സീറ്റുകളിൽ പ്രവേശനം കിട്ടുന്നവരും അവിടെ നിരവധി. ഈ സാഹചര്യത്തിൽ മുന്നാക്കസമുദായങ്ങളിലെ പാവപ്പെട്ടവർക്കായി, സംവരണസമുദായങ്ങളുടെ വിഹിതം നിലനിർത്തിക്കൊണ്ട് മെറിറ്റ് സീറ്റുകളുടെ 10 ശതമാനം മാറ്റിവയ്ക്കുന്നതിനെ എതിർക്കേണ്ട കാര്യമുണ്ടോ?

□

## ഇന്ത്യൻ സിവിൽ സർവ്വീസ്
# പേപ്പറുകളും വിഷയവൈവിധ്യങ്ങളും



**നേവി ജോർജ്**

പൊതുവിജ്ഞാനം (General Studies) പരിശോധിക്കുന്ന നാലു പേപ്പറുകളാണ് തുടർന്നുള്ളത്. ജനറൽ സ്റ്റഡീസ് പൊതുവേ GS എന്ന ചുരുക്കപ്പേരിലാണ് വിളിക്കപ്പെടുന്നത്. ഓരോ പേപ്പറിലെയും വിഷയങ്ങൾ ഇവയാണ്: ജനറൽ സ്റ്റഡീസ് പേപ്പർ ഒന്നിൽ ഇന്ത്യൻ സംസ്കാരം, ഇന്ത്യൻ പൈതൃകം, ലോകചരിത്രം, ഭൂമിശാസ്ത്രം എന്നീ വിഷയങ്ങളും പേപ്പർ രണ്ടിൽ പൊതുഭരണം, ഇന്ത്യൻ ഭരണഘടന, രാഷ്ട്രീയം, സാമൂഹികനീതി, അന്താരാഷ്ട്രനയതന്ത്രബന്ധങ്ങൾ എന്നിവയും ചേർത്തിരിക്കുന്നു. പേപ്പർ മൂന്നിലാവട്ടെ സാങ്കേതികവിദ്യ, സാമ്പത്തികവളർച്ച, ജൈവവൈവിധ്യം, പരിസ്ഥിതി, സുരക്ഷ, ദുരന്തനിവാരണം എന്നിവയും പേപ്പർ നാലിൽ നീതിബോധം, ആർജവം, അഭിരുചി എന്നിവ പരിശോധിക്കുന്ന ചോദ്യങ്ങളുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. സിവിൽസർവ്വീസിനോടുള്ള ഉദ്യോഗാർത്ഥിയുടെ മനോനിലവാരം ഇങ്ങനെ പല ഘട്ടങ്ങളിലും വിശകലനം ചെയ്യപ്പെടുന്നുണ്ട് എന്നത് മാറിയ പരീക്ഷാരീതിയുടെ പ്രത്യേകതയാണ്. ചുരുക്കത്തിൽ, വിജ്ഞാനം അളന്ന് ഏറ്റവും സമർത്ഥരായ ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തു നിയമിക്കുക എന്നതിനേക്കാൾ ജനസേവനം കൈമുതലായവരെ കണ്ടെത്തുക എന്ന ധർമ്മമാണ് യുപിഎസ്സി നിറവേറ്റാൻ പരിശ്രമിക്കുന്നത്. സത്യസന്ധതയും ആത്മാർത്ഥതയും നിലപാടുകളിൽ ഉള്ളവർക്കാണ് ഇത്തരം കടമ്പകൾ കടക്കാൻ സാധ്യതയേറുന്നത്.

പേപ്പർ ആറും ഏഴും ഐച്ഛികമായി തിരഞ്ഞെടുക്കാം. ഒരേ വിഷയത്തിന്റെ രണ്ടു പേപ്പറുകളാണ് അവ.

അവ ഇതൊക്കെയാണ്: അഗ്രികൾച്ചർ, ആനിമൽ ഹസ്ബെന്ററി & വെറ്ററിനറി സയൻസ്, ആന്ത്രപ്പോളജി, ബോട്ടണി, കെമിസ്ട്രി, സിവിൽ എൻജിനീയറിംഗ്, കൊമേഴ്സ് &അക്കൗണ്ടൻസി, സാമ്പത്തികശാസ്ത്രം, ഇലക്ട്രിക്കൽ എൻജിനിയറിംഗ്, ഭൂമിശാസ്ത്രം, ജിയോളജി, ചരിത്രം, നിയമം, മാനേജ്മെന്റ്, ഗണിതശാസ്ത്രം, മെക്കാനിക്കൽ എൻജിനീയറിംഗ്, മെഡിക്കൽ സയൻസ്, ഫിലോസഫി, ഫിസിക്സ്, പൊളിറ്റിക്കൽ സയൻസ്&ഇന്റർനാഷണൽ റിലേഷൻസ്, സൈക്കോളജി, പബ്ലിക് അഡ്മിനിസ്ട്രേഷൻ, സോഷ്യോളജി, സ്റ്റാറ്റിസ്റ്റിക്സ്, സുവോളജി എന്നീ ഇരുപത്തഞ്ചു വിഷയങ്ങളിൽ നിന്നോ ആസാമീസ്, ബംഗാളി, ബോഡോ, ദോഗ്രി, ഗുജറാത്തി, ഹിന്ദി, കന്നട, കശ്മീരി, കൊങ്കിണി, മൈഥിലി, മലയാളം, മണിപ്പൂരി, മറാത്തി, നേപ്പാളി, ഒറിയ, പഞ്ചാബി, സംസ്കൃതം, സന്താളി, സിന്ധി, തമിഴ്, തെലുങ്ക്, ഉറുദു, ഇംഗ്ലീഷ് എന്നീ ഇരുപത്തിമൂന്നു ഭാഷകളിലെ സാഹിത്യമോ ഐച്ഛികമാക്കാം. കേരളത്തിൽനിന്ന് പരീക്ഷയെഴുതുന്നവർ പൊതുവേ മലയാളമാണ് തിരഞ്ഞെടുക്കുന്നതായി കണ്ടുവരുന്നത്. പാലാ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് ഇതിനു വളരെയധികം വഴിതെളിച്ചു എന്നതും ശ്രദ്ധേയമാണ്.

(തുടരും)



# മണിനെല്ലൂരിന്റതിര്



**നിഷ ആന്റണി**

നനഞ്ഞുകിടക്കുന്ന പച്ചപ്പുല്ലിന്റെ മേലതിര് കാലറ്റത്തു തട്ടിയപ്പോൾ വർക്കിച്ചന് ഒന്നു കുളിർന്നു.

ആദ്യസംഗമത്തിൽത്തന്നെ വിവശയായ മണവാട്ടിയെപ്പോലെ ഉടയോന്റെ പാദസ്പർശത്താൽ മണ്ണും തളിർത്തുലഞ്ഞു.

''അപ്പൻ സ്വപ്നം കണ്ട് നിക്കാണ്ട് നടക്കപ്പാ, അളക്കല് രണ്ടുമണിക്കു മുന്നം തീർന്നാലേ സർവ്വേയർക്ക് സ്കെച്ചെടുക്കാൻ പറ്റൂ.'' ജിൻസൺ ഒച്ചയുയർത്തി.

ഒരല്പം അങ്കലാപ്പോടെ വർക്കിച്ചൻ പറമ്പിനതിരിലേക്കു നീളനെ നോക്കി. കഴിഞ്ഞ അമ്പതുവർഷം തന്റെ കാൽച്ചൂടേറ്റ മണ്ണ്. പിള്ളക്കച്ചപോലെ പുല്ലും പാറയും മാത്രം പൊതിഞ്ഞുകിടന്നിരുന്ന മണ്ണിപ്പോ കാനാൻദേശമായിരിക്കുന്നു.

ഇതിനെ അറുത്തുമുറിച്ച് രണ്ടാൺ മക്കൾക്കു കൊടുക്കണം. താൻ വേലയെടുത്തപോലെ അവര് വേലയെടുക്കുമോ? വേലയെടുത്തില്ലേൽ പെണ്ണു പെണങ്ങുംപോലെ മണ്ണും പെണങ്ങും.

അതീ പോത്തൻമാർക്കറിയ്യോ? ഇനി കൊറോണെയെങ്ങാനും വന്ന് അപ്പനു വല്ലോം പറ്റ്യേങ്കി ജിൻസനും ജെയിസനും തമ്മിൽ സ്വത്തുതർക്കമുണ്ടാവരുത് എന്നുള്ള മൂത്തമോടെ അഭിപ്രായം പാലായീന്നു വന്നപ്പഴാ വർക്കിച്ചനും ഭൂമി വീതം വച്ചേക്കാമെന്നു തോന്നീത്.

"മൊതലാളി വല്യ ആലോചനേലാണല്ലോ?"

സർവ്വേയർക്ക് പൊറകിലായി തരിപ്പിട്ടു നടന്ന സ്ഥിരം പണിക്കാരൻ മത്തായി ഒന്നാഞ്ഞു നടന്ന് വർക്കിച്ചന്റെ ഒപ്പമെത്തി.

"സ്ഥലോളക്കലിന്റന്ന് എല്ലാ കാർന്നോൻമാർക്കും ഇങ്ങനൊരാന്തല്ണ്ടാവും മൊതലാളീ... കാര്യാക്കണ്ട, ഇനീപ്പ രണ്ടാൺമക്കള് നോക്കട്ടെന്നെ.."

മത്തായി കുപ്പിയുടെ മൂടി തുറന്നൊന്ന് വായ്ക്കുള്ളിലേക്കു കമിഴ്ത്തി.വീണ്ടും മുട്ടറ്റം നീണ്ടുകിടക്കണ നിക്കറിലേക്കു കുപ്പി നിക്ഷേപിച്ച് ചിറി തുടച്ചോണ്ടു പറഞ്ഞു:

"മൊതലാളി വെഷമിക്കണ്ട.

മൊതല് മക്കള് കൊണ്ടോയാലും

ഈ മത്തായി മൊതലാളിയെ

വിട്ടുപോകൂല്ല."

വർക്കിച്ചൻ മുന്നേ നടന്ന് തോട്ടരികിലുള്ള ശീമപ്ലാവിന്റരികിലെത്തി. ചക്കയ്ക്ക് തൊട്ടുകൂട്ടാനായിട്ടെന്ന പോലെ കാന്താരിച്ചെടികൾ കൂട്ടത്തോടെ തലയുയർത്തി നില്ക്കുന്നു...

"മത്തായ് യ്യേ ....

ഈ വരിക്കപ്ലാവ് ഞാനും തെർത്ത്യേം കൂടെ നട്ടതാ... ഇത് പോൽത്തെ ഒരെണ്ണം ഈ മലബാറില് കിട്ടൂല. ഈ പറമ്പിലാ ഇളയവന്റെ കണ്ണ്. അവനു കൊടുത്താ പിന്നെ ഈ ഡിസംബറില് ചക്ക വിരീക്കാൻ എവളുണ്ടാവൂല. അവന്റെ പെരപണിയ്ക്ക് ഇവളെ വെട്ടും."

അയാൾ നടന്ന് മണിനെല്ലൂരിന്റതിരാകാശത്തിലെത്തി.

വർക്കിച്ചൻ കണ്ണും നീട്ടി മണ്ണിനേം മരങ്ങളേം പാറക്കെട്ടുകളും തോട്ടിറമ്പിനേം നോക്കി.

മണ്ണിൽ പണീം കഴിഞ്ഞ് തോട്ടിലിറങ്ങി കയ്യും മേലും കഴുകി താനും തെർത്ത്യേം കൂടി ചൂടാറിയ പാറക്കെട്ടില് ആകാശം കണ്ട് കിടക്കുന്നതയാൾ ഓർത്തു. മൂത്തവനു കൊടുത്താ അത് ക്വാറിക്കാര് കൊണ്ടോവും. അയാൾക്ക് നെഞ്ചു പിടച്ചു.

വർക്കിച്ചൻ ഒരിക്കൽക്കൂടി പാറക്കെട്ടിലിരുന്നു.

മണവാട്ടിയെയെന്നപോലെ മണ്ണിനെ നോക്കി. എന്റെ കാനാൻ ദേശം, എന്റെ വിശുദ്ധസ്ഥലം. എന്റെ മണ്ണ്, എന്റെ ശരീരം, എന്റെ വിയർപ്പ്, എന്റെ വിളക്ക്, എന്റെ മുന്തിരിത്തോപ്പ്, കാവൽക്കാരൻ ഒരാളു മതി.

"സർവ്വേയറേ.. അളക്കലിപ്പോ വേണ്ട. ഈ നെലോന്നു പറയണത് ജീവനുള്ള ശരീരാ... ഇതു മുറിച്ചാ മണ്ണ് നെലോളിക്കും. അതിർത്തി ഇല്ലാത്ത ഭൂപടംപോലെ എന്റെ നെലം മുറിഞ്ഞു കെടക്കണത് എനിക്കു കാണാമ്പറ്റൂല.. അതോണ്ട് സർവ്വേയറ് പോയാട്ടെ.."

അന്തംവിട്ടു നിൽക്കുന്ന സർവ്വേയറേം തരിപ്പിട്ടു നിൽക്കുന്ന മത്തായിയേം പിന്നിലാക്കി വർക്കിച്ചൻ ഇറയത്തു നോക്കിനില്ക്കുന്ന 'തെർത്ത്യേടെ' അടുത്തേക്കു നടന്നു.



ദീപനാളം

ചീഫ് എഡിറ്റർ : റവ. ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : റവ. ഫാ. ജോസഫ് തെരുവിൽ

കർത്താവിനെ ഭയപ്പെടുന്നവൻ അധീരനാവുകയോ ഭീരുത്വം പ്രകടിപ്പിക്കുകയോ ഇല്ല; അവിടുന്നാണ് അവന്റെ പ്രത്യാശ.

പ്രഭാഷകൻ 34 : 16

**എഡിറ്റോറിയൽ**

# അമേരിക്കയിൽനിന്ന് ഐക്യകാഹളം

അമേരിക്കയിൽ പുതുപ്രഭാതം പൊട്ടിവിടർന്നിരിക്കുന്നു. അതു ബൈഡൻയുഗമെന്നോ ബൈഡൻ-കമല കൂട്ടുകെട്ടെന്നോ എന്തു വിശേഷിപ്പിച്ചാലും, ഐക്യത്തിന്റെ കാഹളനാദമാണ് അമേരിക്കയിൽ അലയടിക്കുന്നതെന്നു വ്യക്തം. വിഭാഗീയതയെ ഊട്ടിവളർത്തിയ നാല് ഇരുണ്ട വർഷങ്ങളിൽനിന്നുള്ള വിടുതലായി 2020 ലെ അമേരിക്കൻതിരഞ്ഞെടുപ്പുവിജയം ചരിത്രത്തിലെഴുതപ്പെടും.

2021 ജനുവരി 20ന് ജോ ബൈഡൻ അമേരിക്കയുടെ 46-ാമത് പ്രസിഡന്റായി അധികാരമേൽക്കും. ഭിന്നിപ്പിക്കുന്നതിനു പകരം ഒന്നിപ്പിക്കുന്ന പ്രസിഡന്റാകുമെന്നാണ് ഡെമോക്രാറ്റിക് പാർട്ടി സ്ഥാനാർത്ഥിയായി മത്സരിച്ചുജയിച്ച ബൈഡൻ കന്നിപ്രസംഗത്തിൽ വ്യക്തമാക്കിയത്. അമേരിക്കയുടെ മുറിവുണക്കുമെന്നും അമേരിക്കയുടെ ആത്മാവ് വീണ്ടെടുക്കുമെന്നും ലോകനേതൃപദവി തിരിച്ചുപിടിക്കുമെന്നും നിയുക്തപ്രസിഡന്റ് പറഞ്ഞപ്പോൾ, വികസനത്തിന്റെ വസന്തോദയമായി അത് ആ ജനതയ്ക്ക് അനുഭവപ്പെടാതിരിക്കില്ല.

യുഎസ് ചരിത്രത്തിലെ ആദ്യത്തെ വനിതാവൈസ്പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻവംശജകൂടിയായ കമല ഹാരിസിന്റെ പ്രസംഗവും ലോകം ശ്രദ്ധയോടെയാണ് വീക്ഷിച്ചത്: "വൈസ്പ്രസിഡന്റ് പദവിയിലെത്തിയ ആദ്യവനിത ഞാൻ ആയിരിക്കാം. പക്ഷേ, ഒരിക്കലും ഞാൻ അവസാനത്തെ ആളാകരുത്. ഈ രാത്രി ഞങ്ങളെ വീക്ഷിക്കുന്ന ഓരോ പെൺകുട്ടിയും മനസ്സിലാക്കണം, ഈ രാജ്യം സാധ്യതകളുടേതാണെന്ന്." സ്ത്രീശക്തീകരണത്തിന്റെ അനന്തസാധ്യതകളിലേക്കു വാതായനങ്ങൾ തുറന്നിട്ടുകൊണ്ടുള്ള പെണ്മയുടെ അധികാരസ്വരമായിരുന്നു അത്.

ജോ ബൈഡന്റെ ചരിത്രവിജയം ലോകം മുഴുവൻ ശ്രദ്ധിച്ചുതുടങ്ങിയിരിക്കുന്നു. ജനാധിപത്യമൂല്യങ്ങളിൽ അമേരിക്കൻജനത പുലർത്തുന്ന പ്രതിബദ്ധതയുടെ വിജയമാണിത്. ലോകത്തെ ഏറ്റവും പഴക്കമേറിയ ജനാധിപത്യത്തിന്റെ രാഷ്ട്രീയത്തെ വിഷലിപ്തമാക്കിയ വിഭജനസിദ്ധാന്തങ്ങളെയും വംശീയധ്രുവീകരണത്തെയും അവസാനിപ്പിക്കാനുള്ള സമയമായി നിയുക്തപ്രസിഡന്റ് ഐതിഹാസികവിജയത്തെ വിലയിരുത്തുന്നു.

ട്രംപ് ഭരണകൂടത്തിന്റെ 'അമേരിക്കൻ ഒറ്റപ്പെടൽ നയ'ത്തിന് ഒരു വലിയ തിരുത്തുണ്ടാകുമെന്നുതന്നെയാണ് മിക്ക രാജ്യങ്ങളും ഇപ്പോൾ പ്രതീക്ഷിക്കുന്നത്. ട്രംപിന്റെ 'അമേരിക്ക ഫസ്റ്റ്' നയം സഖ്യരാജ്യങ്ങളെ അവരിൽനിന്നകറ്റി. അമേരിക്കയെ വീണ്ടും മഹത്തരമാക്കുക' എന്ന ട്രംപിന്റെ മുദ്രാവാക്യം പ്രത്യക്ഷത്തിൽ ശുഭസൂചകമായി തോന്നാമെങ്കിലും, ഫലത്തിൽ ഇതര രാജ്യങ്ങളെ രണ്ടാംകിടയായി എഴുതിത്തള്ളുന്ന നിലയിലേക്കെത്തിച്ചു. ആഗോളവിഷയങ്ങളിൽ മറ്റു രാജ്യങ്ങളുമായി കൂടിയാലോചനകളോ സൗഹൃദസംവാദങ്ങളോ ഇല്ലാതെ പോയി. ആഗോളസഹവർത്തിത്വത്തിന് മുൻകാലങ്ങളിൽ അമേരിക്ക വഹിച്ചിട്ടുള്ള നേതൃനിലയിലുള്ള സഹകരണത്തിൽനിന്നുള്ള പിന്മാറ്റമായി അതു വിമർശിക്കപ്പെട്ടു. ലോകനേതൃപദവി തിരിച്ചുപിടിക്കുമെന്നുള്ള നിയുക്തപ്രസിഡന്റിന്റെ ദൃഢസ്വരം, ആഗോളവിഷയങ്ങളിൽ കൂടുതൽ സഹവർത്തിത്വത്തിനുള്ള മാന്യമായ ഇടം നല്കുമെന്നാണ് ട്രംപനന്തരകാലത്തെക്കുറിച്ചുള്ള ലോകവീക്ഷണം.

മൂന്നു പതിറ്റാണ്ടോളം സെനറ്റർപദവിയും സെനറ്റിന്റെ ജുഡീഷ്യറി സമിതിയുടെയും വിദേശകാര്യസമിതിയുടെയും അധ്യക്ഷസ്ഥാനവും എട്ടു വർഷം വൈസ്പ്രസിഡന്റുപദവിയും അലങ്കരിച്ചു ഭരണപാടവം തെളിയിച്ച ബൈഡന് അമേരിക്കൻതാത്പര്യങ്ങളെ വിശാലമനസ്സോടെ സംരക്ഷിക്കാനാകും. ഇതര രാജ്യങ്ങളെ സൗഹൃദഭാവത്തോടെ ചേർത്തുനിർത്തുന്നതിനും അദ്ദേഹത്തിനു കഴിയും. പൊതുമാനവികതയുടെ നന്മയ്ക്കായി, ആഗോളപ്രശ്നങ്ങളിൽ അമേരിക്കയുടെ ധാർമ്മികനേതൃത്വത്തെക്കുറിച്ച് നിയുക്തപ്രസിഡന്റിന് ബോധ്യമുണ്ടെന്നുതന്നെയാണ് പൊതുവെയുള്ള ധാരണ.

യുഎസ് പ്രസിഡന്റായി ജോ ബൈഡനെത്തുന്നത് ഇന്ത്യ-യുഎസ് ബന്ധം ശക്തിപ്പെടാൻ കാരണമാകുമെന്നാണ് നിരീക്ഷകമതം. തന്ത്രപരമായ വിഷയങ്ങളിലോ സാമ്പത്തികകാര്യങ്ങളിലോ ഇരുരാജ്യവും തമ്മിൽ കാര്യമായ ഭിന്നതകളൊന്നുമില്ല. മാത്രമല്ല, ഇന്തോ-പസഫിക് മേഖലയിലെ സഹകരണം ഇരുരാജ്യങ്ങളും വർദ്ധിപ്പിക്കുകയും ഓസ്ട്രേലിയ-ജപ്പാൻ രാജ്യങ്ങളെക്കൂടി ചേർത്തുകൊണ്ട് ചതുർരാഷ്ട്രസംവിധാനം ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ട്രംപിന്റെ കാലത്തെ സുരക്ഷാവാണിജ്യകാര്യങ്ങളിൽ വലിയ സഹകരണം ബൈഡനും തുടരുമെന്നു പ്രതീക്ഷിക്കാം. പക്ഷേ, കാശ്മീർവിഷയം, കാലാവസ്ഥാവ്യതിയാനം തുടങ്ങിയ വിഷയങ്ങളിൽ ഇന്ത്യയ്ക്ക് ട്രംപിൽനിന്നു കിട്ടിയ പരിഗണന ബൈഡനിൽനിന്നുണ്ടാകാൻ സാധ്യത കുറവാണ്. മനുഷ്യാവകാശം സംബന്ധിച്ച് ബൈഡനും കമലയ്ക്കും അവരുടേതായ നിലപാടുകളുണ്ട്. ദേശീയപൗരത്വരജിസ്റ്റർ, പൗരത്വഭേദഗതിനിയമം എന്നിങ്ങനെ ഇന്ത്യയിൽ വലിയ പ്രതിഷേധങ്ങൾക്കിടയാക്കിയ നിയമനിർമ്മാണങ്ങളോടും ഇവർക്ക് അത്ര പ്രതിപത്തിയില്ല. പുരോഗമനാശയങ്ങളെ പുണരുമ്പോഴും ഗർഭച്ഛിദ്രംപോലുള്ള വിശ്വാസധാർമ്മികവിഷയങ്ങളോടുള്ള ബൈഡൻ-കമല ടീമിന്റെ നിലപാട് എന്തായിരിക്കുമെന്നതിൽ ക്രൈസ്തവസമൂഹത്തിന് ആകാംക്ഷയുണ്ട്.

അതേസമയം, ഇന്ത്യക്കാരടക്കം പതിനൊന്നുലക്ഷം കുടിയേറ്റക്കാർക്ക് യുഎസ് പൗരത്വം ലഭിക്കുന്നതിനായി ബൈഡൻ പ്രവർത്തിക്കുമെന്നറിയുന്നത് ശുഭവാർത്തയാണ്. അമേരിക്കയിലെ തൊഴിലവസരങ്ങൾ ഇന്ത്യക്കാർ തട്ടിയെടുക്കുന്നുവെന്ന് ട്രംപ് ആരോപണമുന്നയിച്ചപ്പോൾ ഡെമോക്രാറ്റിക് സ്ഥാനാർത്ഥികളും സെനറ്റംഗങ്ങളും വിശാലകുടിയേറ്റനയത്തെ പിന്തുണച്ചുവെന്നത് ആശ്വാസകരം. തൊഴിലില്ലായ്മയുടെ കാര്യത്തിൽ കൂടുതൽ മെച്ചപ്പെട്ട ഒരു സാഹചര്യം അഞ്ചുലക്ഷത്തിലധികമുള്ള ഇന്ത്യക്കാരടക്കമുള്ള കുടിയേറ്റക്കാർക്കു വരുംനാളുകളിലുണ്ടാകുമെന്നു കരുതാം.

□

# ചാനൽവിചാരണയ്ക്ക് അറുതിവരുമോ?

ഗൗരവമായ ഒരു കേസുൽഭവിച്ചാൽ ഉടൻ ഇറങ്ങുകയായി, ചാനലുകളും പോലീസ്ഓഫീസർമാരും രാഷ്ട്രീയനേതാക്കളും. മന്ത്രിമാർ വരെ പരസ്യവിചാരണയും വെളിപ്പെടുത്തലുമായി ഇറങ്ങുന്നു. ഇത് അസംബന്ധമാണ്.

രാഷ്ട്രീയമാനങ്ങളുള്ള കൊലപാതകക്കേസുകളിൽ അന്വേഷണഘട്ടങ്ങളിൽ എന്തെല്ലാം ക്രമരഹിതമായ വെളിപ്പെടുത്തലുകളാണ് നേതാക്കളും ചാനലുകാരും നടത്തുന്നത്!

ജാമ്യമില്ലാവകുപ്പുകളിൽ പ്രതിയായിത്തീർന്നിരിക്കുന്നവരെ ചാനലുകളിൽ വിളിച്ചിരുത്തി, പരസ്യവിചാരണ അവരെക്കൊണ്ടുതന്നെ നടത്തിക്കുന്നത് എത്ര വിചിത്രമാണ്! ഒരു കേസന്വേഷണഘട്ടത്തിൽ പ്രതികളുടെയും സാക്ഷികളുടെയും മൊഴികൾ പരസ്യപ്പെടുത്തി, ഇനിയെന്ത് അടുത്ത നടപടി എന്നു മുതിർന്ന പോലീസ് ഓഫീസർമാർ പത്രസമ്മേളനത്തിൽ പറയുന്നത് എതു നിയമത്തിന്റെ പിൻബലത്തിലാണ്?

ഇപ്പോൾ ഈ നാട്ടിൽ കുറ്റാന്വേഷണരംഗത്തു കാട്ടിക്കൂട്ടുന്നതേറെയും തെറ്റാണ്. കേസന്വേഷണകാലത്ത് നടന്നുകൂടാത്ത ഒട്ടനവധി നാടകങ്ങൾ ഇപ്പോൾ അരങ്ങേറുന്നു. പ്രതികളെ പിടിച്ചിരുത്തി, പത്രസമ്മേളനങ്ങൾ നടത്താനും കുറ്റകൃത്യത്തിലെ സംഭവവിവരണം നടത്താനും എന്തു കാര്യം? കുറ്റാരോപിതരുടെ പിറകേ ചാനലുകാർ ക്യാമറയുയർത്തി ഓടുന്നതും തെറ്റുതന്നെ. ഇതെല്ലാം തടഞ്ഞുകൊണ്ടുള്ള ഹൈക്കോടതിയുടെ നിരീക്ഷണങ്ങളും നിർദ്ദേശവും ഒരു വഴിത്തിരിവാണ്. പൊതുജനങ്ങൾക്ക് ഇതു വളരെ ആശ്വാസപ്രദമാണ്. ഹൈക്കോടതിയെ നമിക്കുന്നു.

# കേസു കളിക്കാൻ മാത്രം



**പ്രതികരണം**

അടുത്തകാലത്തായി കേരളത്തിൽ തുമ്മുന്നതിനും ചീറ്റുന്നതിനും കേസിനു പോവുക എന്നൊരു പ്രവണത വളർന്നിരിക്കുന്നു.

കേസുകളുടെ പ്രളയംകൊണ്ടു കോടതികൾ വീർപ്പുമുട്ടുകയാണ്. പഴയകാല നിയമത്തിൽ വരാത്ത അനേക കാര്യങ്ങൾക്കു കോടതിയും കേസും എന്ന നില വന്നിരിക്കുന്നു. ക്ഷമ കൊണ്ടും വിട്ടുവീഴ്ചകൊണ്ടും അനുരഞ്ജനംകൊണ്ടും മധ്യസ്ഥതകൊണ്ടും, കോടതികളിൽ പോകാതെ പരിഹരിക്കാവുന്ന അനേകം തർക്കങ്ങൾക്ക്, ഇപ്പോൾ മനുഷ്യർ കോടതി കയറുകയാണ്.

ജനാധിപത്യസംവിധാനത്തിൽ ഇത്തരം അനുരഞ്ജനമാർഗങ്ങൾ അവലംബിക്കാതെ സർക്കാരും മന്ത്രിമാരും പ്രതിപക്ഷ നേതാവും ജനപ്രതിനിധികളും കോടതി കയറുന്ന ലജ്ജാകരമായ അവസ്ഥയാണിപ്പോൾ.

അതിനും പുറമേയാണു വിവിധ മതവിശ്വാസങ്ങളും മതാചാരങ്ങളും കോടതികളിലെ തർക്കവിഷയങ്ങളായി മാറ്റുന്നത്! ക്ഷേത്രങ്ങളിലെ പൂജാവിഷയങ്ങളും പള്ളികളിലെ കൂദാശകളും കോടതികളുടെ പരിഗണനയ്ക്കു വിട്ടാൽ ആർക്കു രമ്യമായി പരിഹരിക്കാനാവും? ഇതിനൊരു മാറ്റം വരാൻ സമയമായി.

വലിയ നിയമപ്രശ്നമില്ലാത്ത സാധാരണ കാര്യങ്ങൾ കോടതിക്കു പുറത്തു വച്ചേ ധാരണയിൽ തീർക്കാനുള്ള സന്മനസ് പൗരന്മാരും പ്രസ്ഥാനങ്ങളും സർക്കാരുമൊക്കെ കാണിക്കണം. ഒരു മതവിഭാഗവും മതവിശ്വാസം സംബന്ധിച്ചു കേസുമായി കോടതി കയറാൻ പാടില്ല. എന്തും കോടതിയിൽ തീരുമാനിക്കപ്പെടട്ടെ എന്ന നിലപാടു വിനാശകരമാണ്. കേസുകളിച്ച് ആരും ജയിക്കുന്നില്ല. കേസുകളിൽ വാദികളും പ്രതികളും കക്ഷികളും തോൽക്കുന്നതേയുള്ളൂ.

**അഡ്വ. ഫിലിപ്പ് പഴേമ്പള്ളി**
**പെരുവ**

# മലയാളകഥയിലെ നിത്യഹരിതനായകൻ



ഡോ. സിറിയക് തോമസ്

മലയാളസാഹിത്യത്തിൽ സക്കറിയയുടെ പേര് എഴുതപ്പെട്ടിട്ട് അരനൂറ്റാണ്ടു കഴിഞ്ഞിരിക്കുന്നു. ആദ്യം കൈവച്ചത് കഥാരംഗത്താണ്. കരിയാച്ചന്റെ കഥകൾ പൊടി പാറി. ആദ്യകാലകഥാപാത്രങ്ങൾ പലരും വായനക്കാരെ ചിരിപ്പിച്ചു മണ്ണുകപ്പിച്ചുവെന്നും പറയാം. എന്നാൽ, പോൾ സക്കറിയ എന്ന കഥാകാരൻ എഴുതിയതൊന്നും ചിരിക്കഥകളേ ആയിരുന്നില്ല. ചുറ്റുപാടും കണ്ട കാര്യങ്ങൾക്കുനേരേ നർമ്മത്തിന്റെ മേമ്പൊടി ചാലിച്ചു വിമർശനത്തിന്റെ കണ്ണാടി തിരിച്ചുവച്ച് എഴുതിയെന്നു മാത്രം. മർമ്മത്തു കുത്തുന്ന കൂർത്ത പരിഹാസം പഠിക്കുന്ന കാലത്തുതന്നെ കഥാകാരന്റെ കൂടപ്പിറപ്പായിരുന്നുവെന്നതാണു ശരി.

ഒരു വർഷത്തിന്റെ വ്യത്യാസത്തിലാണ് പോൾ സക്കറിയയും ഞാനും പാലാ സെന്റ് തോമസ് കോളജിൽ പഠിക്കാൻ വരുന്നത്. കൃത്യമായി പറഞ്ഞാൽ അറുപതു വർഷം മുമ്പ്. ഞാൻ ഡിഗ്രി ക്ലാസിൽ ഒന്നാം വർഷമെത്തിയപ്പോഴായിരുന്നു പ്രീയൂണിവേഴ്സിറ്റിവിദ്യാർത്ഥിയായി കരിയാച്ചന്റെ കടന്നുവരവ്. വീട് ഉരുളികുന്നത്തായിരുന്നു. ഒന്നാംതരം കർഷകകുടുംബമായിരുന്നു മുണ്ടാട്ടുചുണ്ടയിൽ. അമ്മവീട് പാലായിൽത്തന്നെ മേനാംപറമ്പിൽ. അമ്മവീടിനും പാലാ കോളജിനുമിടയിൽ സാക്ഷാൽ മീനച്ചിലാറും. ഞങ്ങളുടെ കുടുംബങ്ങൾ തമ്മിൽ നേരത്തെതന്നെ അറിയാമായിരുന്നതുകൊണ്ടും അമ്മമാർ തമ്മിൽ അടുത്ത സൗഹൃദമായിരുന്നുവെന്നതുകൊണ്ടും ഞങ്ങളും പെട്ടെന്നു തന്നെ സൗഹൃദത്തിന്റെ പാലം പണിതു. എന്നാൽ, അതു പിന്നീട് ആഴപ്പെട്ടത് വായനയുടെ ലോകത്താണ്. വൈകുന്നേരങ്ങളിൽ ഞങ്ങൾ, 'സ്ഥലത്തെ പ്രധാന കൗമാരക്കാർ' പതിവായി സന്ധിച്ചിരുന്നത് ആർ.വി. പാർക്കിലും അതിനോടു ചേർന്നുള്ള മുനിസിപ്പൽ ലൈബ്രറിയിലുമായിരുന്നു. ഞങ്ങൾക്കിടയിലെ ഏറ്റവും നല്ല വായനക്കാരൻ അന്നും പോൾ സക്കറിയ തന്നെ. പുസ്തകങ്ങളെപ്പറ്റി പറയുമ്പോൾ അന്നും കരിയാച്ചനു നൂറു നാവാണ്.

അക്കാലത്തു മുനിസിപ്പൽ ലൈബ്രറിയിൽ പ്രധാന ചുമതലക്കാരൻ പാലാ രവി എന്ന പി. രവീന്ദ്രൻനായരും സഹായി ഞങ്ങളെല്ലാം ഏബ്രഹാംകുഞ്ഞ് എന്നു സ്നേഹത്തോടെ വിളിച്ചിരുന്ന ഇ.ഏ. ഏബ്രഹാമും ആയിരുന്നു. രവി പിൽക്കാലത്ത് പാലായിൽത്തന്നെ മുനിസിപ്പൽ കമ്മീഷണറായി. ഏബ്രഹാംകുഞ്ഞ് ചീഫ് ലൈബ്രേറിയനും. വായനക്കാര്യങ്ങളിൽ അവരിരുവരും ഞങ്ങളുടെ യുവസംഘത്തിനു കാവലാളുകളും മാർഗ്ഗദർശികളുമായി. പേൾ ബക്കിന്റെ 'നല്ല ഭൂമി'യും 'ആരോഗ്യനികേതൻ' ഉൾപ്പെടെ ഒട്ടേറെ ബംഗാളി നോവലുകളും ഞങ്ങളെക്കൊണ്ട് അവർ വായിപ്പിച്ചു. നാലപ്പാടന്റെ 'രതിസാമ്രാജ്യം' പോലെയുള്ളവ ഞങ്ങൾ കാണാതെ മാറ്റിവച്ചു. മാത്യു ജോസഫ് മൂഴയിൽ എന്ന ബേബിയും ഓമനക്കുട്ടൻ എന്ന നാരായണൻനായരും തോമസ് പുഞ്ചത്തല എന്ന ബേബിയും പിന്നെ ഗോപാലകൃഷ്ണനും അന്നത്തെ സ്പോർട്സ് ചാമ്പ്യനായിരുന്ന പി.ജെ. ആന്റണി എന്ന പാപ്പച്ചനും കെ.ജെ. ജോസ് കിഴക്കേക്കരയും പ്രഫ. പി.കെ. മാണിസാറിന്റെ മകൻ പ്രിൻസും പിന്നെ ഇടയ്ക്കു ചിലപ്പോഴൊക്കെ അക്കാലത്തെ ഒന്നാന്തരം പന്തുകളിക്കാരനായിരുന്ന ജോയപ്പൻ എന്ന ജോയി തോമസും തോസ് ജോസഫ് തൈക്കൂട്ടവും മധു വൈപ്പനയും പ്രഫസർ കെ.എം. ചാണ്ടിസാറിന്റെ മകൻ അന്ന് എൻജിനീയറിംഗിനു പഠിച്ചിരുന്ന കെ.സി. തോമസുമെല്ലാം സക്കറിയയ്ക്കും എനിക്കും പുറമേ പാലാ പാർക്കിലെ സായാഹ്നസംഘത്തിലിരുന്ന് ആകാശത്തിനു താഴെയുള്ള സർവ്വവിഷയങ്ങളും മറകൂടാതെ ചർച്ച ചെയ്തിരുന്ന ഒരു കാലം! പിന്നെ പാലാപ്പാലത്തിൽ പോയി നിന്നു മണിക്കൂറുകളോളം കാറ്റു കൊള്ളലും.

ഓരോരുത്തരും പിന്നീട് അവരവരുടെ വഴിയിൽ തിരിഞ്ഞു. വ്യത്യസ്തസ്ഥലങ്ങളിൽ കൂടുകൂട്ടി. ചിലർ വിദേശത്തുപോയി. കരിയാച്ചൻ പിൽക്കാലത്തു പഠിക്കുവാൻ പോയത് കർണാടകത്തിലാണ്. ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തരബിരുദമൊക്കെയെടുത്തു മടങ്ങി വന്ന് അക്കാലത്ത് പുതുതായി ആരംഭിച്ച കാഞ്ഞിരപ്പള്ളി കോളജിൽ അധ്യാപകനായെങ്കിലും താമസിയാതെ ഉദ്യോഗംവിട്ട് ഡൽഹിക്കു പോവുകയായിരുന്നു. പലരും പലയിടത്തായി പിരിഞ്ഞെങ്കിലും ഞങ്ങൾക്കിടയിലെ സൗഹൃദത്തിന്റെ ചരടു പൊട്ടാതെനിന്നു. അവധിക്കാലത്തും മറ്റും ഞങ്ങൾ പാർക്കിലും ലൈബ്രറിയിലും ഒത്തുകൂടി. അപ്പോഴേക്കും പോൾ സ്കറിയ മലയാളകഥാസാഹിത്യത്തിലെ സക്കറിയ എന്നറിയപ്പെടുന്ന എഴുത്തുകാരനായി എഴുത്തിന്റെയും വായനയുടെയും ലോകത്തു സ്വന്തം പ്രതിഷ്ഠാസങ്കേതം കണ്ടെത്തിക്കഴിഞ്ഞിരുന്നു.

അന്നും ഇന്നും സക്കറിയയ്ക്കു കാര്യമായ മാറ്റമൊന്നുമില്ല. വിശ്വാസിയാണോ എന്നു ചോദിച്ചാൽ കരിയാച്ചൻ യുക്തിവാദിയൊന്നുമല്ല എന്നുതന്നെയാണ് എന്റെ ഉത്തരം. പാലാക്കാരനല്ലേ! എന്നാൽ, മതത്തെയും വിശ്വാസത്തെയുമൊക്കെ ഒരുതരം നിർമ്മമതയോടെ കാണാനുള്ള ഒരു മനസ്സാണ് സക്കറിയയ്ക്ക് അന്നും ഇന്നും. ചുറ്റും കാണുന്ന കാപട്യങ്ങളോടു സന്ധിയില്ല. എവിടെയും ഏതു സദസ്സിലും പറയാനുള്ളതു മയമില്ലാതെയും മറയില്ലാതെയും പറയും. തെറ്റായ പ്രവണതകൾക്കെതിരേയുള്ള അടങ്ങാത്ത ധർമ്മരോഷം അന്നും ഇന്നുമുണ്ട്. അതിന്റെപേരിൽ വരുന്ന വിമർശനങ്ങളും എതിർപ്പും ഭീഷണികളുമൊക്കെ ഒരു തനി പാലാക്കാരന്റെ ധൈര്യത്തോടെ നന്നായി ആസ്വദിക്കും.

കോൺഗ്രസിനെയും കമ്യൂണിസ്റ്റുകാരെയും ബിജെപിയെയുമെന്നല്ല, ആൾദൈവങ്ങളെയും സക്കറിയ വെറുതേ വിടാറില്ല. എന്നാൽ ആത്മീയരോട് അന്ധമായ അകൽച്ചയുമില്ല. ആസാമിലെ ആർച്ചുബിഷപ് ഡോ. തോമസ് മേനാംപറമ്പിൽ മാതൃസഹോദരപുത്രനാണ്. തിരുവനന്തപുരം പോത്തൻകോട് ആശ്രമത്തിലെ കരുണാകരഗുരുവിന്റെ പ്രിയ മിത്രങ്ങളായിരുന്നല്ലോ ഒ. വി. വിജയനും സക്കറിയയും. ആ വകയിൽ വന്ന വിമർശനങ്ങളെ രണ്ടുപേരും ഒട്ടും വകവച്ചതുമില്ല. അവസരവാദികളും അല്പമനസ്സുകളുമായ നേതാക്കളെയും മന്ത്രിമാരെയുമൊക്കെ അവരുടെ പാർട്ടിവ്യത്യാസമോ മുന്നണിവ്യത്യാസമോ നോക്കാതെ ഇത്ര ഭംഗിയായി പരിഹസിക്കുവാൻ കഴിയുന്ന മറ്റൊരു പ്രഭാഷകനും മലയാളത്തിൽ അഴീക്കോടിനു ശേഷം സക്കറിയ അല്ലാതെ ഇന്നു വേറേയില്ല എന്നു പറയാൻ ആർക്കും രണ്ടാമതൊന്ന് ആലോചിക്കേണ്ടതുമില്ല. പുരസ്കാരങ്ങളുടെ എണ്ണം നോക്കിയാലും അഴീക്കോടു മാസ്റ്റർ കഴിഞ്ഞാൽ രണ്ടാമൻ സക്കറിയതന്നെ ആവാനേ വഴിയുള്ളൂ. അവാർഡുകളോട് സക്കറിയയ്ക്ക് അലർജിയുമില്ല. ഇതിനൊന്നും തനിക്കർഹതയില്ലെന്നുള്ള അമിതവിനയത്തിന്റെ കാപട്യങ്ങളുമില്ല. മലയാളത്തിൽ സക്കറിയയെപ്പോലെ ഇത്ര ആത്മവിശ്വാസമുള്ള എഴുത്തുകാരും ഇപ്പോൾ വേറേയില്ലല്ലോ.



## 2020 ലെ എഴുത്തച്ഛൻ പുരസ്കാരം നേടിയ സക്കറിയയെക്കുറിച്ച്

സക്കറിയ അടിസ്ഥാനപരമായി നോക്കിയാൽ കഥാകാരൻ തന്നെ. എന്നാൽ, എഴുതിയ നോവലുകളും ഹിറ്റുകളായി എന്നതാണു ശ്രദ്ധേയം. പിന്നെ ലേഖനസമാഹാരങ്ങൾ. യാത്രകളും യാത്രാവിവരണങ്ങളും. യാത്രാവിവരണസാഹിത്യകൃതികളിലെല്ലാംതന്നെ എസ്.കെ. പൊറ്റക്കാടിന്റെ സ്വാധീനം പ്രകടമാണ്.


എഴുതിയ കഥകൾക്കും നോവലുകൾക്കും കണക്കില്ല. ലേഖനങ്ങൾക്കും. 1969 കാലത്താണ് സക്കറിയയുടെമേൽ സഹൃദയശ്രദ്ധ പതിയുന്നത്. പിന്നെ കഥകളുടെ ഒരു പ്രളയമായിരുന്നു. കുന്ന്, അമ്പാടി, ഒരു നസ്രാണിയുവാവും ഗൗളി ശാസ്ത്രവും, ആർക്കറിയാം, സലാം അമേരിക്ക, കണ്ണാടി കാൺമോളവും, കന്യാകുമാരിക്കഥകൾ, സക്കറിയയുടെ യേശു തുടങ്ങിയവയൊക്കെ ശ്രദ്ധിക്കപ്പെട്ടു. നോവലുകളിൽ ഭാസ്കരപട്ടേലരും എന്റെ ജീവിതവും, എന്തുണ്ട് വിശേഷം പീലാത്തോസേ, ഇഷ്ടികയും ആശാരിയും, പ്രെയിസ് ദ് ലോർഡ് ഒക്കെ വായനക്കാർക്കിടയിൽ ചിരിയും ചിന്തയുമുണർത്തി. ലേഖനങ്ങളിൽ ചിലത് വിവാദങ്ങൾക്കും വഴിമരുന്നിട്ടു. ബുദ്ധിജീവികളെക്കൊണ്ട് എന്തു പ്രയോജനം? സന്മനസ്സുള്ളവർക്കു സമാധാനം, മതം, സംസ്കാരം, മതമൗലികവാദം, സ്തുതിയായിരിക്കട്ടെ. എല്ലാം അക്കാലത്തു ജനങ്ങൾക്കിടയിൽ ചർച്ചയുമായി. സക്കറിയയുടെ സാധാരണസംഭാഷണശൈലി പോലും വളരെ ഹൃദ്യമാണ്. ആകർഷകവും.

പ്രഭാഷകനെന്ന നിലയിലും സക്കറിയ ജനപ്രിയനാണ്. വേദികളിൽ വേണമെന്നു വച്ചാൽ വാക്കുകൾക്കൊണ്ട് തീ പടർത്താനും അറിയാം. നർമ്മം കലർന്ന വിമർശനവും മർമ്മത്തു കുത്തുന്ന പരിഹാസവുമാണ് സക്കറിയയുടെ പ്രസംഗശൈലി. എന്നാൽ, കമ്പം എന്നും എഴുത്തിനോടുതന്നെ. എഴുതുന്നതിലും പറയുന്നതിലും മനസ്സു ചേർത്തു വയ്ക്കുമെന്നതാണ് സക്കറിയായുടെ സവിശേഷത. വിപ്ലവവും പുരോഗമനവുമൊക്കെ വാക്കിൽ മാത്രമല്ല, ജീവിതത്തിലുമുണ്ട്. എം.എ.യ്ക്കു കൂടെപ്പഠിച്ച പെൺകുട്ടിയോടു പ്രേമം തോന്നിയപ്പോൾ ജാതിയോ മതമോ ഭാഷയോ ഒന്നും നോക്കിയില്ല. പറഞ്ഞ വാക്കിൽ ഉറച്ചുനിന്നു. ആന്ധ്രയിലെ ബ്രാഹ്മണകുടുംബത്തിലെ ലളിത ജീവിതസഖിയായി. അവിടെയും ഇവിടെയും എതിർപ്പുണ്ടായി. സക്കറിയ സമ്മർദ്ദങ്ങൾക്കൊന്നും 'വിധേയൻ' ആവുകയോ നിലപാടു മാറ്റി പിന്മാറുകയോ ചെയ്തില്ല, ലളിതയും. ഡൽഹിയിലെ ഗാന്ധി മ്യൂസിയത്തിൽ അസിസ്റ്റന്റ് ഡയറക്ടറായിരുന്നു അന്നു ലളിത. കാലക്രമേണ തിരയടങ്ങി. സർവ്വരെയും അദ്ഭുതപ്പെടുത്തിക്കൊണ്ട് എല്ലാം ശാന്തമായി. സക്കറിയ ഒരു വിശ്വാസി ആണെങ്കിലും അല്ലെങ്കിലും കരിയാച്ചന് എന്നും ഒരു ദൈവാധീനമുണ്ടായിരുന്നു എന്നു വിശ്വസിക്കുവാനാണ് എനിക്കിഷ്ടം!

എന്റെ ആത്മകഥാംശം കലർന്ന 'ഡൽഹി ഡയറി' എഴുതിയപ്പോൾ അതിന് ഒരു അവതാരിക എഴുതുവാൻ ഞാനാവശ്യപ്പെട്ടത് മലയാളസാഹിത്യത്തിലെ നിത്യഹരിതനായകനെന്നു പറയാവുന്ന എന്റെ ആത്മസ്നേഹിതൻ പോൾ സ്കറിയ എന്ന സക്കറിയായോടാണ്. ഡൽഹിയെ അതിന്റെ ആത്മാവിലും ശരീരത്തിലും ഇത്രമേൽ അടുത്തറിഞ്ഞിട്ടുള്ള മറ്റൊരു മലയാളി ഇല്ലല്ലോ. സ്വന്തം പുസ്തകത്തിന്റെ തിരക്കുകളിലായിരുന്നിട്ടും ഒരാഴ്ചയ്ക്കുള്ളിൽ സക്കറിയയുടെ അവതാരിക എത്തുകയും ചെയ്തു. പുസ്തകത്തിൽ ചില തിരുത്തലുകളും നിർദ്ദേശിച്ചു.

ഇപ്പോൾ, കേരളത്തിന്റെ ഏറ്റവും വലിയ സാഹിത്യബഹുമതിയായ എഴുത്തച്ഛൻ പുരസ്കാരം എന്റെ പ്രിയ സ്നേഹിതനെ തേടിയെത്തിയിരിക്കുന്നു. അതും അദ്ദേഹത്തിന്റെ എഴുത്തിന്റെ ഹരിതകാലത്തുതന്നെ. എഴുത്തച്ഛൻ പുരസ്കാരം ഇതുവരെ ലഭിച്ചതിൽ ഏറ്റവും പ്രായക്കുറവും സക്കറിയയ്ക്കുതന്നെയാവണം. സമാനതകളില്ലാത്ത ഈ എഴുത്തിന്റെ വസന്തം അവസാനിക്കാതിരിക്കട്ടെ. ജ്ഞാപീഠവും അകലെയൊന്നുമല്ല.


ആയുഷ്മാൻ ഭവഃ






ഡോ. കുര്യാസ് കുമ്പളക്കുഴി

# അമേരിക്കൻ പ്രസിഡന്റുമാർക്കു വയസ്സാകുന്നു!



**അ**മേരിക്കൻജനത തിരഞ്ഞെടുത്ത ഒരു പ്രസിഡന്റ്, ലോകജനതയ്ക്കു മുന്നിൽ അവരെ നാണം കെടുത്തുകയാണ്. അതു മറ്റാരുമല്ല, ഇപ്പോൾ അവർ തന്നെ വോട്ടുചെയ്തു പുറത്താക്കിയിരിക്കുന്ന റൊണാൾഡ് ട്രംപാണ്.

2017 ൽ എതിർസ്ഥാനാർത്ഥി ഹിലരി ക്ലിന്റൺ ജനകീയവോട്ടുകളുടെ കാര്യത്തിൽ ട്രംപിനെക്കാൾ ബഹുദൂരം മുന്നിലായിരുന്നെങ്കിലും ഇലക്ടറൽ വോട്ടുകളുടെ പിൻബലത്തിൽ പ്രസിഡന്റാവാൻ ഭാഗ്യം ലഭിച്ചത് ട്രംപിനായിരുന്നു. ഇപ്പോൾ സാഹചര്യം വ്യത്യസ്തമാണ്. ട്രംപിനു ലഭിച്ച ജനകീയവോട്ടു 47.6 ശതമാനം മാത്രമാണ്. എതിർസ്ഥാനാർത്ഥി ജോ ബൈഡനു ലഭിച്ചത് 50.6 ശതമാനം. ട്രംപിന് 214 ഇലക്ടറൽ വോട്ടുകൾ മാത്രം കിട്ടിയപ്പോൾ ബൈഡൻ സ്വന്തമാക്കിയത് 290 വോട്ട്.

ജോ ബൈഡനു ജനങ്ങൾ സമ്മാനിച്ചിരിക്കുന്നതു സമ്പൂർണ്ണ വിജയമാണ്. പക്ഷേ, ട്രംപ് സമ്മതിക്കാൻ തയ്യാറില്ല! വോട്ടിംഗിൽ വ്യാപകമായ ക്രമക്കേടുകൾ സംഭവിച്ചിരിക്കുന്നു എന്നാണദ്ദേഹത്തിന്റെ ആരോപണം, വോട്ടു കുറയുന്നവർ പൊതുവേ ഉന്നയിക്കാറുള്ള വിലകുറഞ്ഞ മറുവാദം മാത്രം!

രാജ്യത്തെ കോടതികളിൽ ട്രംപ് തിരഞ്ഞെടുപ്പുകേസുകൾ സമർപ്പിക്കാൻ ഒരുങ്ങുകയാണത്രേ. കോടതികളുടെ സമയം ദുരുപയോഗം ചെയ്യാനുള്ള പാഴ്വേലയെന്നേ ഇതേക്കുറിച്ചു പറയേണ്ടൂ. അധികാരക്കസേരയിൽ ഇരുന്നു ഹരം പിടിച്ചുപോയതിന്റെ അനന്തരഫലം!

അടുത്ത പ്രസിഡന്റ് താൻ തന്നെയായിരിക്കുമെന്ന് ട്രംപ് നേരത്തേ പ്രഖ്യാപിച്ചിരുന്നു. വോട്ടെണ്ണലിന്റെ ഒരു ഘട്ടത്തിൽ നേരിയ ലീഡുണ്ടായപ്പോൾ താൻ വിജയിച്ചതായി സ്വയം പ്രഖ്യാപിക്കാനും ഇനി വോട്ടെണ്ണൽ നിർത്തിവയ്ക്കണം എന്നാവശ്യപ്പെടാനും അദ്ദേഹത്തിനു യാതൊരു ജാള്യവും ഉണ്ടായിരുന്നില്ല. ഇങ്ങനെയും ഒരു പ്രസിഡണ്ട്!

ഇത് അത്യപൂർവസംഭവമാണ്. ഊർജ്ജസ്വലമായ അമേരിക്കൻ ജനാധിപത്യത്തിന് എന്തുപറ്റി? അതിനു വയസ്സാവുകയാണോ? അതോ പ്രസിഡണ്ടുമാർക്കാണോ വയസ്സാവുന്നത്?

ഭാരതീയദർശനമനുസരിച്ചു ചാപല്യങ്ങൾ യൗവനഘട്ടത്തിന്റെ സവിശേഷതകളാണ്. പക്വതയും വിവേകവും വാർധക്യത്തിന്റേതും. 'ഹിതോപദേശം' ഈ വസ്തുത ഇങ്ങനെ ഉപദേശിക്കുന്നു: "യൗവനം, സമ്പത്ത്, അധികാരം, അവിവേകം. ഇവയിലൊന്നുപോലും ആപത്കാരിയാണ്. അവ നാലുംകൂടി ഒന്നിച്ചുവന്നാൽ പിന്നെ പറയേണ്ടതുണ്ടോ?"

യൗവനത്തിനുപകരം വാർധക്യം വച്ചാൽ ഈ മുന്നറിയിപ്പ് ട്രംപിന്റെ കാര്യത്തിൽ അന്വർത്ഥമായിരിക്കുകയാണെന്നു പറയാം. അധികാരം പോയാൽ താൻ ആകെ തകർന്നുപോയേക്കാമെന്ന് അദ്ദേഹം ഭയപ്പെടുന്നുണ്ടാകാം. അദ്ദേഹം കൂടെക്കൊണ്ടുനടക്കുന്ന ഒരു സുന്ദരിപ്പെണ്ണുണ്ടല്ലോ, അമ്പതുകാരി മെലാനിയ. ട്രംപ് വൈറ്റ് ഹൗസിൽനിന്നിറങ്ങുന്നതു കാത്തിരിക്കുകയാണത്രേ, അവരും വിടപറയാൻ!

പൊതുവേ ചെറുപ്പക്കാരെ രാഷ്ട്രത്തലവന്മാരായി തിരഞ്ഞെടുക്കുന്ന പാരമ്പര്യമാണ് അമേരിക്കയുടേത്. ആദ്യപ്രസിഡന്റ് ജോർജ് വാഷിംഗ്ടൺ 1789 ൽ സ്ഥാനമേല്ക്കുമ്പോൾ 57 വയസ്സായിരുന്നു. സ്ഥാനമൊഴിഞ്ഞു രണ്ടുവർഷം കഴിഞ്ഞപ്പോൾ, 67-ാം വയസ്സിൽ അദ്ദേഹം മരണമടയുകയും ചെയ്തു. രണ്ടാം പ്രസിഡണ്ട് തോമസ് ജഫേഴ്സൺ 54-ാം വയസ്സിലാണു സ്ഥാനമേറ്റത്.

ഈ പാരമ്പര്യം ഏറെക്കാലം തുടർന്നുപോന്നു. അമേരിക്കയുടെ ചരിത്രത്തിലെ ഏറ്റവും ജനപ്രിയ പ്രസിഡണ്ട് ജോൺ കെന്നഡി 1961 ൽ തിരഞ്ഞെടുക്കപ്പെട്ടത് 43-ാം വയസ്സിലാണ്. തുടർന്നുള്ള പത്തു പ്രസിഡണ്ടുമാരുടെ പ്രായം ഇങ്ങനെ: ലിൻഡൻ ജോൺസൺ (55), റിച്ചാർഡ് നിക്സൺ (56), ജറാൾഡ് ഫോൾഡ്(61), ജിമ്മി കാർട്ടർ (53), റൊണാൾഡ് റീഗൺ (70), ജോർജ് ബുഷ് സീനിയർ (65), ബിൽ ക്ലിന്റൺ (47), ജോർജ് ബുഷ് ജൂനിയർ (55), ബറാക് ഒബാമ (43), ഡൊണാൾഡ് ട്രംപ്(71).

ട്രംപിലെത്തുമ്പോൾ പ്രായം എഴുപതു കടക്കുന്നു. അന്നത്തെ എതിർസ്ഥാനാർത്ഥി ഹിലരി ക്ലിന്റണും പ്രായം 70 തികഞ്ഞിരുന്നു. ഇപ്പോൾ പ്രായം സർവകാല റിക്കാർഡിലെത്തുന്നു. ജോ ബൈഡൻ 78 കാരനാണ് (ജനനം 1942 ൽ). കൗതുകകരമായ മറ്റൊരു വസ്തുതകൂടി ഇതോടൊത്തു വായിക്കാനുണ്ട്. ബൈഡന്റെ സത്യപ്രതിജ്ഞാച്ചടങ്ങിൽ മുഖ്യാതിഥി മുൻ ഇന്ത്യൻ പ്രധാനമന്ത്രി ഡോ. മൻമോഹൻസിംഗായിരിക്കുമത്രേ. അങ്ങനെയെങ്കിൽ, പ്രായത്തിനും അനുഭവജ്ഞാനത്തിനും ബൈഡൻ നല്കുന്ന അംഗീകാരമായിരിക്കും അത്.

പ്രായത്തിന്റെ കാര്യത്തിൽ റിക്കാർഡു സ്ഥാപിച്ച ബൈഡൻ മറ്റൊരു റിക്കാർഡിന്റെകൂടി ഉടമയാണ്. വൈസ് പ്രസിഡന്റുസ്ഥാനത്തേക്ക് ഒരു വനിതയെ കൈപിടിച്ചുയർത്തിയിരിക്കുന്നു. രണ്ടേകാൽ നൂറ്റാണ്ടു പിന്നിട്ട അമേരിക്കൻ ജനാധിപത്യചരിത്രത്തിലെ സുപ്രധാനസംഭവം. ആദ്യവനിതാ വൈസ് പ്രസിഡന്റ്.

2016 ൽ മത്സരരംഗത്ത് ട്രംപിനെ നേരിട്ടത് ഒരു വനിതയായിരുന്നല്ലോ, ഹിലരി ക്ലിന്റൺ. അമേരിക്കയുടെ ചരിത്രത്തിൽ ആദ്യത്തെ വനിതാപ്രസിഡന്റ് എന്ന റിക്കാർഡ് ഹിലരി സ്ഥാപിക്കുമെന്നു പൊതുവെ കണക്കാക്കപ്പെട്ടിരുന്നു. പക്ഷേ, ജനവിധി മറിച്ചായിപ്പോയി. ഇനി ഒരുപക്ഷേ, 2024 ൽ ആ റിക്കാർഡു കുറിക്കാനുള്ള നിയോഗം കമല ഹാരിസിന് ഏറ്റെടുക്കേണ്ടിവന്നേക്കാം. എങ്കിൽ നമുക്കും അഭിമാനിക്കാം. അവർ ഇന്ത്യൻ വംശജയാണല്ലോ.

ട്രംപിന്റെ വാർധക്യചാപല്യങ്ങൾ ഇനി എന്തൊക്കെ പ്രശ്നങ്ങളാവും സൃഷ്ടിക്കുക എന്നു പറയാനാവില്ല. ജനുവരി 19 വരെ പ്രസിഡന്റിന്റെ കസേരയിലിരിക്കാൻ സാങ്കേതികമായി അദ്ദേഹത്തിന് അവകാശമുണ്ട്. പക്ഷേ, ഏതെല്ലാം കോടതികളിൽ കയറിയിറങ്ങിയാലും ജനവിധി മാനിക്കാതിരിക്കാൻ അദ്ദേഹത്തിനു കഴിയുകയില്ല.

എങ്കിലും കുറെ ബഹളങ്ങളൊക്കെ സൃഷ്ടിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞേക്കാം. ഭാര്യയും സീനിയർ ഉപദേഷ്ടാവായ പുത്രീഭർത്താവ് ജാരേദ് കുഷ്നറും ജനവിധി അംഗീകരിക്കാൻ അദ്ദേഹത്തെ ഉപദേശിച്ചുകഴിഞ്ഞെന്നാണു വാർത്ത. വിനാശകാലേ വിപരീതബുദ്ധി എന്നുണ്ടല്ലോ. അതുകൊണ്ട് അതിനൊന്നും ചെവികൊടുക്കാനുള്ള സന്മനസ്സും സമചിത്തതയും ട്രംപ് പ്രകടിപ്പിക്കുമെന്നു പ്രതീക്ഷിക്കേണ്ട.

ഇത്തവണത്തെ അമേരിക്കൻ തിരഞ്ഞെടുപ്പിനു മറ്റൊരു പ്രത്യേകതകൂടിയുണ്ട്. ഉയർന്ന പോളിംഗ്. 66.9 ശതമാനം ജനങ്ങൾ ഇക്കുറി വോട്ടു രേഖപ്പെടുത്തി. 1900 ൽ തിയഡോർ റൂസ്‌വെൽറ്റിന്റെ തിരഞ്ഞെടുപ്പിൽ 73.7 ശതമാനംപേർ സമ്മതിദാനാവകാശം വിനിയോഗിച്ചിരുന്നു. അതിനുശേഷം ഇപ്പോഴാണ് ഇത്രയും ഉയർന്ന പോളിംഗ് നടക്കുന്നത്. 2016 ൽ ഇത് 56 ശതമാനം മാത്രമായിരുന്നു. അതിനു മുമ്പ് ബറാക് ഒബാമ തിരഞ്ഞെടുക്കപ്പെട്ടപ്പോൾ 58 ശതമാനവും.

ട്രംപിനെ പ്രസിഡന്റുസ്ഥാനത്തുനിന്ന് പുറത്താക്കി അമേരിക്കയുടെ ലോകമേധാവിത്വം വീണ്ടെടുക്കണമെന്ന് അമേരിക്കൻജനത കരുതിയിരിക്കാം. അതിന്റെ സൂചനയായി, ഉയർന്ന പോളിംഗ് ശതമാനത്തെ കണക്കാക്കാം. അത് ട്രംപിനു മനസ്സിലായിട്ടില്ല.

അതെന്തായാലും, പരാജയം സമ്മതിക്കാതെയും മുൻഗാമികൾ ചെയ്തിരുന്നതുപോലെ വിജയിയെ വൈറ്റ്ഹൗസിലേക്കു ക്ഷണിക്കാതെയും നിയുക്തപ്രസിഡണ്ടിനു നയപരമായ പുതിയ നിലപാടുകൾ സ്വീകരിക്കാൻ സൗകര്യം ഒരുക്കാതെയും, ബൈഡന്റെ വൈറ്റ് ഹൗസിലേക്കുള്ള വഴിയിൽ വിലങ്ങിനില്ക്കുകയാണ് ട്രംപ്. സ്വന്തം യശസ്സിനോടൊപ്പം രാഷ്ട്രത്തിന്റെ യശസ്സും നഷ്ടപ്പെടുത്താനാവും അദ്ദേഹത്തിന്റെ പുറപ്പാട്! ■

പുഴയൊഴുകുംവഴി

മാത്യൂസ് ആർപ്പൂക്കര




## മഞ്ഞനദി ഹുയാങ് ഹോ

**ചൈ**നയുടെ മഞ്ഞനദിയാണ് ഹുയാങ് ഹോ. ഇതിന്റെ തീരത്താണ് ചൈനീസ്സംസ്കാരം രൂപംകൊണ്ടത്. പുരാതന ചൈനയിലെ ഏറ്റവും സമ്പൽസമൃദ്ധമായ പ്രദേശം ഇതായിരുന്നു. 'ലോകത്തിലെ ഏറ്റവും ചെളിനിറഞ്ഞ നദി' - ഹുയാങ് ഹോ അങ്ങനെ അറിയപ്പെടുന്നു. ലോസ് എന്നറിയപ്പെടുന്ന മഞ്ഞനിറമാർന്ന പൊടിമണ്ണിലൂടെ അഥവാ ചെളിയിലൂടെ ഒഴുകുന്നതിനാലാണ് മഞ്ഞനിറം കൈവരിക. ഈ മഞ്ഞനിറമാണ് ഇതിനെ മഞ്ഞനദി എന്നു വിളിക്കാൻ കാരണം. കുത്തൊഴുക്കിൽ കണ്ടമാനം മണ്ണുവന്നടിഞ്ഞ് പലപ്പോഴും ഗതിമാറിയൊഴുകിയിട്ടുണ്ട് ഈ നദി.

വെള്ളപ്പൊക്കത്തിനു കുപ്രസിദ്ധി ഉണ്ടാക്കിയിട്ടുള്ളതാണ് ഹുയാങ് ഹോ. ലക്ഷക്കണക്കിനാളുകൾ ഈ നദിയിലെ വെള്ളപ്പൊക്കത്തിൽ മരണമടഞ്ഞിട്ടുണ്ട്. പ്രളയത്താൽ ചൈനക്കാരെ എമ്പാടും കഷ്ടപ്പെടുത്തുന്നതിനാൽ മഞ്ഞനദിയെ 'ചൈനയുടെ ദുഃഖം' എന്നു വിശേഷിപ്പിക്കാറുണ്ട്. ഏകദേശം 752500 ചതുരശ്രകിലോമീറ്റർ നദീതടമുണ്ട് ഹുയാങ് ഹോയ്ക്ക്. ഈ നദിയെ യാങ്സി നദിയുമായി ബന്ധിപ്പിക്കുന്ന ഗ്രാൻഡ് കനാൽ നൂറോളം വർഷംകൊണ്ടാണ് പണിതീർത്തത്. ബി.സി. 500 ലായിരുന്നു തുടക്കം. യുനെസ്കോയുടെ ലോകപൈതൃകപ്പട്ടികയിൽ ഉൾപ്പെടുത്തപ്പെട്ട നിർമ്മിതിയാണിത്.

'ചൈനീസ് സംസ്കാരത്തിന്റെ കളിത്തൊട്ടിൽ' എന്ന വിശേഷണമുള്ള മഞ്ഞനദിക്ക് നീളത്തിൽ ചൈനയിൽ രണ്ടാം സ്ഥാനവും ലോകത്ത് ആറാം സ്ഥാനവും ഉണ്ട്. നീളം 5464 കിലോമീറ്റർ. പടിഞ്ഞാറൻ ചൈനയിലെ ബായൻ ഹാർ പർവതനിരയിൽനിന്നാണ് ഉദ്ഭവിക്കുക. വടക്കോട്ടൊഴുകുന്ന ഈ നദി ചൈനയിലെ കർഷകരുടെ ഉറ്റമിത്രമാണ്. പല കാർഷികവിളകളുടെയും ഉത്പാദനത്തിൽ ചൈനയെ മുന്നിലെത്തിച്ചതിനു മഞ്ഞനദിക്കു വലിയ പങ്കുണ്ട്. ഈ നദി ബഹായ് കടലിൽ പതിക്കുന്നു.



അഡ്വ. എ.റ്റി. തോമസ് വാളനാട്ട്

**2020** ഒക്ടോബർ 3. അന്ന് വക്കീലിന്റെ 69–ാം ജന്മദിനമായിരുന്നു. ഗാന്ധിജി ജനിച്ചതിന്റെ പിറ്റേദിവസമാണ് താൻ ജനിച്ചതെന്ന് അദ്ദേഹം അഭിമാനപൂർവ്വം പറയാറുണ്ട്. അന്നു രാവിലെ എട്ടുമണിയായിട്ടുണ്ടാവും, അദ്ദേഹത്തിന്റെ കൊച്ചുമകൾ (ഇളയമകന്റെ മകൾ) ഭാവയെന്ന നാലരവയസ്സുകാരി മെല്ലെ അടുത്തുകൂടി മുട്ടിമുട്ടി നടന്നു. അവൾക്കെന്തോ പറയാനുണ്ടെന്ന് അദ്ദേഹത്തിനു മനസ്സിലായി. ഒന്നും മനസ്സിലായില്ലെന്നമട്ടിൽ അദ്ദേഹം അവളുടെ മുഖത്തേക്കു നോക്കിയിരുന്നു. കാര്യമെന്താണെന്നു തിരക്കാൻ അപ്പൂപ്പനു യാതൊരുദ്ദേശ്യവുമില്ലെന്നു ബോദ്ധ്യമായ ഭാവ നീട്ടിവിളിച്ചു,

"അപ്പൂപ്പാ..."

"എന്താ മോളേ..."

"ഇന്ന് അപ്പൂപ്പന്റെ ഹാപ്പി ബർത്ത്ഡേയല്ലേ?"

"അതെ."

"എന്നിട്ടെന്താ അപ്പൂപ്പൻ കേക്കൊന്നും മേടിക്കാത്തത്? എന്റെയും ആഡ്യന്റെയും (അവളുടെ അനുജൻ) ബർത്ത് ഡേക്ക് അപ്പൂപ്പൻ കേക്കൊക്കെ മേടിച്ച്, മെഴുകുതിരിയൊക്കെ കത്തിച്ചുവച്ച് ഞങ്ങളെക്കൊണ്ട് മുറിപ്പിച്ച് ഹാപ്പി ബർത്ത്ഡേ പാടിയില്ലേ? അപ്പൂപ്പന്റെ ബർത്ത്ഡേക്കെന്താ അതൊന്നുമില്ലാത്തത്?"

"അതേ, അപ്പൂപ്പനു വയസ്സായില്ലേ മോളേ, അപ്പൂപ്പന്മാരുടെ ബർത്ത്ഡേയൊന്നും ആരും ആഘോഷിക്കാറില്ല."

"അതെന്താ?"

"അതൊക്കെ അങ്ങനെയാണു മോളേ."

കൊച്ചുമക്കൾ വിട്ടില്ല.

"അപ്പൂപ്പാ, ഞാനും ആഡ്യനുംകൂടെ ഞങ്ങടെ അപ്പയോടു പറഞ്ഞിട്ട് നല്ലൊരു കേക്കു മേടിപ്പിക്കും; എന്നിട്ട് പേരപ്പനേം പേരമ്മേനേം സിനിമോൾ ചേച്ചിയേം അബുവിനേം (മൂത്തമകന്റെ മക്കൾ) വരുത്തി കേക്കും മുറിച്ച്, മെഴുകുതിരിയും കത്തിച്ച് ഹാപ്പി ബർത്ത്ഡേ റ്റൂ യൂ അപ്പൂപ്പാ പാടുമല്ലോ."

"അതൊന്നും വേണ്ട മോളേ, അപ്പൂപ്പനതൊന്നും ഇഷ്ടമല്ല." കൊച്ചുമകൾ വാക്കുപാലിച്ചു. അപ്പൂപ്പനറിയാതെതന്നെ അവൾ അപ്പയെക്കൊണ്ട് നല്ലൊരു കേക്ക് വാങ്ങിപ്പിച്ചു. പേരപ്പനെയും പേരമ്മയെയും അവരുടെ മക്കളെയും ക്ഷണിച്ചു. വൈകുന്നേരം ആഘോഷമായ ഒരു കേക്കുമുറിക്കുള്ള ഏർപ്പാടുകളെല്ലാം ചെയ്തു. അമ്മൂമ്മ കൊച്ചുമകൾക്കു വേണ്ട എല്ലാ ഒത്താശയും ഒതുക്കത്തിൽ ചെയ്തുകൊടുത്തു. കാരണം, 41 വിവാഹവർഷങ്ങൾ കഴിഞ്ഞെങ്കിലും ഇന്നുവരെ ഈ അപ്പൂപ്പന്റെ കൈയിൽനിന്ന് ഒരു കഷണം കേക്ക് വാങ്ങിക്കഴിക്കാനുള്ള യോഗം അവർക്കുണ്ടായിട്ടില്ല. പിശുക്കനായതുകൊണ്ടൊന്നുമല്ല. എന്തോ, അങ്ങേരങ്ങനെയാ'' എന്നു പറയാനാണ് അമ്മൂമ്മയ്ക്കിഷ്ടം.

പിറന്നാൾദിവസം ഉച്ചയായപ്പോൾ ഇളയമകൻ ഒരു കാര്യം ശ്രദ്ധിച്ചു. അപ്പന്റെ മുഖം പതിവുപോലെ പ്രസന്നമല്ല... പറയാനിഷ്ടപ്പെടാത്ത എന്തോ ഒരു വിഷമം അപ്പനെ വേട്ടയാടുന്നതായി അയാൾക്കു തോന്നി. തന്റെ വല്ല സംസാരവും അപ്പനു പിടിക്കാതെയെങ്ങാനും വന്നോ? അതിനു സാദ്ധ്യതയില്ല; കാരണം, കുറെക്കാലമായി താൻ വളരെ കരുതലോടെയേ സംസാരിക്കാറുള്ളൂ; നേരത്തേയൊക്കെ ആലോചനയില്ലാതെ എല്ലാവരോടുമെന്നതുപോലെ അപ്പനോട് എന്തും പറയുന്ന ഒരു പ്രകൃതമായിരുന്നു തന്റേത്. അതിന്റെ ചെറിയൊരു നീരസവും അദ്ദേഹത്തിനില്ലാതില്ല. സി.പി.യു. ഇല്ലാത്ത കമ്പ്യൂട്ടറാണെന്നാണ് അപ്പനു തന്നെപ്പറ്റിയുള്ള അഭിപ്രായം. കമ്പ്യൂട്ടറിലേക്ക് ഡേറ്റാ ഫീഡ് ചെയ്താൽ അതിന്റെ സെൻട്രൽ പ്രോസസ്സിങ് യൂണിറ്റ് പ്രോസ്സസ് ചെയ്യുന്നതുപോലെ, ഒരു കാര്യം പറയുന്നതിനുമുമ്പ് രണ്ടുവട്ടം മനസ്സിലിട്ട് പ്രോസ്സസ് ചെയ്തിട്ടേ സംസാരിക്കാവൂ എന്നാണ് അപ്പന്റെ പ്രമാണം. പക്ഷേ, ഈയിടെയായി തന്റെ സി.പി.യു. നല്ല വർക്കിംഗ് കണ്ടീഷനിലാണല്ലോ എന്ന കാര്യം അയാളോർത്തു. എന്നാൽപ്പിന്നെ എന്തായിരിക്കും പ്രശ്നം? എന്തായാലും തൊട്ടടുത്ത വീട്ടിൽ താമസിക്കുന്ന ചേട്ടനോട് – തന്നെക്കാൾ നാലു വയസ്സിന്റെ വ്യത്യാസമുണ്ടെങ്കിലും സുഹൃത്തിനെപ്പോലെയാണ് – തന്റെ സംശയം പങ്കുവച്ചു.

കേട്ടപാതി കേൾക്കാത്ത പാതി മൂത്തമകൻ പാഞ്ഞെത്തി. പരഹൃദയജ്ഞാനമുള്ളവനാണ്; മനഃശാസ്ത്രജ്ഞൻ. വന്നപാടേ അദ്ദേഹം അപ്പനെ അടിമുടിയൊന്നു വീക്ഷിച്ചു. പോലീസ് നായ പ്രതിയെ നോക്കുന്നതുപോലെ പതിവില്ലാത്ത, തലചുറ്റിച്ചുള്ള നോട്ടം കണ്ടിട്ട്, തെല്ലൊരസ്വസ്ഥതയോടെ അപ്പൻ ചോദിച്ചു: "എന്താടാ, കീരി പാമ്പിനെ പിടിക്കാൻ പോകുന്നതുപോലെ നിന്റെയൊരു വലംവയ്പ്പ്?" ഒന്നുകൂടി ദൃഷ്ടി തറപ്പിച്ചുനോക്കിയിട്ടു പറഞ്ഞു: "അല്ല അനിയൻ പറഞ്ഞു, അപ്പന് ഉച്ചകഴിഞ്ഞപ്പോൾമുതൽ ഒരു മൂഡ്ഔട്ടാണെന്ന്."

"എന്നിട്ട് നിനക്കെന്തു തോന്നുന്നു?"



"ശരിയാ, അവൻ പറഞ്ഞതു ശരിയാണെന്നാ എനിക്കും തോന്നുന്നത്, എന്തുപറ്റി? അപ്പൻ ഒരു തുറന്ന പുസ്തകമാണെന്നാണല്ലോ ഞങ്ങളോടു പറയാറ്; എന്തുണ്ടെങ്കിലും തുറന്നുപറ."

"ശരി പറയാം, നീ ഇങ്ങടുത്തിരിക്ക്," മകൻ അപ്പന്റെ ചാരുകസേരയുടെയടുത്തേക്ക് തന്റെ കസേരയടുപ്പിച്ചിട്ടു. "അതേ, കേക്ക് മുറിക്കാനുള്ള നിങ്ങടെ ഈ ഉത്സാഹമുണ്ടല്ലോ, അതേക്കുറിച്ചോർത്തിട്ടാ! ഒന്നു നിറുത്തിയിട്ട് അദ്ദേഹം ആത്മഗതം പോലെ പറഞ്ഞു: "ഒരു 60 വയസ്സുവരെ ഞാൻ പ്രായത്തെപ്പറ്റി ചിന്തിച്ചിട്ടില്ല. അതുവരെ വർഷങ്ങൾ പോകുന്നത് സാവധാനമായിരുന്നു. ഇന്നിപ്പോൾ കണ്ണടച്ചു തുറക്കുന്നതുപോലെയാണ്. എട്ടുവർഷങ്ങൾ കടന്നുപോയത് ഞാനറിഞ്ഞതേയില്ല. ഇപ്പോൾ ഓരോ വർഷവും എന്റെ ജീവിതത്തിന്റെ അന്ത്യരംഗങ്ങളെ അടർത്തിക്കൊണ്ടാണു പറന്നു പോകുന്നത്. 68, 69, 70 എന്നൊന്നും പറയാനോ കേൾക്കാനോ എനിക്കു താത്പര്യമില്ല. നിങ്ങടെയൊക്കെ ഉദ്ദേശ്യം എനിക്കു പിടികിട്ടി, ആഘോഷമായി കേക്കും മുറിച്ച്, ഹാപ്പി ബേർത്ത്ഡേയും പാടി ഈ കൊവിഡ് 19 ന്റെ കൂടെ മംഗളമായി യാത്രയയപ്പു നൽകുകയല്ലേ നിങ്ങൾ ചെയ്യുന്നത്? എനിക്കു ബർത്ത്ഡേ ആഘോഷമൊന്നും വേണ്ട. എന്നത്തെയുംപോലെ ഇന്നും. അതു മതി.

"അയ്യോ അപ്പാ ഞങ്ങൾ അങ്ങനെയൊന്നും..."

കൊച്ചുമക്കൾ അപ്പോഴേക്കും കേക്കു മുറിക്കാൻ അപ്പൂപ്പനെ ആഘോഷമായി ആനയിച്ചു കൊണ്ടുപോയി. കത്തിയെടുത്ത് അപ്പൂപ്പന്റെ കൈയിൽ കൊടുത്തു. കത്തിച്ചുവച്ച മെഴുതിരികൾ കെടുത്തി ഓരോന്നു കൈയിലെടുത്ത് അടുക്കി വച്ചു. പെട്ടെന്ന് കത്തിയെടുത്ത് കേക്ക് തലങ്ങും വിലങ്ങും മുറിച്ചു. ആദ്യകഷണം, കേക്ക്, മേടിപ്പിച്ച ഭാവയുടെ വായിൽത്തന്നെ തിരുകി. ഒരു കഷണം കേക്ക് ഭാവ അപ്പൂപ്പന്റെ വായിലും കൊടുക്കണമെന്ന് ആസൂത്രണം ചെയ്തിരുന്നെങ്കിലും അപ്പൂപ്പന്റെ മുഖത്തെ രൗദ്രഭാവം കണ്ടിട്ട് ആർക്കും അതിനു ധൈര്യമുണ്ടായില്ല. ഹാപ്പി ബർത്ത്ഡേ പാടിയത് വളരെ ലോലമായിപ്പോയി. അദ്ദേഹം കേക്ക് മുറി കഴിഞ്ഞ് തിരക്കിട്ടു പോകാനൊരുങ്ങുന്നു. ഭാവ സാവധാനം അടുത്തുചെന്ന് അപ്പൂപ്പന്റെ കാതിൽ മന്ത്രിച്ചു. അപ്പൂപ്പനെന്താ ആ മെഴുകുതിരിയെടുത്ത മാറ്റിയത്? അദ്ദേഹം എല്ലാവരുടെയും മുഖത്തേക്കു മാറി മാറി നോക്കിയതിനുശേഷം ഗർജ്ജിച്ചു. "മെഴുകുതിരി കത്തിക്കാറായില്ല. അതിനിനി ഒരു പത്തിരുപതു കൊല്ലം കൂടിക്കഴിയണം. ഒന്നും മനസ്സിലാകാത്തതുപോലെ ഭാവയും ആഡ്യനും സിനിമോളും അബുവും പരസ്പരം നോക്കി. അവരുടെ മാതാപിതാക്കൾ താഴോട്ടും നോക്കി നിന്നു. ചെറിയൊരു മന്ദഹാസം അവരുടെ ചുണ്ടിൽ വിരിഞ്ഞു.

■

# ജെ.സി. ഡാനിയേൽ പുരസ്കാരം ഹരിഹരന്



തിരുവനന്തപുരം: സംസ്ഥാന സർക്കാരിന്റെ പരമോന്നത ചലച്ചിത്ര ബഹുമതിയായ ജെ.സി. ഡാനിയേൽ പുരസ്കാരത്തിന് സംവിധായകൻ ഹരിഹരൻ അർഹനായി. മലയാള ചലച്ചിത്രരംഗത്തെ സമഗ്രസംഭാവനയ്ക്കാണ് അവാർഡ്. അഞ്ചുലക്ഷം രൂപയും പ്രശസ്തിപത്രവും ശില്പവുമടങ്ങുന്നതാണ് പുരസ്കാരം.

എം.ടി. വാസുദേവൻനായർ ചെയർമാനും സംവിധായകൻ ഹരികുമാർ, നടി വിധുബാല, ചലച്ചിത്ര അക്കാദമി ചെയർമാൻ കമൽ, സാംസ്കാരികവകുപ്പ് സെക്രട്ടറി റാണി ജോർജ് എന്നിവർ അംഗങ്ങളുമായ ജൂറിയാണ് പുരസ്കാരജേതാവിനെ കണ്ടെത്തിയത്.

കോഴിക്കോട് സ്വദേശിയായ ഹരിഹരൻ 1965 ലാണ് സിനിമാരംഗത്തെത്തുന്നത്. 1971 ൽ പുറത്തിറങ്ങിയ ലേഡീസ് ഹോസ്റ്റലാണ് ആദ്യചിത്രം. ശരപഞ്ജരം, പഞ്ചാഗ്നി, നഖക്ഷതങ്ങൾ, ആരണ്യകം, ഒരു വടക്കൻ വീരഗാഥ, സർഗം, പഴശിരാജ തുടങ്ങി നിരവധി ഹിറ്റ് ചിത്രങ്ങളൊരുക്കി. മികച്ച സംവിധായകനുള്ള സംസ്ഥാനപുരസ്കാരം നേടിയ അദ്ദേഹത്തിന് മൂന്നു തവണ ദേശീയപുരസ്കാരവും ലഭിച്ചിട്ടുണ്ട്.

# ജലമിത്ര അവാർഡുകൾ സമ്മാനിച്ചു

പാലാ: കോട്ടയം ജില്ലയിലെ മാതൃകാ ശുദ്ധജലപദ്ധതികൾക്ക് പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഏർപ്പെടുത്തിയ ജലമിത്ര അവാർഡുകൾ പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് സമ്മാനിച്ചു.

ജോസ് കെ. മാണി എം.പി. സമ്മേളനം ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, ബ്രദർ ജോസ് നെടുനിലം, ജലനിധി ടീം മാനേജർ ഡാന്റീസ് കൂനാനിക്കൽ, പ്രോജക്ട് കമ്മീഷണർ ജോപോൾ ജോസഫ്, ജലനിധി കൺസൾട്ടന്റ് ഡാനിഷ് കെ. മാത്യു തുടങ്ങിയവർ പ്രസംഗിച്ചു.

അകലക്കുന്നം പഞ്ചായത്തിലെ മൂഴൂർ ജലവിതരണപദ്ധതി, ഭരണങ്ങാനം പഞ്ചായത്തിലെ ഇടപ്പാടി ജലവാഹിനി ജലനിധി പദ്ധതി, മുത്തോലി പഞ്ചായത്തിലെ മുഴവനാൽകുന്ന് ജലനിധി പദ്ധതി, കരൂർ പഞ്ചായത്തിലെ തെക്കേടത്ത് ജലനിധിപദ്ധതി, വാഴപ്പിള്ളി പഞ്ചായത്തിലെ വടക്കേടം ശുദ്ധജലപദ്ധതി, രാമപുരം പഞ്ചായത്തിലെ ഇടിയനാൽ കർഷക കുടിവെള്ള പദ്ധതി, മൂന്നിലവ് പഞ്ചായത്തിലെ ചകണിയാംതടം ശുദ്ധജലപദ്ധതി, കടുത്തുരുത്തി പഞ്ചായത്തിലെ നിർമൽ ജലനിധി പദ്ധതി, തിടനാട് പഞ്ചായത്തിലെ വലിയപാറ ഭാവന കുടിവെള്ളപദ്ധതി, മരങ്ങാട്ടുപിള്ളി പഞ്ചായത്തിലെ നിർമാല്യം ശുദ്ധ ജല പദ്ധതി എന്നിവയ്ക്ക് അവാർഡുകൾ സമ്മാനിച്ചു.

ഭരണങ്ങാനം, കരൂർ, കൊഴുവനാൽ പഞ്ചായത്തുകളിലെ ജലനിധി പ്രോജക്ട് കമ്മീഷണർ ജോപോൾ ജോസഫിനെയും കടുത്തുരുത്തി, മുത്തോലി, ഭരണങ്ങാനം, കരൂർ, കൊഴുവനാൽ പഞ്ചായത്തുകളിൽ ജലനിധിയിലൂടെ 14000 വീടുകളിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തിയ ജലനിധി ടീം മാനേജർ ഡാന്റീസ് കൂനാനിക്കലിനെയും അനുമോദിച്ചു.

# സ്വർണ്ണപേടകത്തിലെ രാജകുമാരൻ







പ്രഫ. ചാണ്ടി സഖറിയാസ്

**ലോ**കത്തിൽ ഏറ്റവും പ്രഗല്ഭനായ ഫറവോ തൂത്തൻഖാമൻ അല്ല. എന്നാൽ, പ്രശസ്തിയുടെ കാര്യത്തിൽ അദ്ദേഹത്തെ വെല്ലുന്ന ഫറവോമാർ ചുരുങ്ങും. അതും ബാല്യത്തിൽ രാജ്യഭാരമേറ്റ് കൗമാരത്തിൽ ലോകത്തോടു വിടചൊല്ലിയ ഒരു രാജകുമാരനായി. എട്ടാമത്തെ വയസ്സിൽ ഫറവോയുടെ സ്വർണ്ണസിംഹാസനത്തിലിരുന്ന അദ്ദേഹം പത്തു വർഷം മാത്രം രാജ്യം ഭരിച്ച് ബി.സി. 1424 ൽ ലോകം വിട്ടുപിരിഞ്ഞു. സമകാലീനരെപ്പോലെയോ ചില പൂർവ്വികരെപ്പോലെയോ അദ്ദേഹം ആകാശത്തെ ചുംബിച്ചു നില്ക്കുന്ന ക്ഷേത്രഗോപുരങ്ങളോ സമുച്ചയങ്ങളോ കരിങ്കല്ലിലെ ഇതിഹാസങ്ങളോ സൃഷ്ടിച്ചില്ല. എന്നിട്ടും പ്രാചീന ഈജിപ്തിലെ ഏറ്റവും തിളക്കമാർന്ന വ്യക്തിയായി അദ്ദേഹവും അദ്ദേഹത്തോടൊപ്പം കണ്ടെടുത്ത വസ്തുക്കളും നിലനില്ക്കുന്നു.

നമ്മുടെയൊക്കെ കുട്ടിക്കാല സ്വപ്നങ്ങളിലും കഥകളിലും നിറഞ്ഞുനിന്ന ഒരു രാജ്യമാണ് ഈജിപ്റ്റ്. പഴയനിയമത്തിലെ പുറപ്പാടിന്റെ പുസ്തകത്തിൽ ഒരു ഫറവോയുടെ കീഴിൽ പീഡിപ്പിക്കപ്പെട്ടതിനുശേഷം കാനാൻദേശത്തേക്കു മോശയുടെ നേതൃത്വത്തിൽ മടങ്ങുന്ന ഇസ്രായേൽ ജനതയുടെ കഥയുണ്ട്. പത്തുകല്പനകൾ എന്ന സെസിൽ ബിഡെ മിലിയുടെ വിശ്വവിഖ്യാത ചലച്ചിത്രം ഈ കാര്യങ്ങൾ ഗാംഭീര്യത്തോടും വർണശബളിമയോടുംകൂടി സെല്ലുലോയ്ഡിൽ പറഞ്ഞിട്ടുണ്ട്.



*തൂത്തൻഖാമന്റെ മമ്മി വച്ചിരുന്ന ശവപേടകം*

ഞാൻ ഈജിപ്റ്റ് സന്ദർശിച്ചപ്പോൾ അത്യാവേശത്തോടെ എത്തിച്ചേർന്ന ഒരു സ്ഥലമാണ് കെയ്റോയിലുള്ള കെയ്റോ മ്യൂസിയം. അറുപതടിയിൽ കൂടുതൽ പൊക്കമുള്ള ഒറ്റക്കൽ സ്തംഭങ്ങളും റാസെസ് രണ്ടാമന്റെ കൂറ്റൻപ്രതിമയും കവാടത്തിൽ സ്വാഗതമോതുന്ന ഈ സ്ഥലം ഈജിപ്റ്റോളജിയിൽ താത്പര്യമുള്ളവർ തീർച്ചയായും കണ്ടിരിക്കേണ്ടതാണ്. രണ്ടു നിലകളിലായി നൂറു മുറികളിൽ ശേഖരിച്ചുവച്ചിരിക്കുന്നത് അമ്പരപ്പിക്കുന്നതും ആവേശം പിടിപ്പിക്കുന്നതുമായ ഈജിപ്ഷ്യൻ ചരിത്രത്തിന്റെ സാക്ഷ്യപത്രമാണ്. പിരമിഡുകളിൽനിന്നു കിട്ടിയിട്ടുള്ളതും കാർനാക്ക്, ലക്സർ മുതലായ പ്രാചീനക്ഷേത്രങ്ങളിൽനിന്നും ശേഖരിച്ചിട്ടുള്ളവയുമായ പ്രതിമകളും ചിത്രങ്ങളും ആഭരണങ്ങളും സാമൂഹികജീവിതത്തെ പ്രതിനിധാനം ചെയ്യുന്ന വിശേഷവസ്തുക്കളുമുണ്ട്. ഇവയിൽ സവിശേഷശ്രദ്ധ നേടുന്നത് തൂത്തൻഖാമന്റെ സ്വർണപേടകവും അദ്ദേഹത്തെ ധരിപ്പിച്ചിരുന്ന തനിസ്വർണ്ണത്തിലുള്ള അതിമനോഹരമായ മാസ്കുമാണ്. റാംസെസ് രണ്ടാമന്റേതുൾപ്പെടെയുള്ള ഇരുപതോളം മമ്മികളും അവിടെ സൂക്ഷിച്ചിട്ടുണ്ട്. കെയ്റോ മ്യൂസിയത്തിൽ കയറിയാൽ നമ്മൾ സഹസ്രാബ്ദങ്ങൾക്കു മുമ്പുള്ള ഒരു ലോകത്തിലേക്ക് അറിയാതെ എത്തിച്ചേർന്നതുപോലെ തോന്നും. 5000 വർഷത്തെ മാനവചരിത്രത്തിന്റെ പ്രകാശമുള്ള ഓർമ്മക്കുറിപ്പുകൾ നമുക്കവിടെ കാണുവാൻ കഴിയും. ഞാൻ പിന്നീട് അമേരിക്കയിലെ സാൻഫ്രാൻസിസ്കോയിൽ ചെന്നപ്പോൾ അവിടെ ഒരു പ്രദർശനഗരിയിൽ തൂത്തൻഖാമന്റെ ശവകുടീരത്തിൽനിന്നു കിട്ടിയ പുരാതനവസ്തുക്കളുടെ ശേഖരം വീണ്ടും കാണുകയുണ്ടായി. ബ്രിട്ടീഷ് മ്യൂസിയത്തിലും പാരീസിലെ ലൂമറേ മ്യൂസിയത്തിലും ഈജിപ്റ്റിനു വേണ്ടി ഓരോ ഹാളുകൾ മാറ്റിവച്ചിട്ടുണ്ട്. അവിടെയൊക്കെ ഈജിപ്റ്റിൽനിന്നു കൊണ്ടുവന്ന പുരാവസ്തുക്കൾ കാണാം.

തൂത്തൻഖാമനെ ഏറ്റം പ്രശസ്തനാക്കിയത് സ്വർണ്ണപേടകത്തിൽ സൂക്ഷിച്ചിരുന്ന മമ്മിയാക്കിയ അദ്ദേഹത്തിന്റെ ശവശരീരവും അതിൽ അദ്ദേഹത്തെ ധരിപ്പിച്ചിരുന്ന 10.23 കിലോ തൂക്കംവരുന്ന മുഖാവരണവുമായിരുന്നു. ഹോവാർഡ് കാർട്ടർ എന്ന ഇംഗ്ലീഷ് പുരാവസ്തു ഗവേഷകനാണ് ഈ ഫറവോയുടെ സംസ്കാരസ്ഥലം കണ്ടെത്തിയത്. ഈജിപ്റ്റിലെ പല ഉന്നതരെയും രാജകുടുംബാംഗങ്ങളെയും സംസ്കരിച്ചിരുന്ന രാജാക്കന്മാരുടെ താഴ്വര എന്ന സ്ഥലത്തായിരുന്നു ഇത്. മാസ്കും പേടകവും ഉൾപ്പെടെയുള്ള വസ്തുക്കൾ മനോഹരമായി പെയിന്റു ചെയ്തിരുന്ന ഉള്ളിലെ ഒരു മുറിക്കുള്ളിൽ ഭദ്രമായി സൂക്ഷിച്ചിരിക്കുകയായിരുന്നു.

3300 വർഷത്തെ ഉറക്കത്തിനുശേഷം തൂത്തൻഖാമൻ പുറംലോകത്തേക്കു വന്നത് ശാസ്ത്രസാങ്കേതികവിദ്യയുടെ വളർച്ചയുടെ വെളിച്ചത്തിൽ കുളിച്ചുനിന്നിരുന്ന 20-ാം നൂറ്റാണ്ടിലേക്കാണ്. 1922 ൽ കാർട്ടർ ശവക്കല്ലറ കണ്ടെത്തിയെങ്കിലും സീലുചെയ്തിരുന്ന ഉള്ളിലെ അറ തുറന്ന് തൂത്തൻഖാമന്റെ മമ്മിയും അതോടൊപ്പം ഉണ്ടായിരുന്ന അയ്യായിരത്തിലേറെ വസ്തുക്കളും കണ്ടു ബോധ്യപ്പെട്ടത് 1925 ഒക്ടോബർ 25 നായിരുന്നു. ഈജിപ്റ്റിൽനിന്നും മറ്റു സ്ഥലങ്ങളിൽനിന്നുമുള്ള വിദഗ്ധരുടെ സാന്നിധ്യത്തിലാണ് ഈ കണ്ടുപിടിത്തം രേഖപ്പെടുത്തിയിട്ടുള്ളത്. മാസ്കും വസ്തുക്കളും കെയ്റോ മ്യൂസിയത്തിലേക്കു മാറ്റിയെങ്കിലും തൂത്തൻഖാമന്റെ മമ്മി ഇപ്പോഴും ലക്സറിനടുത്തുള്ള രാജാക്കന്മാരുടെ താഴ്വരയിലാണ്.



*കെയ്റോ മ്യൂസിയം*

### തൂത്തൻഖാമന്റെ വംശപാരമ്പര്യം

മൂന്നായി തിരിച്ചിട്ടുള്ള ഫറവോമാരുടെ സുദീർഘകാലഘട്ടത്തിൽ അവസാനം വരുന്ന ന്യൂകിംഗ്ഡത്തിൽ 18-ാമത്തെ വംശാവലിയിലെ 13-ാമത്തെ ഫറവോയായിരുന്നു തൂത്തൻഖാമൻ. 1341 ബിസിയിൽ ജനിച്ച അദ്ദേഹം പത്തുവർഷത്തെ ഭരണത്തിനുശേഷം 1324 ബിസിയിൽ മരണമടഞ്ഞു. മരണകാരണം പൂർണമായും വ്യക്തമല്ല. രോഗം മൂലമോ അപകടം മൂലമോ ശത്രുക്കൾമൂലമോ മരണം എന്ന് ഇന്നും തെളിയിക്കപ്പെട്ടിട്ടില്ല.

അക്കനേറ്റൻ എന്ന പ്രഗല്ഭനായ ഫറവോയായിരുന്നു അദ്ദേഹത്തിന്റെ പിതാവ്. അദ്ദേഹത്തിന്റെ കാലത്ത് ഖജനാവുകൾ സ്വർണവും രത്നവുംകൊണ്ടും കളപ്പുരകൾ ധാന്യങ്ങൾകൊണ്ടും നിറഞ്ഞുകവിഞ്ഞിരുന്നു. വിദേശരാജ്യങ്ങളിൽനിന്നും, കോളനികളിൽനിന്നു കപ്പമായും വ്യാപാരത്തിലൂടെയും ധനം ഈജിപ്റ്റിലേക്ക് ഒഴുകിയിരുന്നു.

### അക്കനേറ്റൻ

അക്കനേറ്റൻ (പിതാവ്) അമർനാ എന്ന സ്ഥലത്ത് സമാലംകൃതമായ ഒരു തലസ്ഥാനനഗരം പണിത് അവിടെ തന്റെ സുന്ദരിയും പ്രഗല്ഭയും മഹാറാണിയുമായ നെഫെർറ്റിറ്റിയോടൊപ്പം താമസിച്ചു. മറ്റു ദൈവങ്ങളെയെല്ലാം മാറ്റിനിർത്തി തന്നെത്തന്നെ ദൈവതുല്യനായി കണക്കാക്കി ജീവിച്ചു. അന്ന് മതപരമായി വളരെ പ്രാധാന്യമുള്ള തലസ്ഥാനഗരിയാണ് തെബീസിൽനിന്നു അമർനായിലേക്കു മാറ്റിയത്.

### നെഫെർറ്റിറ്റി

അക്കനേറ്റന്റെ രാജ്ഞിമാരിൽ മഹാറാണിയും സുന്ദരിയും പ്രഗല്ഭയുമായിരുന്നു നെഫെർറ്റിറ്റി. അവരുടെ ഒരു അർദ്ധകായപ്രതിമ ഈജിപ്റ്റിൽനിന്നു കിട്ടിയത് ജർമ്മനിയിലെ ബർലിനിലുള്ള ന്യൂയെസ് മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. നിർമ്മാണവൈഭവംകൊണ്ടും കലാമേന്മ കൊണ്ടും ലോകത്തിൽ ഏറ്റവും കൂടുതൽ അറിയപ്പെടുന്നതും ഏറ്റവും കൂടുതൽ കോപ്പികൾ ഉണ്ടായിട്ടുള്ളതും ഈ അർദ്ധകായപ്രതിമയുടേതാണ്. ഈ മനോഹരശില്പം ഉണ്ടാക്കിയത് കൊട്ടാരശില്പിയായ തുതുമോസാണ്. 1350 ബിസിയിലാണ് ഇതു നിർമ്മിക്കപ്പെട്ടത് എന്നു കണക്കാക്കപ്പെടുന്നു. 1912 ൽ ശില്പിയുടെ വർക്ക്ഷോപ് പേരോടുകൂടി പുരാവസ്തുഗവേഷകർ കണ്ടെത്തുകയുണ്ടായി. ഇന്നു ലോകമെമ്പാടും അറിയപ്പെടുന്ന വ്യക്തിയാണ് നെഫെർറ്റിറ്റി. ഈ വാക്കിന്റെ അർത്ഥം 'ഏറ്റവും മനോഹരിയായ സ്ത്രീ വന്നുചേർന്നിരിക്കുന്നു' എന്നാണ്. വിപ്ലവകരമായ മാറ്റങ്ങൾ വരുത്തിയ ആദ്ധ്യാത്മികരംഗം ഉൾപ്പെടെ എല്ലായിടത്തും ഭർത്താവിന്റെ വലംകൈയായിരുന്നു.

(തുടരും)

## വീട്ടുവളപ്പിൽ ഒരു ആത്ത



**കേ**രളത്തിലെ കാലാവസ്ഥയുമായി നന്നായി ഇണങ്ങി വളരുന്നതാണ് ആത്ത. കടുത്ത ചൂടിനെയും വരൾച്ചയെയും ഇവ അതിജീവിക്കുന്നു. 'അനോനേസി' സസ്യകുടുംബത്തിൽപ്പെട്ട ആത്തയിൽ അമ്പതിൽപ്പരം ഇനങ്ങൾ ഉണ്ടെങ്കിലും വ്യവസായിക ആവശ്യങ്ങൾക്കായി കുറച്ച് ഇനങ്ങൾ മാത്രമേ കൃഷി ചെയ്യുന്നുള്ളൂ. ബാലാനഗർ, വാമ്മൂത്ത്, ബ്രിട്ടീഷ് ഗയാന, ബാർസോഡ, റെഡ് കസ്റ്റാഡ് ആപ്പിൾ എന്നിവ ചില ഇനങ്ങളാണ്.

വിത്തുകൾ പാകി കിളിർപ്പിച്ചും ബഡ്ഡ് തൈകളായും മഴക്കാലത്തിന്റെ ആരംഭത്തിൽ തൈകൾ നടാം. തൈകളുടെ ചുവട്ടിൽ വെള്ളം കെട്ടിനിൽക്കുന്നത് ഒഴിവാക്കണം.

തൈകൾ നടുമ്പോൾ അടിവളമായി ചാണകപ്പൊടി, കമ്പോസ്റ്റ് എന്നിവ ചേർത്തുകൊടുക്കണം. ചാണകപ്പൊടി, കമ്പോസ്റ്റ്, ജൈവവളങ്ങൾ തുടങ്ങിയവ ഇവയ്ക്കു വളമായി നല്കാവുന്നതാണ്.

വേനൽക്കാലങ്ങളിൽ പുതയിടുന്നതും ഓല കൊണ്ട് മറച്ചുകെട്ടുന്നതും ജലസേചനം നടത്തുന്നതും ഇവയുടെ വളർച്ചയ്ക്കു സഹായകമാണ്. ആത്തയുടെ ഇല, വേര്, കായ്, വിത്ത് തുടങ്ങിയ എല്ലാ ഭാഗങ്ങളും ഉപയോഗപ്രദമാണ്.

ആത്തച്ചക്കപ്പഴത്തിന് നിരവധി ഔഷധഗുണങ്ങൾ ഉണ്ട്. ചൂടുകാലത്ത് ആത്തച്ചക്കപ്പഴം കഴിച്ചാൽ ശരീരം തണുക്കും. മസിലുകൾക്കു ശക്തിയും ഞരമ്പുകൾക്ക് ഉണർവും ഉണ്ടാക്കുന്നതിനു സഹായിക്കുന്നതാണ് ആത്തച്ചക്കപ്പഴം. യൗവനത്തെ നിലനിറുത്താൻ ഉതകുന്ന പഴങ്ങളിൽ ഇവയും ഉൾപ്പെടുന്നു. ജലാംശം, മാംസ്യം, കൊഴുപ്പ്, കാൽസ്യം, ഇരുമ്പ്, ധാതുലവണങ്ങൾ, സസ്യനാര് തുടങ്ങിയവ വിവിധ അളവിൽ ഇതിൽ അടങ്ങിയിരിക്കുന്നു.



# കാഴ്ചകളുടെ വസന്തം വിരിയിച്ച് കാട്ടാത്തിപ്പാറ

ചുറ്റുവട്ടം



കെ.ജി. രഞ്ജിത്ത്

മനോഹരമായ പച്ചപ്പുൽമേടുകളും മഞ്ഞിൽ കുളിച്ചു നിൽക്കുന്ന മലനിരകളും പാറക്കൂട്ടങ്ങൾക്കിടയിലൂടെ ഒഴുകിയെത്തുന്ന പാലരുവികളും വെള്ളച്ചാട്ടവും തടാകങ്ങളുമൊക്കെ ഏവരുടെയും മനംകവരുന്ന പ്രകൃതിദൃശ്യങ്ങളാണ്. അതിനൊപ്പം പഴമക്കാർ പറഞ്ഞുതന്ന ഒരു കഥകൂടി കേട്ടാലോ... മുത്തശ്ശിക്കഥകളെ സ്നേഹിക്കുന്ന ഏവർക്കുമതൊരു പുതുമയാകും. അങ്ങനെ കാഴ്ചകളുടെ വസന്തവും അനശ്വരപ്രണയത്തിന്റെ പഴങ്കഥയും കോർത്തിണക്കി നമ്മെ മാടി വിളിക്കുകയാണ് പത്തനംതിട്ട ജില്ലയിലെ കാട്ടാത്തിപ്പാറയെന്ന മനോഹരഭൂമി. പാറയായി മാറിയ കാട്ടാത്തിയെക്കുറിച്ചുള്ള പഴങ്കഥ

പണ്ടുപണ്ട് ഈ വനത്തിൽ ഒരു സുന്ദരിയായ ആദിവാസി പ്പെണ്ണ് ജീവിച്ചിരുന്നുവത്രേ. അവളൊരാളെ പ്രണയിച്ചിരുന്നു. എന്നാൽ, പിന്നീട് തന്റെ കാമുകനെ നഷ്ടപ്പെട്ട അവൾ ഈ പാറയുടെ മുകളിൽനിന്ന് ചാടി ആത്മഹത്യ ചെയ്തുവെന്നാണ് പഴമൊഴി. പ്രണയസാക്ഷാത്കാരത്തിനായി വനത്തിലെ ആചാരങ്ങൾ ധിക്കരിച്ച ആദിവാസിയുവതി ശാപംമൂലം കാട്ടാത്തിപ്പാറയായി മാറിയതാണെന്നും കഥകളുണ്ട്. കഥയെന്തായാലും യാത്രകൾ ഇഷ്ടപ്പെടുന്നവർക്ക് കൊക്കാത്തോട് കാട്ടാത്തിപ്പാറ ഒരു നല്ല അനുഭവം തന്നെയായിരിക്കും.

**കാട്ടാത്തിപ്പാറയുടെ കാഴ്ചകളിലേക്ക്**

നഷ്ടപ്രണയത്തിന്റെ ഓർമ്മകളും പേറി ഇന്നും കന്യകയായി നിൽക്കുകയാണ് ഇവിടെ കാട്ടാത്തിപ്പാറ. തന്റെ പ്രിയതമനു കാഴ്ച വയ്ക്കാൻ അവൾ ഒരുക്കി വച്ചിരിക്കുന്ന വിശേഷങ്ങളിലേക്കാണ് പ്രകൃതി നമ്മെ മാടി വിളിക്കുന്നത്. അച്ചൻകോവിലാറിന്റെ കുഞ്ഞോളങ്ങൾ തഴുകി വളർത്തിയ കൊക്കാത്തോട് എന്ന വനാന്തരഗ്രാമത്തിലാണ് കാട്ടാത്തിപ്പാറ സ്ഥിതിചെയ്യുന്നത്. കോന്നി വനം ഡിവിഷന്റെ ഭാഗമാണിവിടം. ഇന്ത്യ - ബർമ യുദ്ധത്തിൽ ഏർപ്പെട്ട പട്ടാളക്കാർക്ക് കൃഷി ചെയ്യാൻ അന്നത്തെ സർക്കാർ അനുവദിച്ചുനൽകിയ വനമേഖലയാണത്രേ കൊക്കാത്തോട്. വികസനപാതയിൽ അനേകം നേട്ടങ്ങൾ കൊക്കാത്തോട് ഇതിനോടകം കൈവരിച്ചു. ഇക്കോ ടൂറിസം വികസനത്തിലും ഇവിടെ സ്ഥിതി ചെയ്യുന്ന കാട്ടാത്തിപ്പാറയ്ക്കുള്ള സ്ഥാനം വലുതാണ്. ജീർണാവസ്ഥയിലായ വൻമരങ്ങളും പക്ഷികളും കാട്ടരുവികളുമെല്ലാം ഇവിടേക്കുള്ള യാത്രയ്ക്കിടയിലെ നയനമനോഹരകാഴ്ചകളാണ്.



**മല കയറാം യാത്ര തുടരാം**

മലമ്പണ്ടാരവിഭാഗത്തിൽപ്പെട്ട ആദിവാസികളുടെ ഊര് കടന്നു വേണം മല കയറാൻ. വനത്തിലൂടെ പിന്നെയും നാലുകിലോമീറ്റർ ഉള്ളിലേക്കു നടക്കണം. കാട്ടുവള്ളികൾ കുടപിടിച്ച വനം, വിശാലമായ പുൽപ്പരപ്പ്, ഇടയ്ക്ക് ക്ഷീണമകറ്റാനായി നീരുറവയിൽ മുഖം കഴുകി കാട്ടു പുല്ലുകളെ വകഞ്ഞുമാറ്റി മലകയറാം. കുത്തനേയുള്ള മലകയറുമ്പോൾ അങ്ങകലെ കിഴക്ക് തലയുയർത്തി നിൽക്കുന്ന അനേകം പാറകളും കാണാം. ഉളക്ക ചാണ്ടി, കൊതകുത്തി, പാപ്പിനി എന്നിങ്ങനെയാണ് ഈ പാറകളുടെ വിളിപ്പേരുകൾ. യാത്രാമദ്ധ്യേ ചിലപ്പോൾ ആന, കാട്ടുപോത്ത്, കേഴ, മ്ലാവ്, കൂരൻ, പന്നി എന്നിവയെയും കണ്ടേക്കാം. പ്രകൃതി സൗന്ദര്യം ആവോളം ആസ്വദിച്ച് അനേകം ചെറുകുന്നുകൾ കയറി മുകളിലെത്തുമ്പോൾ തലയുയർത്തി നിൽക്കുന്ന കാട്ടാത്തിപ്പാറ കാണാം. ചുറ്റും വലിയ പാറക്കൂട്ടങ്ങൾ, താഴ്വരകൾ, കാട്ടരുവികൾ, മഞ്ഞുതുള്ളികൾ പേറിയെത്തുന്ന കുളിർകാറ്റ് ഇവകൂടിയാകുമ്പോൾ കിലോമീറ്ററുകൾ നടന്നതിന്റെ ക്ഷീണമൊക്കെ പമ്പകടക്കും.

**കാട്ടിനുള്ളിലെ കാട്ടാത്തിപ്പാറ**

പത്തനംതിട്ട ജില്ലയിലെ കോന്നിയിൽനിന്ന് ഏകദേശം 20 കിലോമീറ്റർ അകലെ കല്ലേലി റൂട്ടിലാണ് കാട്ടാത്തിപ്പാറ. അച്ചൻകോവിൽവഴിയും കാട്ടാത്തിയിലെത്താം. ഞാവനാൽ ചെക്പോസ്റ്റിലെ പരിശോധനകൾക്കുശേഷമേ സ്വകാര്യവാഹനങ്ങൾ ഇവിടേക്കു കടത്തിവിടുകയുള്ളൂ. കോന്നി റിസർവ് ഫോറസ്റ്റിനുള്ളിലാണിത്. ചെക്പോസ്റ്റ് കടന്ന് മുന്നോട്ടുചെല്ലുമ്പോൾ കൊക്കാത്തോട് പാലം കാണാം. പാലം കടന്ന് ഏകദേശം 8 കിലോമീറ്റർ കഴിയുമ്പോഴാണ് കാട്ടാത്തി ബസ് സ്റ്റോപ്പ്. ഇവിടം ജനവാസമേഖലയാണ്. അവിടെനിന്ന് വലത്തേക്കുള്ള കയറ്റം കയറി വേണം പാറയിലെത്താൻ. ഈ വഴി അല്പം ദുർഘടം പിടിച്ചതാണ്. കാട്ടാത്തി ആദിവാസി വനസംരക്ഷണസമിതി ഓഫീസിനു മുന്നിൽ അവസാനിക്കുന്ന ഈ വഴിയിലൂടെ വീണ്ടും വനത്തിലേക്കു പ്രവേശിക്കാം.

**സാഹസികരുടെ ഇഷ്ടദേശം**

ഏതൊരു യാത്രയ്ക്കും ശ്രദ്ധ ആവശ്യമാണ്. അത് കാട്ടിലേക്കാകുമ്പോൾ അല്പം കരുതലും ഉണ്ടാകണം. സാഹസികയാത്ര ഇഷ്ടപ്പെടുന്നവരാണ് കാട്ടാത്തിപ്പാറയുടെ സന്ദർശകർ. ചെറിയ നടപ്പാതയിലൂടെയാണ് പാറയിലേക്കുള്ള യാത്ര. വനപാതയിലൂടെ രണ്ടര കിലോമീറ്ററോളം ചെല്ലുമ്പോൾ കാട്ടാത്തിപ്പാറയുടെ അടിവാരത്ത് എത്തും. വഴുക്കലിനോടൊപ്പം ചെറിയ പാറക്കഷണങ്ങളും മുകളിലേക്കുള്ള കയറ്റത്തിന്റെ അപകടസാധ്യത വർദ്ധിപ്പിക്കുന്നു. രക്തം കുടിക്കുന്ന കുളയട്ടകളുടെ ശല്യവും ഇവിടെയുണ്ട്. മഴയ്ക്കുമുമ്പ് കാട്ടിൽനിന്ന് തിരിച്ചിറങ്ങണം. കാട്ടുമൃഗങ്ങളും മറ്റും ഉള്ളതിനാൽ വളരെ കരുതലോടെ വേണം യാത്ര. മഞ്ഞു വീണ് വഴി മറയുന്നതിനുമുമ്പ് തിരിച്ചിറങ്ങുന്നതാണ് നന്ന്. വനപ്രദേശമായതിനാൽ ഭക്ഷണവും വെള്ളവും കൈയിൽ കരുതുന്നത് നന്നായിരിക്കും.

■

## വിനയാന്വിതനായ ഗുരുശ്രേഷ്ഠൻ

കുറവിലങ്ങാട് ദേവമാതാ കോളജ് മുൻപ്രിൻസിപ്പൽ, മാതൃകാധ്യാപകൻ, ഗ്രന്ഥകാരൻ, രാജ്യം ശ്രദ്ധിച്ച ഫിലാറ്റലിസ്റ്റ്, വിശ്വാസപരിശീലകൻ, ചരിത്രകാരൻ എന്നീ നിലകളിൽ സമാനതകളില്ലാത്ത വ്യക്തിത്വത്തിനുടമയായിരുന്നു കഴിഞ്ഞ ദിവസം കാലയവനികയ്ക്കുള്ളിൽ മറഞ്ഞ പ്രഫ. ജോർജ് ജോൺ നിധീരി എന്ന ജോർജുകുട്ടി സാർ.



പ്രഫ. ജോർജ് ജോൺ നിധീരി

ദേവമാതാ കോളജിന്റെ പിറവിക്കുപിന്നിൽ പ്രഫ. ജോർജ് ജോണിന്റെ ചിന്തകളും പരിശ്രമങ്ങളുമുണ്ടായിരുന്നു. ദേവമാതാ കോളജിലെ ആദ്യനിര അധ്യാപകനായി കൊല്ലത്തെ അധ്യാപകജോലി ഉപേക്ഷിച്ചെത്തിയത് നാടിനോടുള്ള കടപ്പാടിന്റെ തെളിവായിരുന്നു. അധ്യാപനത്തിനപ്പുറം ചരിത്രരചനയിലും വലിയ സംഭാവനയാണ് ജോർജ് ജോൺ ക്രൈസ്തവ ലോകത്തിനും ഇടവകയ്ക്കും നൽകിയത്. അടുത്തനാളിൽ കുറവിലങ്ങാടിന്റെ വിശ്വാസപാരമ്പര്യത്തെ അനാവരണം ചെയ്ത പുതിയ പുസ്തകം മാർപാപ്പായുടെ കൈകളിൽ എത്തിയതും അദ്ദേഹത്തിന്റെ പാണ്ഡിത്യത്തിനുള്ള അംഗീകാരമായി. 'ക്രിസ്തുവിന്റെ ജീവിതം' എന്ന പേരിലുള്ള സ്റ്റാമ്പ് പ്രദർശനം രാജ്യമാകെ ശ്രദ്ധിച്ചതാണ്. പെനിബ്ലാക്ക് സ്റ്റാമ്പിന് തന്റെ ശേഖരത്തിൽ ഇടം ലഭിച്ചതോടെ സ്റ്റാമ്പ് ശേഖരം കാണാനെത്തുന്നവരുടെ എണ്ണം ഏറെയായിരുന്നു.

അറിവും വിനയവും തമ്മിൽ അഭേദ്യബന്ധമാണുള്ളതെന്ന് ജീവിതത്തിലൂടെ അനേകായിരങ്ങളെ പഠിപ്പിച്ച അധ്യാപകശ്രേഷ്ഠനായിരുന്നു പ്രഫ. ജോർജ് ജോൺ നിധീരി. ദീപനാളത്തിന്റെ ലേഖകസുഹൃത്തും അഭ്യുദയകാംക്ഷിയുമായിരുന്ന ജോർജുകുട്ടി സാറിന് ദീപനാളം കുടുംബാംഗങ്ങളുടെ സ്മരാണാഞ്ജലി.

## എം.എഡ്. സീറ്റൊഴിവ്

പാലാ: പാലാ സെന്റ് തോമസ് കോളജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ എം.എഡിന് സീറ്റൊഴിവുണ്ടെന്ന് പ്രിൻസിപ്പൽ അറിയിച്ചു. ടി.ടി.സി.യും ഡിഗ്രിയും കഴിഞ്ഞവർക്കും അപേക്ഷിക്കാം. എസ്.സി, എസ്.ടി, ഒ.ഇ.സി. വിഭാഗക്കാർക്ക് ഫീസില്ല. ഫോൺ: 04822 - 216537, 9495212730.



## കരവിരുതിലെ കലാശില്പങ്ങൾ

ഈഫൽ ഗോപുരം, പാലാ കുരിശുപള്ളി, താജ്മഹൽ... പാലാ കെഴുവംകുളത്തെ കുന്നേപ്പറമ്പിൽ വീട്ടിലെത്തിയാൽ ഇവ മൂന്നും ഒന്നിച്ചു കാണാം! ശില്പിയുടെ പേര് കെ.വി. ബിനീഷ്.

ഫർണീച്ചർനിർമ്മാണത്തിനുശേഷം ബാക്കിവരുന്ന തടികളിൽനിന്നാണ് മിനിയേച്ചറുകൾ കൊത്തിയെടുക്കുന്നത്. ഗ്ലാസ് പെയിന്റിങ് ജോലികൾ ചെയ്ത് ഉപജീവനം നയിച്ചിരുന്ന ബിനീഷ് കോവിഡ്സമയത്തു ജോലി കുറഞ്ഞതോടെയാണു ശില്പനിർമാണത്തിലേക്കു തിരിഞ്ഞത്. പാലാ കുരിശുപള്ളിയുടെ മാതൃക തീർക്കാൻ വേണ്ടിവന്നത് മൂന്ന് ആഴ്ച. പള്ളിയുടെ ഏറ്റവും മുകളിൽ ക്രിസ്തുരാജന്റെ രൂപവുമുണ്ട്.

തടിക്കഷണങ്ങൾ പശ ഉപയോഗിച്ച് കൂട്ടിയോജിപ്പിച്ചാണ് നിർമാണം. ജീവൻ തുടിക്കുന്ന ചുവർച്ചിത്രങ്ങളും തേക്കിലും മഹാഗണിയിലും തീർത്ത ഡിസൈനുകളും ബിനീഷിന്റെ നിർമ്മാണശേഖരത്തിലുണ്ട്. ചെറുവള്ളിക്കാവ് ക്ഷേത്രത്തിന്റെ മാതൃക, മധുരമീനാക്ഷി ക്ഷേത്രത്തിലെ ആന വലിക്കുന്ന രഥം, തെർമ്മോക്കോളിൽ തീർത്ത വീണ തുടങ്ങിയവയും അക്കൂട്ടത്തിലുണ്ട്.

എസ്എസ്എൽസിക്കുശേഷം പാലാ ഫൈൻ ആർട്സ് കോളജിൽ മൂന്നു വർഷം ചിത്രരചനയും ശില്പരചനയും പഠിച്ചു. കുന്നേപ്പറമ്പിൽ പരേതനായ വാസുദേവന്റെയും കുട്ടിയമ്മയുടെയും മകനാണ്.




## അദ്ധ്യായം 12

ഉച്ചയൂണിനു പ്രിയപ്പെട്ട വിഭവങ്ങളെല്ലാം മേശയിൽ നിരന്നിട്ടും പുഴക്കര വക്കച്ചന്റെ മുഖം മങ്ങിയിരുന്നു. വധശിക്ഷയ്ക്കുമുമ്പുള്ള അവസാനഭക്ഷണം കഴിക്കുന്നവന്റെ ഭാവങ്ങളായിരുന്നു അയാളുടെ മുഖത്ത്.

"ഇച്ചായാ, ഡക്ക് റോസ്റ്റ് നന്നായില്ലേ ഇതുവരെ തൊട്ടിട്ടില്ലല്ലോ?" അയാൾക്ക് ഓരോന്നു വിളമ്പിക്കൊടുത്തുകൊണ്ട് അടുത്ത കസേരയിലിരുന്ന ഫിലോമിന തിരക്കി.

"ഫിലോ... നീ ദയവായിട്ടൊന്നു മിണ്ടാതിരിക്ക്."

"എന്താ ഇച്ചായാ... എന്തു പറ്റി?"

"എടീ, ഞാനാ ജിനേഷിന്റെയടുത്ത് ഒത്തുതീർപ്പിനുവേണ്ടി ഒരുത്തനെ വിട്ടിരുന്നു. ഒന്നും നടന്നില്ല. സംഗതി പാളി."

"വക്കച്ചായനെന്തിനാ അതിന് ഇടനിലക്കാരനെ വിട്ടത്? ഇങ്ങനെയുള്ള കാര്യമൊക്കെ നേരിട്ടു ചെയ്യുന്നതാ ബുദ്ധി."

"ഒന്നിനും വഴങ്ങാത്തവന്റെ മുമ്പിൽ ഞാൻ ചെന്ന് വീണ്ടും നാണംകെടണമെന്നാണോ?"

"എന്നല്ല, ഇടനിലക്കാരൻ നമ്മളുദ്ദേശിച്ച പണം മുഴുവൻ കൊടുക്കാതെ കൊടുത്തെന്നു പറഞ്ഞാൽ വിശ്വസിക്കണ്ടേ?"

"വിശ്വസിക്കാവുന്നയാളെയാ വിട്ടത്. ഒരോഫറ് വച്ചു. ഞെട്ടിക്കുന്ന ഓഫറായിരുന്നു. എന്നിട്ടും അവൻ വഴങ്ങിയില്ല. അവനെന്റെ വീടു പൊടിയാക്കുന്നതു കാണണം. എന്തു നേട്ടമാ അവനതുകൊണ്ട്? സാഡിസം. ഒടുക്കത്തെ സാഡിസം."

"സുപ്രീം കോടതീൽനിന്ന് തീരുമാനം വന്നോ ഇച്ചായാ."

"ഇല്ല. രണ്ടു ദിവസങ്ങൾക്കുള്ളിലുണ്ടാകും. അവന്റെ വക്കീല് നമുക്കു സ്റ്റേ കിട്ടാതിരിക്കാനുള്ള എല്ലാ വാദങ്ങളും നിരത്തി. നമ്മുടെ വക്കീലിന്റെ പ്രതീക്ഷ പോയി. രൂപാ പത്തു ലക്ഷമാ ആ പെരുമ്പാമ്പ് വിഴുങ്ങിയത്..!"

"അച്ചായാ, വരുന്നതെന്തും നേരിടാനുള്ള കരുത്തു നമ്മൾക്കുണ്ടാകണം. ഏതായാലും പെരുവഴീലോട്ടെറങ്ങണ്ടല്ലോ. വീടും ഫ്ളാറ്റുമൊക്കെ നമുക്കൊണ്ടല്ലോ."

ഊണു നിർത്തി വക്കച്ചൻ എഴുന്നേറ്റുനിന്നു.

"എടീ, ഇതാണെന്റെ ഡ്രീം ഹൗസ്. ഇവിടുത്തെ വിശാലമായ ഹാളുണ്ടാക്കിയത് മരിക്കുമ്പം എന്റെ ദേഹം പെട്ടീൽ കെടത്താനാ. വീട്ടുകാർക്കും ബന്ധുക്കൾക്കുമെല്ലാം നിൽക്കാനുള്ള ഇടമിവിടെയുണ്ട്. കരിങ്കല്ലു പാകി ഇടയ്ക്കു പുല്ലു പിടിപ്പിച്ച മുറ്റത്ത് എന്നെ യാത്രയാക്കാൻ വരുന്നവർക്കൊക്കെ നിൽക്കാം. കുന്നിൻ ചെരിവിലുള്ള തറവാട്ടു വീട്ടീന്നെറങ്ങി ഇങ്ങോട്ടു മാറിയതിന് അങ്ങനെ പല ഉദ്ദേശ്യങ്ങളുമുണ്ടായിരുന്നു. എന്റെ മീര മോള് ഈ വീട്ടീന്നെറങ്ങിയാ വല്ലാതെ വെഷമിക്കും. 'ഫിക്സ്' കൂടി അവൾ മരിച്ചുപോയെന്നുമിരിക്കും. നമ്മളെങ്ങനെ സഹിക്കുമെടീ അതൊക്കെ?" വക്കച്ചന്റെ ശബ്ദമിടറി.

"മോള്, അഡ്ജസ്റ്റാകും. അച്ചായന്റെ കാര്യത്തിലാ..." ഫിലോമിന പറഞ്ഞു.

"മറ്റവൻ... ആ വ്യത്തികെട്ടവൻ പൊടിക്കൂനയായിക്കെടക്കുന്ന നമ്മുടെ വീടിന്റെ മുമ്പിൽനിന്ന് സെൽഫിയെടുത്ത് ആഘോഷിക്കുമായിരിക്കും. പൊറുക്കുകേല അവനോടു ഞാൻ. പോലീസിന്റെ പ്രൊട്ടക്ഷനൊന്നും എനിക്കു പ്രശ്നമല്ല. രണ്ടാംപ്രതി മാത്തന്റെ മകള്. കളക്ടറ്. അവളേം വിടുകേല ഞാൻ. 'കൊക്കി'നു ജീവനുണ്ടെങ്കിൽ വക്കച്ചൻ പകരം വീട്ടിയിരിക്കും. അതിനൊന്നും പറ്റിയില്ലെങ്കിൽ പുഴക്കര വക്കച്ചൻ ഈ ഭൂമിയിൽ പിന്നെ ജീവിച്ചിരിക്കില്ല."

"ഇങ്ങനെയൊക്കെപ്പറയാതെ വക്കച്ചായാ. കായൽക്കരയിലല്ലെങ്കിലും പുഴയും തോടുമൊക്കെയുള്ള വേറെയും പ്ലോട്ടുകൾ നമുക്കുണ്ടല്ലോ. അവിടെ പുതിയൊരു വീടുണ്ടാക്കാം. ഇതിലും വലുത്. പുതിയ ഫാഷനിലുള്ളത്."

"ഇല്ല. ഇനി വീടുപണിയില്ല എന്റെ ജീവിതത്തിൽ. എന്റെ വീടു പൊളിപ്പിച്ചവർക്കെതിരേയായിരിക്കും എന്റെ പണി.

വാഷ്ബേസനിൽ കൈയും മുഖവും കഴുകി ടർക്കിത്തോർത്തുകൊണ്ടു തുടച്ച്കൊണ്ട് വക്കച്ചൻ തന്റെ റൂമിലേക്കു പോയി.

വക്കച്ചന്റെ ഭാവമാറ്റം ഫിലോമിനയെ ഉത്കണ്ഠാകുലയാക്കി. വീടൊഴിയുന്നതിൽ മീരമോളെക്കാളധികം തകരുന്നത് അച്ചായനാണ്. എല്ലാ പരിശ്രമങ്ങളും പരാജയപ്പെട്ടതിന്റെ വിഹ്വലത വക്കച്ചനുണ്ട്. ബിസിനസ് തകർന്നതിന്റെ പേരിൽ പതിന്നാലാംനിലയിൽ നിന്നു ചാടിമരിച്ച കോടീശ്വരനെപ്പറ്റി ഫിലോമിന ഓർത്തു. ജീവിതമാർഗ്ഗമില്ലാഞ്ഞിട്ടല്ല ആ മനുഷ്യൻ കടുംകൈ ചെയ്തത്. ഒരു തിരിച്ചടി നേരിടാനുള്ള മനക്കരുത്തില്ലാഞ്ഞിട്ടാണ്. വക്കച്ചനും അങ്ങനെയെന്തെങ്കിലും ചെയ്തേക്കുമോ എന്ന് അവൾ ഭയപ്പെട്ടു. മകൾക്കും ഭർത്താവിനും ഉച്ചഭക്ഷണം കൊടുത്തു കഴിഞ്ഞാണ് ഫിലോമിന കഴിക്കാറുള്ളത്.

ഡൈനിംഗ് ടേബിളിനു മുമ്പിലിരിക്കുമ്പോൾ വിശപ്പെട്ടും തോന്നിയില്ല. പ്ലേറ്റിൽ രണ്ടു സ്പൂൺ ചോറും പുളിശേരിയും ഒരു പീസ് മീൻവറുത്തതും വിളമ്പി.

ഒരുവിധത്തിൽ അതു കഴിച്ചു തീർത്തു. കൈകഴുകിവന്ന് പാത്രങ്ങളെല്ലാം എടുത്ത് കഴുകിവച്ചു. പിന്നെ അവർ മകളുടെ മുറിയിലേക്കു ചെന്നു. വീൽചെയറിലിരുന്ന് ഏതോ ഇംഗ്ലീഷ് പുസ്തകം വായിക്കുകയായിരുന്നു, മീര. അമ്മയെക്കണ്ട് അവൾ പുസ്തകം മടക്കി.

"മോളേ..."

"എന്താ... അമ്മേ?"

എന്തു പറയണം, എങ്ങനെ തുടങ്ങണമെന്നറിയാതെ ഫിലോമിന പതറിനിന്നു.

"അമ്മ വന്ന കാര്യം പറയ്, എന്താണെങ്കിലും." മീര മൃദുവായി പുഞ്ചിരിച്ചു.

"അമ്മയ്ക്ക് നിന്റെയൊപ്പം പഠിത്തവും അറിവുമൊന്നുമില്ല. ജീവിതത്തീന്ന് കണ്ടും കേട്ടും അനുഭവിച്ചും അറിഞ്ഞ ചില കാര്യങ്ങൾ പറയാനാ വന്നെ."

"പറഞ്ഞോ."

"ജീവിതത്തിൽ നമ്മൾ പ്രതീക്ഷിക്കുംപോലെയും ആഗ്രഹിക്കുംപോലെയും എല്ലാം നടക്കണമെന്നില്ല. രോഗം, മരണം, ദുരന്തങ്ങൾ എല്ലാം നമ്മൾ നേരിടണം. വെള്ളപ്പൊക്കത്തിൽ എത്ര പേരുടെ വീടുകൾ ഒഴുകിപ്പോകുന്നു. വീട്ടിലുള്ളവരെല്ലാം ഒന്നിച്ചു മരിക്കുന്നു. ഒന്നോ രണ്ടോ പേർ അദ്ഭുതകരമായി രക്ഷപ്പെടുന്ന സാഹചര്യങ്ങളുമുണ്ട്. അങ്ങനെ ശേഷിക്കുന്നവർ ജീവിക്കുന്നില്ലേ? നമുക്കിപ്പോൾ ഈ വീട്ടീന്നിറങ്ങിയാലും പോകാൻ ഇടമുണ്ട്. നിയമപരമല്ലാത്തത് സംരക്ഷിക്കാൻ ഇങ്ങനെ വാശി പിടിക്കുന്നത് ശരിയല്ലെന്നാ എന്റെ അഭിപ്രായം."

"അമ്മ ഈ വീടിനെ ഒരിക്കലും സ്നേഹിച്ചിട്ടില്ല. ഞാനും പപ്പയും ഇതിനെ ഒത്തിരി സ്നേഹിക്കുന്നു. ഞങ്ങടെ വിഷമം അതുകൊണ്ടാ." മീര പറഞ്ഞു.

"എനിക്കിനി ഒന്നും പറയാനില്ല." ഫിലോമിന പോകാൻ ഭാവിച്ചു.

"പോകാതമ്മേ, പിണങ്ങാതമ്മേ. ഞാനമ്മയെ കുറ്റപ്പെടുത്തിയതല്ല. വിഷമിപ്പിക്കാൻ പറഞ്ഞതല്ല" മീര സങ്കടപ്പെട്ടു.

ഫിലോമിന മൗനിയായി അവിടെത്തന്നെ നിന്നു.

"ഈ വീട് വെറും പൊടിയാക്കിക്കളഞ്ഞിട്ട് ആർക്ക് എന്തു നേട്ടം കിട്ടാനാണമ്മേ? നമ്മളിവിടെ ജീവിക്കുന്നു എന്നല്ലാതെ കായലിനെ ഏതെങ്കിലും തരത്തിൽ മലിനപ്പെടുത്തുന്നുണ്ടോ? ഇതു ഫാക്ടറിയൊന്നുമല്ലല്ലോ പൊല്യൂഷനുണ്ടാക്കാൻ. എറണാകുളത്ത് ഫ്ളാറ്റ് നീക്കീട്ട് ആർക്കു പ്രയോജനം കിട്ടി? അതുകൊണ്ടു നമ്മുടെ വീടിനെ രക്ഷിക്കാൻ അവസാനത്തെ ശ്രമംവരെ നടത്തണം."

"നിയമം നമുക്കു പൂർണമായും എതിരാണ്."

"ആയിരിക്കും. കഴിഞ്ഞ ദിവസം സലോമിയുടെ പേഴ്സണൽ നമ്പർ നമ്മൾ കണ്ടുപിടിച്ചായിരുന്നല്ലോ. അമ്മ എന്റെ ഫോണിൽ അതൊന്ന് ഡയൽ ചെയ്തു തന്നേ?"

"എന്തിന്?"

"എനിക്കൊന്നു വിളിക്കാൻ"

"സലോമിയിൽനിന്ന് കാരുണ്യം പ്രതീക്ഷിക്കരുത്. അവളുടെ കുടുംബം കുളംതോണ്ടിയത് നിന്റെ പപ്പായാണ്."

"ആയിരിക്കും. അതിന്റെയൊക്കെ ശിക്ഷ അനുഭവിക്കുന്നവളല്ലേ ഞാൻ. മരണത്തെക്കാൾ കഷ്ടമായ ജീവിതം നയിക്കുന്നവൾ. എനിക്കു സലോമിയോടൊന്നു മിണ്ടണം."

"നമ്മുടെയവസ്ഥ, നിന്റെ സ്ഥിതി അവളെ അറിയിക്കണോ മോളേ?"

"ഞാൻ ഫോണിലൊന്നു വിളിക്കുന്നതേയുള്ളൂ. എന്റെ കുറവുകൾ പറഞ്ഞ് പിന്മാറാനൊന്നും ഞാൻ പറയില്ല. എനിക്കവളുടെ ശബ്ദമൊന്നു കേൾക്കണം. ഇത്ര ദയനീയമായ സാഹചര്യങ്ങളിൽക്കൂടി സഞ്ചരിച്ച് ജില്ലാകളക്ടറുടെ കസേരയിലെത്തിയ സലോമിയെ ഒന്നഭിനന്ദിക്കണം."

"നിന്റെ പപ്പാ ഇതറിഞ്ഞാൽ സഹിക്കില്ല. ഒത്തിരി വിഷമിക്കും."

"ഞാൻ വിളിച്ചെന്ന് അമ്മ പറയാതിരുന്നാൽ മതി. നമ്പർ ഡയൽ ചെയ്ത് എന്റെ ചെവിയിൽ വച്ചുതാ."

മനസ്സില്ലാമനസ്സോടെ ഫിലോമിനാ, മീരയുടെ ഫോണിൽ കളക്ടർ സലോമിയുടെ നമ്പർ ഡയൽ ചെയ്തു. പിന്നെ കോൾ ബട്ടണമർത്തി. ബെല്ലുണ്ടായിരുന്നു. അവളുടെ ചെവിയോടു ചേർത്തപ്പോൾ ഡിസ്കണക്റ്റായി.

ഫിലോമിന വീണ്ടും നമ്പർ ഡയൽ ചെയ്തു. എൻഗേജ്ഡ് ടോൺ!

"മോളേ, കളക്ടറെയൊക്കെ വിളിച്ചു സംസാരിക്കാൻ എളുപ്പമൊന്നുമല്ല. പരിചയമില്ലാത്ത നമ്പർ കണ്ടാൽ അവരൊക്കെ എടുക്കണോന്നുമില്ല." ഫിലോമിന പറഞ്ഞു.



"അമ്മയ്ക്ക് സലോമിയുടെ നമ്പരിൽ ഒരു മെസേജ് വിടാമോ?"

"അയ്യോ. അതൊന്നും എനിക്കത്ര പിടിയില്ല."

"എന്റെ ആ ആഗ്രഹവും നടക്കില്ലെന്നു തോന്നുന്നു" മീര ദീനമായ പുഞ്ചിരിയോടെ പറഞ്ഞു.

"മോളേ, നമ്മുടെ തറവാടു വീടു വെറുതേ കിടക്കുകയല്ലേ? എല്ലാ സൗകര്യങ്ങളുമുള്ള വീട്. പപ്പായൊക്കെ ജനിച്ച വീട്. നമുക്ക് ആ വീടിനെ സ്നേഹിച്ചുതുടങ്ങാം."

മീര മറുപടി പറഞ്ഞില്ല. അവളുടെ മിഴികൾ നിറഞ്ഞുവന്നു.

പെട്ടെന്ന് ഫോൺ റിംഗ് ചെയ്തു. സലോമി കോളിംഗ്... സ്ക്രീനിൽ തെളിഞ്ഞു. ഫിലോമിന ഫോൺ ഓണാക്കി മീരയുടെ ചെവിയോടു ചേർത്തു.

*(തുടരും)*




നവംബർ 22
പള്ളിക്കൂദാശക്കാലം നാലാം ഞായർ



1 രാജാ 6:11–19
എസെ 43:1–7
ഹെബ്രാ 9:16–28
മത്താ 22: 41–46

ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ

# സ്നേഹത്തിൽ വസിക്കുന്ന രാജാവ്

**വി**ശ്വാസിസമൂഹം ആരാധന ക്രമവത്സരത്തിലെ അവസാനത്തെ ഞായറാഴ്ച ആചരിക്കുകയാണ്. മിശിഹാ വീണ്ടെടുത്ത മനുഷ്യകുലത്തെ പിതാവിന്റെ സന്നിധിയിൽ സമർപ്പിക്കുന്നതിനെയും മിശിഹായോടൊപ്പം സ്വർഗീയഭവനത്തി



ലുള്ള നിത്യവാസത്തെയുമാണ് ഈ അവസരത്തിൽ സഭാമക്കൾ ധ്യാനിക്കുന്നത്. മിശിഹാ നിത്യം രാജാവായി വാഴുന്നതും അവിടുത്തെ രാജത്വത്തിന്റെ മഹത്ത്വവുമെല്ലാം ഇവിടെ ധ്യാനവിഷയമാകുന്നുണ്ട്. അതിനാൽത്തന്നെ ആണ്ടുവട്ടത്തിലെ ഈ അവസാനഞായർ മിശിഹായുടെ രാജത്വത്തിരുനാളായും, പ്രത്യേകിച്ച് പാശ്ചാത്യസഭകളിൽ ആചരിക്കുന്നുണ്ട്.

കർത്താവിന്റെ സാന്നിധ്യം ഇസ്രായേൽമക്കൾക്കിടയിൽ ഉണ്ടായിരിക്കുവാൻവേണ്ടി ദൈവാലയം പണിയുന്ന സോളമനോട് കർത്താവ് പറയുന്ന വാക്കുകളാണ് രാജാക്കന്മാരുടെ പുസ്തകത്തിൽനിന്ന് നാം ശ്രവിക്കുന്നത്. അവിടന്ന് പറയുന്നു: നീ എനിക്കു ദൈവാലയം പണിയുകയാണല്ലോ, എന്റെ ചട്ടങ്ങൾ ആചരിച്ചും, അനുശാസനങ്ങൾ അനുസരിച്ചും, എന്റെ കല്പനകൾ പാലിച്ചും നടന്നാൽ ദാവീദിനോടു ചെയ്ത വാഗ്ദാനം നിന്നിൽ നിറവേറ്റും. ഞാൻ ഇസ്രായേലിന്റെ മധ്യേ വസിക്കും. ഇസ്രായേലിന്റെ മധ്യേ അവിടന്നു വസിക്കുന്നത് വലിയ ദൈവാലയം പണിതതുകൊണ്ടല്ല; മറിച്ച്, അവിടത്തെ മാർഗത്തിൽ ജനം ചരിക്കുന്നതുകൊണ്ടാണ് എന്ന് വചനം ഓർമിപ്പിക്കുന്നു.

എസെക്കിയേൽപ്രവാചകനുണ്ടായ ദൈവാലയദർശനമാണ് പ്രവാചകഗ്രന്ഥത്തിൽനിന്നു ശ്രവിക്കുന്നത്. ഇസ്രായേൽജനം ദൈവത്തിൽനിന്ന് അകന്നുപോയപ്പോൾ, അവിടത്തെ ചട്ടങ്ങൾ പാലിക്കാതെയും കല്പനകൾ അനുസരിക്കാതെയും കഴിഞ്ഞപ്പോൾ ദൈവമഹത്ത്വം ദൈവാലയത്തിൽനിന്നു പുറപ്പെട്ടുപോയിരുന്നു (എസെ 10). എന്നാൽ, അടിമത്തത്തിലേക്കുപോയ ഇസ്രായേൽജനം അനുതപിച്ച് കർത്താവിന്റെ മാർഗ്ഗത്തിലേക്കു തിരിച്ചുവരുമ്പോൾ കർത്താവിന്റെ മഹത്ത്വം തിരിച്ചുവരും എന്നതാണ് 43-ാം അധ്യായത്തിൽ വിവരിക്കുന്ന ദർശനത്തിൽ കാണുന്നത്. ഈ ഭൂമിയിൽ ദൈവത്തിന്റെ വാസസ്ഥലങ്ങളായി വർത്തിക്കുന്നത് ദൈവാലയങ്ങളാണെങ്കിലും ദൈവാലയങ്ങളിൽ ദൈവസാന്നിധ്യം നല്കുന്നത് ജനത്തിന്റെ സ്നേഹക്കൂട്ടായ്മയാലാണ്. തങ്ങളുടെ പ്രവൃത്തികൾ കർത്താവിനെതിരാവുകയും സഹോദരസ്നേഹം നഷ്ടപ്പെടുകയും ചെയ്യുമ്പോൾ ദൈവം ദൈവാലയങ്ങളിൽനിന്ന് അകലുന്നു.

ഹെബ്രായർക്കെഴുതപ്പെട്ട ലേഖനത്തിൽ മിശിഹായുടെ ബലിയുടെ അനന്യതയാണ് എടുത്തുപറയുന്നത്. ആദ്യത്തെ ഉടമ്പടി ഉറപ്പിക്കുന്നതിന് മൃഗങ്ങളുടെ ബലിയർപ്പണത്താലുള്ള രക്തം ഉണ്ടായിരുന്നു. അത് സ്വർഗീയകാര്യങ്ങളുടെ പ്രതിരൂപങ്ങളായവയെ വിശുദ്ധീകരിക്കുന്നതിന് ഇടയാക്കി. എന്നാൽ, മിശിഹായുടെ കുരിശിലെ ബലിയാലുള്ള തിരുരക്തത്താൽ സകലരെയും സ്വർഗ്ഗപ്രവേശനത്തിനു യോഗ്യമാംവിധം വിശുദ്ധീകരിച്ചുകൊണ്ട് പുതിയ ഉടമ്പടി മുദ്രവച്ച് എന്നേക്കുമായുള്ള ഏകബലിയർപ്പിക്കപ്പെട്ടു.

ഫരിസേയരും ഈശോയും തമ്മിലുള്ള സംഭാഷണമാണ് വിശുദ്ധ സുവിശേഷത്തിൽനിന്ന് ശ്രവിക്കുന്നത്. സദുക്കായരും ഫരിസേയരും ഈശോയോടു ചോദ്യങ്ങൾ ചോദിച്ചുകൊണ്ടും ഈശോയുടെമേൽ കുറ്റമാരോപിക്കുന്നതിന് തക്കം പാർത്തുകൊണ്ടും ഈശോയോടൊപ്പം നിരന്തരം ഉണ്ടായിരുന്നു. ഇന്നത്തെ സുവിശേഷഭാഗത്തിനു തൊട്ടുമുകളിൽ വിവരിക്കുന്നത് സദുക്കായരെ ഈശോ വാക്കുമുട്ടിച്ചെന്നു കേട്ട് ഫരിസേയർ ഏറ്റവും പ്രധാന കല്പന ഏത് എന്ന ചോദ്യവുമായി ഈശോയെ സമീപിക്കുന്നതാണ്. തുടർന്നു വരുന്ന ഭാഗത്ത് ഈശോ ഫരിസേയരോടു ചോദിക്കുന്ന ചോദ്യവും അവരുടെ മറുപടിയുമാണ് വിവരിക്കുന്നത്. ഈശോ ഫരിസേയരോടു ചോദിക്കുന്നത് നിങ്ങൾ മിശിഹായെക്കുറിച്ച് എന്തു വിചാരിക്കുന്നു? അവൻ ആരുടെ പുത്രനാണ്? എന്നാണ്. യഹൂദന്മാരുടെ ഇടയിൽ വരാനിരിക്കുന്ന മിശിഹായെക്കുറിച്ചു പ്രതീക്ഷയുണ്ടായിരുന്നു. ഫരിസേയരുടെ മിശിഹാ പ്രതീക്ഷ എന്താണ് എന്നാണ് ഈശോ ചോദിക്കുന്നത്.

ഏശയ്യ 11,1–9; ജറെമിയ 23,5; എസക്കിയേൽ 34,23 എന്ന വചനങ്ങളുടെ വെളിച്ചത്തിലായിരിക്കണം, ഫരിസേയർ മറുപടി പറയുന്നു: ദാവീദിന്റെ പുത്രൻ. ഇസ്രായേലിന്റെ വിമോചകനായ മിശിഹാ ദാവീദിന്റെ വംശത്തിൽ വരും എന്നത് യഹൂദരുടെ വിശ്വാസത്തിന്റെയും പ്രതീക്ഷയുടെയും ഭാഗമായിരുന്നു. ബാബിലോണിയൻ അടിമത്തത്തിനുശേഷം ഇസ്രായേലിനു സ്വന്തമായ രാജാക്കന്മാർ ഇല്ലാതിരുന്ന അവസരത്തിൽ യഹൂദർ സങ്കീർത്തനപ്പുസ്തകത്തിലെ രാജകീയസിംഹാസനങ്ങളോടനുബന്ധിച്ചുള്ള സങ്കീർത്തനങ്ങളെല്ലാം വരാനിരിക്കുന്ന മിശിഹായുമായി ബന്ധപ്പെടുത്തിക്കാണാനും വ്യാഖ്യാനിക്കാനും പ്രാർഥിക്കാനും തുടങ്ങിയിരുന്നു.

110-ാം സങ്കീർത്തനത്തിൽ 'കർത്താവ് എന്റെ കർത്താവിനോടു പറഞ്ഞു' എന്ന വചനം (110,1) മിശിഹായും കർത്താവും (യാഹ്‌വേയും) തമ്മിലുള്ള സംഭാഷണത്തിന്റെ ഭാഗമായി കരുതിയിരുന്നു. സങ്കീർത്തന കർത്താവ് ദാവീദ് രാജാവായതുകൊണ്ട് ആ സങ്കീർത്തനത്തിൽ കർത്താവ് എന്റെ കർത്താവിനോട് എന്ന പ്രയോഗത്തിൽ മിശിഹായെ സങ്കീർത്തകൻ എന്റെ കർത്താവ് എന്ന് വിളിക്കുകയാണ്. അപ്രകാരം ദാവീദ് മിശിഹായെ കർത്താവ് എന്ന് വിളിക്കുന്നതിലൂടെ മിശിഹാ ദാവീദിനെക്കാൾ വലിയവൻ ആണെന്നു പ്രഖ്യാപിക്കുകയാണ്. അതായത്, ദാവീദിന്റെ വംശത്തിൽ പിറക്കുമെങ്കിലും അവന്റെ രാജത്വം ദാവീദിൽനിന്നല്ല മറിച്ച് അവിടുന്ന് ദൈവത്തിന്റെ അഭിഷിക്തനാണ്. മിശിഹായുടെ രാജത്വത്തിന്റെ പ്രതിരൂപം മാത്രമായിരുന്നു ദാവീദിൽ കാണപ്പെട്ടത്. ഇസ്രായേൽ പ്രതീക്ഷിച്ചിരുന്നതും നിത്യമായി നിലനില്ക്കുന്നതുമായ രാജത്വം മിശിഹായുടെ രാജത്വമായിരുന്നു. പള്ളിക്കൂദാശക്കാലത്ത് തിരുസഭ അനുസ്മരിക്കുന്നത് മിശിഹായുടെ നിത്യമായ ആ രാജത്വത്തിന്റെ പ്രഘോഷണമാണ്.

□

കവിത

പ്രഫ. തോമസ് കണയംപ്ലാവൻ

## പുസ്തകം വായിക്കുവിൻ



പുസ്തകം വായിക്കുവിൻ, പുസ്തകം വായിക്കുവിൻ,
നിസ്തുലജ്ഞാനത്തിന്റെ ശ്രീകോവിൽ തുറക്കുവിൻ!
അവിടെ പ്രവേശിച്ചു, നിത്യസത്യത്തിൻ മുമ്പിൽ
നവമാമുപാസന സാദരമർപ്പിക്കുവിൻ!
വായന, മനുഷ്യനു പൂർണ്ണതയേകീടുന്ന
വായന വെടിയൊല്ലേ,ബുദ്ധിമാന്മാരേ, നിങ്ങൾ
ഓരോരോ സൽഗ്രന്ഥവും, ശ്രേഷ്ഠമൊരാത്മാവിന്റെ
ജീവരക്തത്തെത്തന്നെ നമുക്കായ് സൂക്ഷിക്കുന്നു.
നാമതു പാരായണം ചെയ്യവേയതിൻ ചൂടും
ചൂരുമീ നമുക്കേതും നവമാമൊരുന്മേഷം!
ആശയപുഷ്പങ്ങളു,മാദർശഫലങ്ങളും
പേശലമവയുടെ താളുകൾ സമ്മാനിക്കും
വായിപ്പോൻ വളർന്നീടു,മെങ്കിലോ നിസ്സംശയം
വായനയില്ലാത്തവൻ വളയുമെന്നിങ്ങനെ
കുഞ്ഞുണ്ണിമാഷാം കവി ചൊല്ലിയ വചസ്സുകൾ
നഞ്ഞല്ല, പരമാർത്ഥമാണെന്നു ധരിക്കുവിൻ!
മുത്തച്ഛൻ, പ്രിയമോടെ, തൻപേരക്കിടാങ്ങളെ
മുത്തമിട്ടടുപ്പിച്ചു നെഞ്ചോടു ചേർക്കുംപോലെ,
പുസ്തകങ്ങളെ മുദാ മാറോടു ചേർത്തീടുവിൻ
ചിത്തങ്ങൾ വികസിക്കുവാനവ വായിക്കുവിൻ.
പുസ്തകകീടങ്ങളായ് നിങ്ങളെത്തരംതാഴ്ത്തി
നിസ്ത്രപം പുച്ഛിക്കുന്ന ശത്രുക്കളെല്ലാവരും
നാളെ മസകം താഴ്ത്തും ശബളാഭമായിടും
കോമളശലഭങ്ങളായ് നിങ്ങൾ മാറീടവേ.
അദ്ഭുതതരസം ചേരും വിശ്വമാം മഹാഗ്രന്ഥം
നിത്യവും പഠിക്കണം നമ്മളാദരവോടെ
എങ്കിലുമതുമാത്രം പോരാ, സംഗ്രന്ഥങ്ങളിൽ
തങ്ങുന്ന വെളിപാടും കാണണം പഠിക്കണം.
പക്വമാനസരായി ജീവിതസമരത്തിൽ
ഉത്കൃഷ്ടമൂല്യങ്ങളെ കൈക്കൊള്ളാൻ വിജയിക്കാൻ,
പുസ്തകം വായിക്കുവിൻ, പുസ്തകം വായിക്കുവിൻ
നിസ്തുലജ്ഞാനത്തിന്റെ ശ്രീകോവിൽ തുറക്കുവിൻ.

വൃത്തം: കേക

# കുതിച്ചുപായുന്ന കമ്മിയെ പിടിച്ചുകെട്ടാനാവുമോ?



പ്രിൻസ്‌രാജ്

വറുതികൊണ്ടു പൊറുതിമുട്ടുന്ന കാലത്തു നീക്കിയിരിപ്പ് എന്നതു തികച്ചും അപ്രായോഗികമാണെന്ന കാര്യത്തിൽ തർക്കമില്ല. കഴിഞ്ഞ പത്തുമാസത്തിലേറെയായി ലോകം കൊവിഡ് ഭീതിയിൽ ആണ്ടുകിടക്കുന്ന സാഹചര്യത്തിൽ പ്രത്യേകിച്ചും. മുൻ അനുഭവം ഇല്ലാത്ത ഒരു സ്ഥിതിവിശേഷത്തിലൂടെയാണു ലോകം കടന്നുപോകുന്നത്. അവികസിതമെന്നോ വികസ്വരമെന്നോ വികസിതമെന്നോ അതിവികസിതമെന്നോ ഭേദമില്ലാതെ എല്ലാ രാജ്യങ്ങളും സാമ്പത്തികപ്രതിസന്ധിയിലാണ്. അതിനേക്കാളുപരി അതുവഴി രൂപംകൊണ്ട സാമൂഹികാസ്ഥിരതയെ എങ്ങനെ അഭിമുഖീകരിക്കണം എന്ന വ്യാകുലത ലോകത്തെ എല്ലാ ഭരണകൂടങ്ങളെയും അലട്ടുന്നു. സർവ്വമാനഭേദവിചാരങ്ങളെയും ഉന്മൂലനം ചെയ്യുന്ന പ്രകൃതിയുടെ കാവ്യനീതി എന്നൊക്കെ കൊവിഡ് മഹാമാരി വിശേഷിപ്പിക്കപ്പെട്ടുവെങ്കിലും മാനവരാശി കണ്ട ഏറ്റവും ദുർഗ്രഹവും ദൈർഘ്യമേറിയതും സാർവത്രികവുമായ ഒരു പ്രതിസന്ധിഘട്ടമാണ് ഇത് എന്നതു നിസ്തർക്കമാണ്.

ഇന്നേവരെയുള്ള സ്ഥിതിവിവരക്കണക്കുപ്രകാരം 82 ലക്ഷം കടന്നിരിക്കുന്നു രാജ്യത്തെ കൊവിഡ് ബാധിതർ. മരണത്തിനു കീഴടങ്ങിയവരാവട്ടെ 12.3 ലക്ഷത്തോളവും. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾപോലെ നൂറ്റാണ്ടുകൾ പിന്നിട്ടാലും ചർച്ച ചെയ്യപ്പെടുന്ന, ഭീതിയോടെ ഓർമ്മിക്കപ്പെടുന്ന ഒരു ചരിത്രസന്ധിയായി കൊവിഡ് വ്യാപനം മാറും എന്നു വ്യക്തമാക്കുന്നു മേൽകണക്കുകൾ. കൊവിഡ് ലോകസമ്പദ്‌വ്യവസ്ഥയ്ക്ക് ഏല്പിച്ചിരിക്കുന്ന ആഘാതവും സമാനതയില്ലാത്തതാണ്. ലോകസാമ്പത്തികശക്തികളിൽ ഒന്നായ നമ്മുടെ രാജ്യവും അതിൽനിന്നു മുക്തമല്ല. കൊവിഡ് മഹാമാരിമൂലം ഏറ്റവുമധികം പ്രതിസന്ധിയിലായ സംസ്ഥാനങ്ങളിലൊന്നാണു നമ്മുടെ കേരളം. പ്രവാസിസമൂഹം രാജ്യത്തിന്റെയും ലോകത്തിന്റെതന്നെയും വിവിധ കോണുകളിൽനിന്ന് അയയ്ക്കുന്ന പണത്തെ പ്രധാനമായും ആശ്രയിച്ചുനിൽക്കുന്നതാണു നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ്ഘടന എന്നതുതന്നെ അതിനു കാരണം. വിദേശരാജ്യങ്ങളിൽനിന്നു രണ്ടു ലക്ഷത്തിലേറെ പേരാണ് വന്ദേ ഭാരത് ദൗത്യത്തിന്റെയും മറ്റും ഭാഗമായി രായ്ക്കുരാമാനം തൊഴിലും സമ്പാദ്യവുമൊക്കെ വിട്ടെറിഞ്ഞു നാടണഞ്ഞത്. അന്യസംസ്ഥാനങ്ങളിൽനിന്നു മടങ്ങിയെത്തിവരുടെ എണ്ണംകൂടി ചേർത്താൽ കുറഞ്ഞത് ആറു ലക്ഷം പ്രവാസികൾ വരുമാനം നിലച്ചു നാട്ടിലുണ്ട്. അവരിൽ ഭൂരിപക്ഷത്തിനും തൊഴിൽ നഷ്ടമായിക്കഴിഞ്ഞു. ഇനിയെന്ത് എന്ന വലിയ ചോദ്യവുമായാണ് അവർ ഇവിടെ കഴിയുന്നത്. അവരിലൂടെ നമ്മുടെ നാട്ടിലേക്ക് എത്തിയിരുന്ന കോടിക്കണക്കിനു രൂപയുടെ ഒഴുക്കും നിലച്ചിരിക്കുന്നു.



സംസ്ഥാനത്തെ വാണിജ്യ-വ്യാവസായിക-നിർമ്മാണ-സേവനമേഖലകളിലെല്ലാം സ്തംഭനാവസ്ഥ പ്രകടം. സാമ്പത്തികവർഷത്തിന്റെ മധ്യത്തോടുകൂടി മാത്രമേ പ്രതിസന്ധിയുടെ രൂക്ഷത പൂർണതോതിൽ മറനീക്കുകയുള്ളൂ. എങ്കിലും വരാനിരിക്കുന്നത് അതീവഗുരുതരപ്രതിസന്ധികാലമെന്ന മുന്നറിയിപ്പ് സാമ്പത്തികവിദഗ്ധർ പഠനങ്ങളുടെ അടിസ്ഥാനത്തിൽ നൽകിക്കഴിഞ്ഞു. അതിൽ എടുത്തുപറയേണ്ട ഒരു റിപ്പോർട്ടാണ് സംസ്ഥാന ധനസെക്രട്ടറി ആർ. കെ. സിങ്ങും ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് അസോസിയേറ്റ് പ്രഫസർ എൽ. അനിതാകുമാരിയും ചേർന്നു തയ്യാറാക്കിയത്. ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള, ഈ സാമ്പത്തികവർഷത്തെ ആദ്യനാലുമാസത്തെ മാത്രം കമ്മി 10578 കോടി രൂപയാണത്രേ. വരവും ചെലവും തമ്മിലുള്ള അന്തരമാണു കമ്മി. കഴിഞ്ഞ സാമ്പത്തികവർഷം ഇതേ കാലയളവിലെ ജി.എസ്.ടി. വരുമാനം 7342 കോടി രൂപയായിരുന്നു. ഇത്തവണ അത് 4779 കോടി. ഇടിവ് 2563 കോടി. തനതു നികുതിവരുമാനത്തിലും സാരമായ കുറവാണുണ്ടായത്.

കഴിഞ്ഞ സാമ്പത്തികവർഷം ഏപ്രിൽ-ജൂലൈ പീരിഡിൽ 2803 കോടി രൂപ ആയിരുന്നു തനതു നികുതിയായി ലഭിച്ചതെങ്കിൽ ഇപ്രാവശ്യം അതു കേവലം 581 കോടി. 80 ശതമാനത്തിന്റെ കുറവ്. ലോട്ടറിയിൽനിന്ന് ഉൾപ്പെടെയുള്ള വരുമാനം നിലച്ചതാണു കാരണം. വരുമാനത്തിൽ ഭീമമായ ഇടിവുണ്ടായതിനെത്തുടർന്ന് മറ്റു സംസ്ഥാനങ്ങൾ ഒന്നടങ്കം ക്ഷേമപ്രവർത്തനങ്ങൾ കാര്യമായ തോതിൽ വെട്ടിച്ചുരുക്കിയിരുന്നു. എന്നാൽ, കേരളമാകട്ടെ ക്ഷേമപെൻഷനുകൾ അടക്കമുള്ളവ ലഭ്യമാക്കുകയാണു ചെയ്തത്. സൗജന്യഭക്ഷ്യക്കിറ്റ് വിതരണമുൾപ്പെടെയുള്ള വലിയ പദ്ധതികൾ വേറേയും. തൽഫലമായി സാധാരണയിൽക്കവിഞ്ഞ ചെലവാണ് സർക്കാരിനുണ്ടായത്. അതുമൊക്കെ കമ്മി റെക്കോർഡുകൾ ഭേദിച്ചു മുന്നേറുന്നതിനു കാരണമായി. കൊവിഡ് ഭീതി എന്നൊഴിയും എന്ന് ഇപ്പോഴും വ്യക്തമല്ല. കൊവിഡ് വാക്സിൻ എന്നു ലഭ്യമാകുമെന്നും ഉറപ്പില്ല. അതുകൊണ്ടുതന്നെ സമ്പദ്‌വ്യവസ്ഥ എപ്പോൾ പൂർണസജീവത കൈവരിക്കുമെന്നും ആർക്കും പറയാനാവില്ല. ഒന്നുറപ്പാണ്. കൊവിഡ് ചെറുതല്ലാത്ത ഒരു കാലത്തേക്കുകൂടി നമുക്കൊപ്പം ഉണ്ടാകും. കൊവിഡിന്റെ സാന്നിധ്യത്തിൽത്തന്നെ സമ്പദ്ഘടന ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചാണു ചിന്തിക്കേണ്ടതെന്ന് അഭിപ്രായമുള്ള സാമ്പത്തികവിദഗ്ധരും ഉണ്ട്. എന്തായാലും ഒരു വലിയ ചോദ്യം ലോകത്തെ എല്ലാ ഭരണകൂടങ്ങളും അഭിമുഖീകരിക്കുന്നു. കുതിച്ചുപായുന്ന കമ്മിയെ പടിച്ചുകെട്ടാനാവുമോ?

# ജെസിബി പുരസ്കാരം എസ്. ഹരീഷിന്

## 'മീശ' നോവലിന്റെ പരിഭാഷിക ജയശ്രീ കളത്തിലിനും അംഗീകാരം



ന്യൂഡൽഹി: രാജ്യത്തെ ഏറ്റവും ഉയർന്ന സമ്മാനത്തുക നൽകുന്ന (25 ലക്ഷം രൂപ) ജെസിബി സാഹിത്യ അവാർഡ് എസ്. ഹരീഷിന്. 'മീശ' എന്ന നോവലിന്റെ ഇംഗ്ലീഷ് പരിഭാഷ 'മസ്റ്റാഷ്' ആണു പുരസ്കാരത്തിന് അർഹമായത്. ഇതിന്റെ പരിഭാഷ തയ്യാറാക്കിയ ജയശ്രീ കളത്തിലിന് സമ്മാനത്തുകയിൽനിന്ന് പത്തുലക്ഷം രൂപ ലഭിക്കും. ലണ്ടനിൽ സർവൈവർ റിസർച്ച് എന്ന സ്ഥാപനം നടത്തുന്ന ജയശ്രീ കോട്ടയ്ക്കൽ സ്വദേശിനിയാണ്.

രണ്ടാം തവണയാണ് ജെസിബി പുരസ്കാരം മലയാളത്തിലെത്തുന്നത്. 2018 ൽ പ്രഥമ ജെസിബി പുരസ്കാരത്തിന് ബെന്യാമിൻ അർഹനായിരുന്നു.



ജയശ്രീ കളത്തിൽ



കവിത
കാരിത്തടം വർക്കി

# അമ്മ

പത്തുമാസം ചുമന്നെന്നേ വളർത്തിയ
പത്തരമാറ്റുള്ള തങ്കമേ നീ
പത്തും പലതുമില്ലെന്നു പറഞ്ഞിട്ട്
പട്ടിണി കൂടാതെ പോറ്റിയില്ലേ.

വാരിത്തരുന്നൊരുരുളയിലൊക്കെയും
വാരിധിപോലുള്ള സ്നേഹമുണ്ട്
വാരിപ്പുണരുന്ന ചുംബനങ്ങൾക്കൊക്കെ
വാർമഴ വില്ലിന്റെ വർണ്ണമുണ്ട്

താരാട്ടുപാടിയുറക്കിയനേരത്ത്
താളം പിടിച്ചൊരാ കൈകളിന്ന്
താളം നിലച്ചൊരു തന്ത്രികൾ പോലഹോ
താനേ ചലിക്കുവാൻ വെമ്പിടുന്നു

ഉണ്ണിക്കഥകൾ പറഞ്ഞു രസിപ്പിച്ച്
ഉണ്ണിക്കുടവയർ നീ നിറച്ചു
ഉണ്ണാതുറങ്ങാതെ നീയിരുന്നപ്പോഴും
ഉണ്ണിയെ ഊട്ടിയുറക്കിയില്ലേ.

പിച്ചവെയ്ക്കുംനേരം പിഞ്ചിളം കാലുകൾ
വേച്ചുപോകാതെ നീ കാത്തതല്ലേ.
കുഞ്ഞിളം കൈകളിൽ സൂക്ഷിച്ച മാമ്പഴം
കാക്കകൊത്താതെ നീ നോക്കിയില്ലേ

ആദ്യമായ് ചൊല്ലിയോരെൻവാക്കിനിപ്പോഴും
ആലിപ്പഴത്തിന്റെ നേർമ്മയുണ്ട്
ആരും ആറിയാതെ എൻകാതിൽ ചൊല്ലി നീ
അമ്മതൻ മുത്തല്ലേ നീയുറങ്ങ്

അമ്മയെന്നുള്ളോരു രണ്ടക്ഷരത്തിന്റെ
അർത്ഥം പറയുവാനാർക്കറിയാം
അമ്മയായീടണം അർത്ഥം അറിയുവാൻ
അമ്മടിത്തട്ടിലുറങ്ങി നമ്മൾ

# സോറിയാസിസ് നിയന്ത്രിക്കാൻ




ഡോ. അമൃത എലിസബത്ത് വർഗീസ്

**സോ**റിയാസിസ് എന്നു കേൾക്കുമ്പോഴേ നമ്മുടെ ഉള്ളിൽ പെട്ടെന്നൊരു ഭീതി ഉണ്ടാകും. സോറിയാസിസിനെ ഭയപ്പെടേണ്ടതുണ്ടോ? കൃത്യസമയത്തു രോഗനിർണ്ണയം നടത്തി ശരിയായ ചികിത്സ എടുത്താൽ സോറിയാസിസിനെ നമുക്കു നിയന്ത്രിക്കുവാൻ സാധിക്കും.

**എന്താണ് സോറിയാസിസ്?**
നാമെല്ലാവരിലും സാധാരണഗതിയിൽ എല്ലാ നാല്പത് – അറുപത് ദിവസം കൂടുമ്പോഴും പുതിയതായി സ്കിൻ ഉണ്ടാകുന്നുണ്ട്. അതിനനുസരിച്ചു പഴയത് കൊഴിഞ്ഞുപോകുന്നു. സോറിയാസിസ് ഉള്ള ഒരാൾക്ക് എല്ലാ 4 – 5 ദിവസം കൂടുമ്പോഴും പുതിയതായി സ്കിൻ വരുന്നു. പുതിയതു വരുന്നതിനനുസരിച്ചു പഴയതു പോകാതെ നിൽക്കുന്നു. അതിന്റെ ഫലമായി ഒന്നിന്റെ മുകളിൽ ഒന്നായി പാളികളായി പൊറ്റപോലെ കട്ടിയായി വരുന്നു (മീൻചെതുമ്പൽ പോലെ). സോറിയാസിസ് ഒരിക്കലും ഒരാളിൽനിന്നു മറ്റൊരാളിലേക്കു പകരുകയില്ല. ഇത് മഞ്ഞുകാലത്തു കൂടുതലാവുകയും, വേനൽക്കാലത്തു കുറഞ്ഞുനിൽക്കുകയും ചെയ്യുന്നു.

**എന്തുകൊണ്ട് സോറിയാസിസ് ഉണ്ടാകുന്നു?**
സോറിയാസിസ് പാരമ്പര്യമായി വരാം. മാനസികപിരിമുറുക്കം, ചില മരുന്നുകളുടെ പാർശ്വഫലങ്ങൾ, അമിതമായ പുകവലി, മദ്യപാനം തുടങ്ങിയവയെല്ലാം ഇതിനു കാരണമാകുന്നു.

പിന്നെയുള്ളത് UVB രശ്മികൾ ഉപയോഗിച്ചുള്ള ലൈറ്റ് തെറാപ്പി (Photo therapy) ആണ്. ഏറ്റവും പുതിയതായി വന്നിരിക്കുന്ന ചികിത്സ ബയോളജിക്കൽസ് ആണ്. ദിവസേന കഴിക്കാനുള്ള ഗുളികകളായും ആഴ്ചതോറുമുള്ള ഇൻജക്ഷനുകളായും ചികിത്സ നല്കുന്നുണ്ട്. ബയോളജിക്കൽ കൂടുതലും ചെറുപ്പക്കാരിലും മധ്യവയസ്കരിലുമാണ് കൊടുക്കുന്നത്. ഈ ചികിത്സ കൊണ്ട് കുറെയേറെ സമയത്തേക്ക് സോറിയാസിസിനെ നിയന്ത്രിക്കുവാൻ സാധിക്കും.



**സോറിയാസിസ് പലതരത്തിലുണ്ട്**
1. സ്കാൾപ് സോറിയാസിസ് (തലയോട്ടിയിൽ മാത്രം)
2. നെയ്ൽ സോറിയാസിസ്
3. കണ്ണിനു ചുറ്റും
4. ദേഹം മുഴുവനും
5. സോറിയാട്ടിക് ആർത്രൈറ്റിസ്

**സോറിയാസിസിനു ചികിത്സ ലഭ്യമാണോ?**
തീർച്ചയായും ഈ രോഗത്തിനു ചികിത്സ ലഭ്യമാണ്. 20% ൽ താഴെയാണ് ബാധിക്കുന്നതെങ്കിൽ പുറമേ പുരട്ടാനുള്ള ലേപനങ്ങൾമാത്രം മതി. അതിനു മുകളിലാണെങ്കിൽ ഉള്ളിലേക്കു കഴിക്കാൻ മരുന്നുകളും വേണ്ടിവരും.

സോറിയാസിസിനെ നിസ്സാരമായി കാണാതെ അതിനു വേണ്ട ശരിയായ മരുന്നുകൾ ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം ശരിയായ രീതിയിൽ എടുത്താൽ ഈ രോഗം നമുക്ക് ഒരു പരിധിവരെ നിയന്ത്രിക്കുവാൻ സാധിക്കും.

ലേഖിക പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെ Dermatology & Cosmetology കൺസൾട്ടന്റാണ്.

ജോൺ ജെ. പുതുച്ചിറ

# കവിക്ക് ഒരു ചരമഗീതം

**ക**വി നിസ്സാരനായിരുന്നില്ല, ആധുനികകവിതയുടെ ശക്തനായ വക്താവായിരുന്നു അദ്ദേഹം.

ആകാശത്തെയും ഭൂമിയെയും ഈ ലോകത്തുള്ള സകലതിനെയും അക്ഷരങ്ങൾകൊണ്ട് അമ്മാനമാടിയിരുന്നു അദ്ദേഹം.

സാഹിത്യത്തിലെയും സമൂഹത്തിലെയും സകലതിനെയും ചോദ്യം ചെയ്യുകയും നിഷേധിക്കുകയും ചെയ്യുന്നതിലൂടെ അദ്ദേഹം സകലരുടെയും ശ്രദ്ധനേടി. വിശിഷ്യാ, യുവതലമുറയുടെ കയ്യടി നേടി.

കവി ഗർജ്ജിച്ചപ്പോൾ കലാകേരളം നടുങ്ങി.

കവി മൗനം പാലിച്ചപ്പോൾ ആരാധകർ തേങ്ങി.

തെരുവുനാടകങ്ങളിലും ബുജീ സമ്മേളനങ്ങളിലും കവിത ചൊല്ലിയപ്പോൾ കവി ആധുനികനുമായി.

അവാർഡുകൾ കവിക്ക് നൃത്തസമാനമായിരുന്നു.

അവ നിഷേധിച്ചപ്പോൾ ആ നിലയിലും കൂടുതൽ ശ്രദ്ധയും പ്രശംസയും പിടിച്ചുപറ്റി.

മലയാളസിനിമയിലെ ജോൺ എബ്രാഹത്തെയും കാവ്യലോകത്തെ എ. അയ്യപ്പനെയും ചിത്രകാരനായ കാനായിയെയും അനുസ്മരിപ്പിക്കുന്നതായിരുന്നു അവന്റെ നാട്യങ്ങൾ.

കാലം അങ്ങനെ കടന്നുപോകവേ –

ടി.വി. വന്നു.

ചാനലുകൾ വന്നു.

സീരിയലുകൾ വന്നു.


ആ സീരിയലുകാരിൽ ആരോ അതിന്റെ അവതരണഗാനമെഴുതാൻ കവിയെ തേടിവന്നു.

അങ്ങനെ കവി കണ്ണീർസീരിയലിന് ഗാനമെഴുതിക്കൊടുത്തു.

പണ്ട് മലയാളസിനിമയിൽ തുണിപറിച്ചാടിയവളായിരുന്നു സീരിയലിലെ നായിക.

ഇപ്പോൾ മദ്ധ്യവയസ്കയാണെങ്കിലും അംഗവടിവിനു കുറവില്ല.

അവളെ കണ്ടതും കവിയിലെ സൗന്ദര്യാരാധകൻ ആ കാൽക്കീഴിൽ വീണു.



അവിടെ കിടന്നുകൊണ്ട് കാച്ചിക്കൊടുത്തു, കവി നായികയെക്കുറിച്ച് ഒരു സ്തുതിഗീതം.

നായിക പ്രസാദിച്ചു.

സീരിയലിൽ കവിക്ക് ഒരു ചെറു വേഷം.

നായികയുടെ മറ്റു ചില അനന്തസീരിയലുകളിൽ തുടരൻ വേഷവും.

ഒരു നടൻ ജനിക്കുകയായിരുന്നു.

കവി മരിക്കുകയും!!

പ്രണയപാഠാവലി (61)

# അനുകരണത്തിന്റെ വേഷപ്പകർച്ചകൾ



ഡോ. ആന്റണി ജോസ്

**വ്യ**ക്തിത്വം ആശയങ്ങളുടെയും കാഴ്ചപ്പാടുകളുടെയും കണ്ണാടിയാണ്. സംസാരം, പ്രവൃത്തി, പ്രതികരണം – ഇതെല്ലാം അതിനുള്ള അളവുകോലുകളാണെന്നു കാണാം. 'സ്വന്തമായ വ്യക്തിത്വമുള്ളവൻ' എന്നൊരാളെക്കുറിച്ചു പരാമർശിക്കുമ്പോൾ, അനന്യമായ എന്തോ ഒന്ന് അവൻ സംവഹിക്കുന്നു എന്നു കരുതണം. അത് നീണ്ട കാലയളവുകളിലെ അനുഭവജ്ഞാനത്തിലൂടെ ആർജ്ജിച്ചതാവാനേ വഴിയുള്ളൂ.

ഇതിൽനിന്നു വ്യത്യസ്തമായി രൂപകല്പന ചെയ്യപ്പെടുന്ന വ്യക്തിത്വങ്ങളുമുണ്ട്. ആശയാഗിരണമാണ് അതിന്റെ മുഖമുദ്ര.



ഭാര്യയോ ഭർത്താവോ ആശയാഗിരണത്തിനു തുനിയാം. ചില ആശയങ്ങളോ അതിന്റെ പ്രണേതാക്കളായ വ്യക്തികളോ ആയിരിക്കും ഇവരെ സ്വാധീനിക്കുക.

ഭർത്താവിന്റെ ആശയാവിഷ്കാരവും പെരുമാറ്റവും ഒരു പ്രത്യേക രാഷ്ട്രീയനേതാവിനെ അനുസ്മരിപ്പിക്കുന്നുവെങ്കിൽ, ഭാര്യ ശുണ്ഠി പിടിച്ചെന്നിരിക്കും. 'ഓരോ വേഷം കെട്ടലുകൾ' – അവൾ പിറുപിറുത്തേക്കാം.

പക്ഷേ, അയാൾക്കതു മനസ്സിലാകണമെന്നില്ല. സ്വന്തം സ്വത്വശക്തികൊണ്ട് പ്രതിബന്ധങ്ങളെ മറികടക്കാൻ പ്രാപ്തിയില്ലാത്തതുകൊണ്ടാണല്ലോ മറ്റൊരാളുടെ സ്വത്വബോധത്തെ കവർന്നെടുക്കേണ്ടിവരുന്നത്. അതായത്, വേറൊരാളിലൂടെ ആത്മാവിഷ്കാരം തേടുക എന്ന കുറുക്കുവഴി. ഇത് ആശയാഗിരണം എന്ന മനസ്സിന്റെ പ്രതിരോധതന്ത്രമാകുന്നു.

കൾട്ട്, മിസ്റ്റിസിസം, കല, സാംസ്കാരികാവബോധം, മതം, രാഷ്ട്രീയം, തത്ത്വചിന്ത തുടങ്ങിയ മേഖലകളിലൊക്കെ ആശയാഗിരണം നടക്കാറുണ്ട്.

പല രീതിയിൽ ഇതിന്റെ അനന്തരഫലങ്ങൾ ഉണ്ടാകാം.

ഉട്ടോപ്യൻ ആശയങ്ങൾ ജീവസന്ധാരണത്തിന് ഉപകരിക്കപ്പെടില്ലല്ലോ. അപ്പോൾ പങ്കാളിയുടെയും മറ്റു കുടുംബാംഗങ്ങളുടെയും വെറുപ്പിനിരയാകാതെ നിവൃത്തിയില്ല. അറബിക്കഥ എന്ന ചലച്ചിത്രത്തിലെ മുകുന്ദനെ ഓർമ്മിക്കുക.

സ്വന്തം ജീവിതത്തിൽപ്പോലും അനുവർത്തിക്കാൻ സാധിക്കാത്ത നൂതനസങ്കല്പങ്ങൾ കേൾവിക്കാർക്കു ഫലിതമായിത്തീരും. സദസ്സുകളിൽ ജോക്കറായി മാറിയാലും അദ്ഭുതപ്പെടാനില്ല.

മനോഭാവങ്ങൾ മാറ്റി മറ്റുള്ളവരുടെ കുറവുകളെ ഉൾക്കൊള്ളാനുള്ള ഹൃദയവിശാലത കൈവരിക്കുക എന്നത് ഏതൊരു ധ്യാനത്തിന്റെയും പ്രഖ്യാപിതലക്ഷ്യമാണ്. ധ്യാനം കഴിഞ്ഞുവന്ന ഒരു വീട്ടമ്മ പ്രസംഗകനെ ആശയാഗിരണം ചെയ്താലോ? സ്വന്തം കുറവുകൾക്കു നേരേ കണ്ണടയ്ക്കുകയും പങ്കാളിയെ ഉപദേശിക്കുന്നതിലും ഗുണദോഷിക്കുന്നതിലും സദാസമയം വ്യാപൃതയാകുകയും ചെയ്യും! അയാൾ ഒന്നുകൂടി വഷളാകാനാണു സാധ്യത.

ജീവിതത്തിലെ ഗൗരവമുള്ള പ്രശ്നങ്ങൾക്കുനേരേ കണ്ണടയ്ക്കുകയാണല്ലോ, ആശയാഗിരണത്തിലൂടെ നടപ്പിലാകുന്നത്. എന്നാൽ, പിന്നീടത് വലിയ വിനയായിത്തീരുകയാണു പതിവ്. ഇട്ടെറിഞ്ഞുപോന്ന ഉത്തരവാദിത്വങ്ങൾ, പലിശയും കൂട്ടുപലിശയുമടക്കം വേട്ടയാടിക്കൊണ്ടിരിക്കും. അങ്ങനെ പങ്കാളിക്കും മറ്റുള്ളവർക്കും അനഭിമതനായിത്തീരുന്നതോടെ, അയാളുടെ സമ്പൂർണ്ണതകർച്ച തുടങ്ങുകയായി.

അതുകൊണ്ട് രോഗം ഗുരുതരമാകുന്നതുവരെ കാത്തിരിക്കേണ്ട. ദമ്പതിമാർ, പരസ്പരം ഹൃദയങ്ങളുടെ കാവൽക്കാരാകുക.

# ഹൃദ്രോഗസാധ്യത നേരത്തേ കണ്ടെത്താം



ഡോ. ജോർജ് തയ്യിൽ

**ഹാ**ർട്ടറ്റാക്കുണ്ടാകുന്നവരിൽ 90 ശതമാനം രോഗികളും തീവ്രപരിചരണവിഭാഗത്തിൽ എത്തുമ്പോഴാണ് തങ്ങൾക്കുണ്ടായ രോഗാവസ്ഥയുടെ കാഠിന്യത്തെയും സങ്കീർണതകളെയുംപറ്റി ചിന്തിക്കുന്നത്. ലോകത്താകമാനം ഏകദേശം ഒന്നരലക്ഷം പേരാണ് പ്രതിദിനം മരണപ്പെടുന്നതെന്നതാണ് കണക്ക്. ഇതിൽ ഏറ്റവുമധികം ആൾക്കാർ മരിക്കുന്നതു ഹൃദയധമനീരോഗങ്ങൾ കൊണ്ടു തന്നെ (48,742).

ഹൃദ്രോഗസാധ്യതയും അതേത്തുടർന്നുള്ള മരണവും നിയന്ത്രിക്കാൻ ഏറ്റവും മെച്ചം പ്രതിരോധമാർഗ്ഗങ്ങളോ ചികിത്സാപദ്ധതികളോ എന്നതിനെപ്പറ്റി ചർച്ചകളും പഠനങ്ങളും തുടങ്ങിയിട്ട് ദശകങ്ങളായി.

1975 നും 2000 നുമിടയ്ക്കു നടന്ന പല നിരീക്ഷണങ്ങളിലും അസന്ദിഗ്ധമായി തെളിയിക്കപ്പെട്ടത്, കർശനമായി ജീവിതശൈലി ക്രമപ്പെടുത്തുന്നതിലൂടെയും ആപത്ഘടകങ്ങൾ നിയന്ത്രണവിധേയമാക്കുന്നതിലൂടെയും 51 ശതമാനവും വിവിധ ചികിത്സാരീതികളിലൂടെ 40 ശതമാനവും ഹൃദ്രോഗാനന്തരമരണസംഖ്യ കുറയ്ക്കുവാൻ സാധിച്ചു എന്നതാണ്. ഫിൻലണ്ടിൽ നടന്ന ഒരു പഠനത്തിൽ ഹൃദ്രോഗാനന്തരമരണസംഖ്യ 76 ശതമാനത്തോളം കുറയ്ക്കുവാൻ സാധിച്ചത് അപകടഘടകങ്ങളുടെ സമയോചിതമായ നിയന്ത്രണം കൊണ്ടു മാത്രമാണെന്നു കണ്ടെത്തി.

ഹാർട്ടറ്റാക്കും പെട്ടെന്നുള്ള മരണവും 40–50 ശതമാനത്തോളം സംഭവിക്കുന്നത് നേരത്തേ രോഗലക്ഷണങ്ങളൊന്നുമില്ലാത്തവരിലാണെന്ന് പഠനങ്ങൾ സ്ഥിരീകരിക്കുന്നു. അതുകൊണ്ട് രോഗലക്ഷണങ്ങൾ പ്രകടമായിട്ടില്ലാത്തവരെയും ഹൃദ്രോഗസാധ്യതയുള്ളവരെയും നേരത്തേതന്നെ കണ്ടുപിടിച്ച് പ്രാഥമികനടപടികൾ (പ്രൈമറി പ്രിവൻഷൻ) നടത്തുക തികച്ചും അന്വർത്ഥമാണ്. അതിനു പ്രധാനമായി അഞ്ചു കാരണങ്ങളാണുള്ളത്.

1. അനേകരെ കൊന്നൊടുക്കുന്ന സർവ്വസാധാരണവും ഭീതിദവുമായ ഒരു രോഗമായി ഹൃദ്രോഗം മാറിക്കഴിഞ്ഞു.
2. സമുചിതവും കർക്കശവുമായ ജീവിതഭക്ഷണക്രമീകരണങ്ങൾകൊണ്ടും കൃത്യവും സ്ഥിരവുമായ വ്യായാമമുറകൾകൊണ്ടും നിയന്ത്രണവിധേയമാക്കാവുന്നതാണ് ഈ രോഗം.
3. രോഗം വന്നുപെട്ടാൽ അതിന്റെ ലക്ഷണങ്ങൾ പ്രകടമാകാൻ ദീർഘകാലമെടുക്കും.
4. രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങിയാൽ ഹാർട്ടറ്റാക്കോ പെട്ടെന്നുള്ള മരണമോ സംഭവിക്കാനുള്ള കാലയളവ് ഹ്രസ്വമാണ്.
5. ധമനികളിൽ ബ്ലോക്കുണ്ടാകുന്ന പൊതുവായ ജരിതാവസ്ഥ ഗുരുതരമായാൽ ശാശ്വതപരിഹാരമില്ല.

രോഗതീവ്രതയുള്ള ചെറിയ ശതമാനം ആൾക്കാർക്ക് വളരെ ചെലവേറിയ ചികിത്സ നൽകുന്ന സമ്പ്രദായമാണ് ഇന്നു പ്രബലമായട്ടുള്ളത്. രോഗാതുരതയിലേക്കു വലിച്ചിഴയ്ക്കുന്ന ആപത്ഘടകങ്ങളെ കാലേകൂട്ടി തിരിച്ചറിഞ്ഞ് അവയെ പിടിയിലൊതുക്കാനുള്ള ക്രിയാത്മകവും ചെലവു കുറഞ്ഞതുമായ പ്രതിരോധനടപടികൾ സ്വീകരിക്കുന്ന പ്രവണത ഇന്ന് നന്നേ കുറവാണെന്നു പറയേണ്ടിയിരിക്കുന്നു. അതിനു തുനിയുന്ന ഭിഷഗ്വരന്മാരും വിരളം. ആൻജിയോപ്ലാസ്റ്റിയും ബൈപ്പാസ് സർജറിയുമെല്ലാം ഗുരുതരമായ രോഗാവസ്ഥയ്ക്കുള്ള ചികിത്സ മാത്രമാണ്. ഈ രണ്ടു ചികിത്സാവിധികളും രോഗംവന്ന കൊറോണറി ധമനികൾ പരിപോഷിപ്പിക്കുന്ന ഹൃദയപേശികളെ പ്രവർത്തനയോഗ്യമാക്കുകയാണു ചെയ്യുന്നത്. രോഗിയിൽ രൂഢമൂലമായിരിക്കുന്ന സമൂലമായ രോഗത്തിനുള്ള ശാശ്വതപരിഹാരമല്ല ഇവയെന്ന് ഓർക്കണം. ഇന്നു ഹൃദ്രോഗചികിത്സാരംഗത്തുള്ള ചികിത്സ നടത്തുന്നത് 90 ശതമാനവും രോഗം മൂർച്ഛിച്ചതിനുശേഷമുള്ളതാണ്.

ഓരോ വ്യക്തിയിലെയും അപകടസാധ്യത അടിസ്ഥാനപരമായി വിലയിരുത്തുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മാർഗ്ഗരേഖകളിൽ എല്ലാംതന്നെ പ്രായം, ലിംഗം, പ്രഷർ, പുകവലി, പ്രമേഹം, കൊളസ്ട്രോൾ തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ, പല നൂതന ആപത്ഘടകങ്ങളും പുതുതായി കണ്ടെത്തിയിട്ടുണ്ട്. സി. റിയാക്ടീവ് പ്രോട്ടീൻ, പാരമ്പര്യപ്രവണത, മാനസികസംഘർഷം, ഹീമോഗ്ലോബിൻ എ വൺ സി ഇവയെല്ലാം ഓരോ തരത്തിൽ ഹൃദ്രോഗസാധ്യതയെ ഉദ്ദീപിപ്പിക്കുന്നു.

അപകടഘടകങ്ങളുടെ പ്രസക്തി വിലയിരുത്താൻ ആദ്യമായി സംവിധാനം ചെയ്യപ്പെട്ട പഠനം 'ഫ്രാമിങ്ങാം ഹാർട്ട് സ്റ്റഡി' യാണ്. 1948 ലാണ് ഈ പഠനമാരംഭിച്ചത്. 52 രാജ്യങ്ങളിൽ നിന്നായി 27000 ആൾക്കാരെ ഉൾപ്പെടുത്തി നടത്തിയ അതിബൃഹത്തായ മറ്റൊരു പഠനത്തിൽ (ഇന്റർഹാർട്ട്) ഒൻപത് ആപത്ഘടകങ്ങളുടെ (പുകവലി, രക്താതിമർദ്ദം, പ്രമേഹം, ദുർമേദസ്, വ്യായാമക്കുറവ്, ഭക്ഷണശൈലി, കൊളസ്ട്രോൾ, മദ്യം, സ്ട്രെസ്) അതിപ്രസരം 90 ശതമാനത്തോളം ഹൃദ്രോഗമുണ്ടാക്കുവാൻ ഹേതുവാകുന്നുവെന്നു തെളിഞ്ഞു. ആപത്ഘടകങ്ങളിൽ ഏറ്റവും ശക്തമായ പാരമ്പര്യപ്രവണത നിയന്ത്രണാതീതമായി നിലകൊള്ളുന്നു. മറ്റ് ആപത്ഘടകങ്ങളെ സമയോചിതമായി നിയന്ത്രണവിധേയമാക്കുകവഴി 30 ശതമാനം വരെ ഹൃദ്രോഗം നിയന്ത്രിക്കാം.

കൊവിഡ്-19 വ്യാപനകാലത്ത് മരണപ്പെട്ടവരിൽ നല്ലൊരു ശതമാനം അമിതരക്തസമ്മർദ്ദമുള്ളവരാണ്. അമിതരക്തസമ്മർദ്ദം സമുചിതമായി നിയന്ത്രിക്കപ്പെടാതെപോയാൽ അത് ഹാർട്ടറ്റാക്ക്, ഹൃദയപരാജയം, സ്ട്രോക്ക്, വൃക്കപരാജയം, അന്ധത, മറവിരോഗം തുടങ്ങിയ അവസ്ഥകളിലേക്കു രോഗിയെ വലിച്ചിഴയ്ക്കുന്നു. പ്രഷർചികിത്സയ്ക്കായി വിപണിയിൽ നിരവധി മരുന്നുകൾ ലഭ്യമാണെങ്കിലും സമുചിതമായ പ്രതിരോധമാർഗ്ഗങ്ങളിലൂടെ ഈ 'നിശ്ശബ്ദ കൊലയാളി'യുടെ പിടിവിട്ടു നിൽക്കുന്നതുതന്നെ ഉചിതം. അതിനായി സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ.

1. സമീകൃതാഹാരം കഴിക്കുക. കറിയുപ്പ് കുറഞ്ഞ, ഇന്തുപ്പ് കൂടുതലുള്ള ഭക്ഷണമുറകൾക്കു പ്രാമുഖ്യം കൊടുക്കുക.
2. കൃത്യവും ഊർജ്ജസ്വലവുമായ എയ്റോബിക് വ്യായാമമുറകൾ പരിശീലിക്കുക (നടത്തം, ജോഗിങ്, സൈക്ലിംഗ്, നീന്തൽ, ഡാൻസിംഗ്) ദിവസേന കുറഞ്ഞത് 30–45 മിനിട്ട് വ്യായാമം ആഴ്ചയിൽ ആറു ദിവസമെങ്കിലും ചെയ്യുക.



3. ശരീരഭാരം സന്തുലിതമാക്കുക. ബി.എം.ഐ. 25 ൽ താഴെ നിലനിർത്തണം. 25 ൽ കൂടിയാൽ അമിതഭാരവും 30 ൽ കൂടിയാൽ അപകടകരമായ ദുർമേദസുമായി. പൊക്കവും ഭാരവും തമ്മിലുള്ള അനുപാതമാണ് ബോഡി-മാസ് ഇൻഡക്സ്.
4. മദ്യപാനം പ്രഷർ വർദ്ധിപ്പിക്കാൻ കാരണമാകുന്നു.
5. പുകവലിക്കുമ്പോൾ രക്തസമ്മർദ്ദം കുതിച്ചുകയറുന്നു.
6. സ്ട്രെസ് നിയന്ത്രിക്കപ്പെടാതിരുന്നാൽ സ്ഥിരമായ അമിതരക്തസമ്മർദ്ദമാണ് ഫലം. സ്ട്രെസ് മാനജ്മെന്റ് തെറാപ്പി വളരെ പ്രധാനം. ദിവസേന 7–8 മണിക്കൂർ ഉറങ്ങണം. ഉറക്കക്കുറവ് പ്രഷർ വർദ്ധിപ്പിക്കുന്നതിനുള്ള കാരണമാണ്.

പ്രമേഹവും അമിതരക്തസമ്മർദ്ദവും മിക്കപ്പോഴും ഒരുമിച്ച് സഹവസിക്കുന്നു. പഞ്ചസാരയെ വെളുത്ത വിഷമെന്നാണു വിളിക്കുക. പഞ്ചസാരയും മധുരപലഹാരങ്ങളും അന്നജവുമടങ്ങിയ ആഹാരപദാർത്ഥങ്ങളും ശരീരത്തിലെ ഗ്ലൂക്കോസിന്റെ അളവു വർദ്ധിപ്പിക്കുന്നതിനു കാരണമാകുന്നു. പ്രമേഹരോഗികളിൽ ജനിതകമായ പ്രവണത മുൻപന്തിയിൽ നില്ക്കുന്നു. കൃത്യമായി വ്യായാമം ചെയ്യുക, ഫൈബറടങ്ങുന്ന ഭക്ഷണം കഴിക്കുക, ധാരാളം വെള്ളം കുടിക്കുക, സ്ട്രെസും മാനസികസംഘർഷവും നിയന്ത്രിക്കുക, ചിട്ടയായ ജീവിതശൈലി അവലംബിക്കുക തുടങ്ങിയവയെല്ലാം പ്രമേഹനിയന്ത്രണത്തിന്റെ നെടുംതൂണുകളായി നിലകൊള്ളുന്നു.

മയമുള്ള മെഴുകിന്റെ രൂപഘടനയുള്ള കൊളസ്ട്രോൾ ശരീരത്തിലെ വിവിധ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒന്നാണ്. എന്നാൽ, അധികമായാൽ അതു വില്ലനായി മാറും. കൊളസ്ട്രോളിന്റെ ഉപഘടകമായ സാന്ദ്രത കുറഞ്ഞ എൽ.ഡി.എൽ. കൊളസ്ട്രോൾ ഒരു ശതമാനം കൂടുമ്പോൾ ഹൃദ്രോഗസാധ്യത മൂന്നു ശതമാനം വർദ്ധിക്കുന്നു. അതുകൊണ്ടുതന്നെ ഹൃദ്രോഗമുണ്ടാകാതിരിക്കാനും എൽ.ഡി.എൽ.ന്റെ തോത് കർശനമായി കുറച്ചിരിക്കണം. ഹാർട്ടറ്റാക്ക് കഴിഞ്ഞവർക്ക് 55 മില്ലിഗ്രാം ശതമാനത്തിൽ കുറഞ്ഞിരിക്കണമെന്നാണ് പുതിയ നിർദ്ദേശങ്ങൾ സൂചിപ്പിക്കുന്നത്. ഇനി ഹൃദ്രോഗസാധ്യത കുറച്ചാൽ അത് നൂറിൽ താഴെയായിരിക്കുകയും വേണം.

കൊളസ്ട്രോൾ രക്തത്തിൽ കുറയ്ക്കേണ്ടത് എങ്ങനെയെന്നതിനെപ്പറ്റി പല ദുരൂഹതകളുമുണ്ട്. തീർച്ചയായും സർവ്വശക്തനായ സ്റ്റാറ്റിൻമരുന്നുകൾ നെടുംതൂണുകളായി നില്പുണ്ട്. എന്നാൽ, ഔഷധങ്ങൾ കൂടാതെയുള്ള നിയന്ത്രണംതന്നെ നന്ന്. പൂരിതകൊഴുപ്പും ട്രാൻസ്ഫാറ്റുകളും കുറച്ച്, പഴങ്ങളും പച്ചക്കറികളും ധാന്യങ്ങളുമടങ്ങുന്ന ഭക്ഷണപദാർത്ഥങ്ങൾ കൂടുതലായി കഴിച്ച്, ഫൈബറടങ്ങുന്ന ആഹാരപദാർത്ഥങ്ങൾക്കു പ്രാധാന്യം കൊടുത്ത്, കൃത്യമായി വ്യായാമം ചെയ്ത് ശരീരത്തിലെ കൊളസ്ട്രോൾ നിയന്ത്രിക്കുവാൻ സാധിക്കും. പാരമ്പര്യപ്രവണതകൾമൂലം വർദ്ധിച്ച കൊളസ്ട്രോൾ ഉള്ളവർക്ക് മിക്കപ്പോഴും ഔഷധങ്ങളെ അഭയം പ്രാപിക്കേണ്ടി വരും. ശരീരഭാരം വർദ്ധിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. പുകവലി വേണ്ട. ഒമേഗ 3 ഫാറ്റി അമ്ലങ്ങൾ അടങ്ങുന്ന കടൽമത്സ്യം ഏറെ പ്രയോജനം ചെയ്യും.

ഹൃദ്രോഗം, പ്രമേഹം, അമിതരക്തസമ്മർദ്ദം, വർദ്ധിച്ച കൊളസ്ട്രോൾ എന്നീ രോഗാവസ്ഥകൾക്ക് ജനിതകമായ പ്രവണത ഏറെ സ്വാധീനം ചെലുത്തുന്നു. പാരമ്പര്യസഹജമായ പ്രവണതകൾ ചികിത്സിച്ചുമാറ്റാൻ സാധിക്കുകയില്ലെങ്കിലും കർശനമായി മറ്റ് ആപത്ഘടകങ്ങൾ ക്രമീകരിക്കുന്നതിലൂടെ അവയ്ക്കും ജനിതകമാറ്റം സംഭവിക്കാമെന്നും അതുവഴി രോഗത്തിന്റെ രൂക്ഷത കുറയ്ക്കാമെന്നും പുതിയ ജനിതകപഠനങ്ങൾ തെളിയിക്കുന്നു. അച്ഛന് 55 വയസ്സിനു താഴെയും അമ്മയ്ക്ക് 60 വയസ്സിനു താഴെയും ഹാർട്ടറ്റാക്കുണ്ടായാൽ മക്കൾക്ക് അതുണ്ടാകാനുള്ള സാധ്യത ഏറി നിൽക്കുന്നു. ഇക്കൂട്ടർ രോഗസാധ്യതയെ ചെറുക്കേണ്ടത് മറ്റ് ആപത്ഘടകങ്ങൾ കർശനമായി നിയന്ത്രിച്ചും കൃത്യമായി വ്യായാമങ്ങളിലേർപ്പെട്ടുമാണ്. എന്നാൽ ഇതര ജനിതകഹൃദ്രോഗാവസ്ഥകളായ ഹൈപ്പർട്രോഫിക് കാർഡിയോ മയോപ്പതി, ലോങ്ക്യുറ്റി സിൻഡ്രോം, ഫമീലിയൻ ഹൈപ്പർ കൊളസ്റ്ററോളേമിയ തുടങ്ങിയവ പ്രതിരോധമാർഗ്ഗങ്ങൾക്ക് വഴിപ്പെടാതെ നിൽക്കുന്നു.

*(ലേഖകൻ എറണാകുളം ലൂർദ്ദ് ആശുപത്രിയിലെ ഹൃദ്രോഗവിദഗ്ധനാണ്.)*

Deepanalam Weekly
RNI No : 16998/68
Vol. 53 No. 28 Date of Publication 12 November 2020
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2018-2020
License No.KL/CR/KTM/WPP-04/2018-2020
Licensed to post without pre-payment

സെന്റ് തോമസ് പ്രസ്സ് പാലാ

# ഇലക്ഷൻ പ്രചാരണാർത്ഥം
ഓൺലൈൻ പ്രമോഷൻ, പ്രിന്റിംഗ് പോസ്റ്റർ, നോട്ടീസ്, ലഘുലേഖകൾ തുടങ്ങിയവ കൃത്യസമയത്ത് തയ്യാറാക്കി നൽകുന്നു.

MULTI-COLOUR OFFSET PRINTING & CTP
POSTER DESIGNING
DIGITAL LAZER PRINTING
BINDING
LAMINATION
SCREEN PRINTING



## ST. THOMAS PRESS, PALA

04822 212321, 9496613275
stpresspala@gmail.com
stpresspalai@gmail.com

- GRAPHIC DESIGN
- COMPOSITION
- FILE RE-WORK
- COMPLETE BINDERY
- PROMO PRODUCTS
- MANUALS
- ENVELOPES
- BUSINESS CARDS
- BROCHURES
- CARBONLESS FORMS
- DIGITAL COLOUR
- BLACK DIGITAL COPIES
- LARGE FORMAT PRINTING
- BANNERS
- FLYERS
- OFFICE FORMS
- CALENDAR
- DIARY
- POST CARDS
- LETTER HEADS



# ടേസ്റ്റിറ്റ്
മൈക്രോഫിൽറ്റർ ചെയ്ത ശുദ്ധമായ നാടൻ വെളിച്ചെണ്ണ
KTS PRODUCTS
ISO 9001-2008 Certified Company
കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം
www.tastitcoconutoil.com
E-mail: kunneloilmils@yahoo.com
Customer Care No: 04822262835

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



# മൂഴയിൽ ജൂവലറി
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
## മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269
100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

# കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



അയർക്കുന്നം, കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ – റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.com